SINCE 1976

# ഐക്യദീപം

വില ₹10

2019 നവംബർ



## കാരുണ്യത്തിന്റെ മാലാഖ

## വിശുദ്ധ മറിയം ത്രേസ്യ

PUSHPAGIRI
HOSPITAL



60 YEARS OF SERVICE
WE CARE... GOD CURES...

# ACADEMIC PROGRAMMES OF PUSHPAGIRI GROUP OF INSTITUTIONS

## Pushpagiri Medical College

### Super Speciality PG Courses
- M.Ch (Neuro Surgery)
- DM (Cardiology)
- DM (Neurology)

### PG Degree Courses
- MD Anaesthesiology
- MD General Medicine
- MD Dermatology, Venereology & Leprosy
- MD Psychiatry
- MD Respiratory Medicine
- MD Paediatrics
- MS General Surgery
- MS Orthopaedics
- MS Oto-Rhino-Laryngology (ENT)
- MS Obstetrics & Gynaecology
- MD Radiodiagnosis
- MD Community Medicine
- MS Anatomy
- MD Physiology
- MD Pharmacology
- MD Pathology
- MD Microbiology
- MS Ophthalmology

### DNB PG Courses
- DNB (Emergency Medicine)
- DNB (Gastroenterology)
- DNB (Critical Care Medicine)
- DNB (Nephrology)

### Undergraduate Course- MBBS

## Pushpagiri College of Pharmacy
- M. Pharm. (Pharmaceutical Chemistry)
- M. Pharm. (Pharmacology)
- M. Pharm. (Pharmacy Practice)
- Pharm. D.
- Pharm. D. (Post Baccularate)
- B. Pharm.
- B. Pharm. (Lateral Entry)

## Pushpagiri College of Dental Sciences
- MDS Oral & Maxillofacial Surgery
- MDS Prosthodontics
- MDS Periodontics
- MDS Orthodontics
- MDS Endodontics
- MDS Pedodontics
- BDS

## Pushpagiri College of Nursing
- M. Sc. Medical Surgical Nursing
- M. Sc. Mental Health Nursing
- M. Sc. Child Health Nursing
- B. Sc. Nursing

## Pushpagiri College of Allied Health Sciences
- Diploma in Dialysis Technology

Under Christian Medical Association of India (CMAI)
- Diploma in Medical Laboratory Technology
- Diploma in Dialysis Technology
- Diploma in Radio Dialysis Technology
- Diploma in Gastrointestinal Endoscopy Technology
- Diploma in Medical Record Technology
- Diploma in Anaesthesia & Critical Care Technology

## Pushpagiri Training Centre for Overseas Career
CGFNS, IELTS, NCLEX-RN, MOH, HAAD, DHA, PROMETRIC & OET

## Pushpagiri Research Centre
Ph.D. (Medicine & Life Sciences)

PUSHPAGIRI
MEDICAL COLLEGE HOSPITAL

www.pushpagiri.in care@pushpagiri.in +91 944 77 647 22

Tiruvalla




# ഐക്യദീപം

2019 നവംബർ
പുസ്തകം 48 ലക്കം 06

രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ. ജോസഫ് കരിപ്പായിൽ**
**ഫാ. ഏബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

പത്രാധിപസമിതി
**ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്. ഐ. സി.**
**റവ. സി. റാണി മരിയ ഒ. എസ്. എസ്.**
**ലൈജു കോശി കൊട്ടുവിരുത്തിൽ**
**ജയ്സ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹120.00
Single Copy ₹10.00
Overseas : $40.00 or ₹2750

Bank Details :
Chief Editor, Aikyadeem
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
Swift Code : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St.Joseph Press
Kacheripady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

## ഉള്ളടക്കം

**നവമാധ്യമരംഗങ്ങളും ക്രിസ്തുദർശനവും** — 8
ഫാ. സിജോ ചേന്നാടൻ

**കത്തോലിക്കാസഭയിലെ സന്യസ്തർ** — 10
ശ്രീമതി ഗ്രേസി ജേക്കബ്

**കേരളസഭയിലെ പുണ്യസൂനങ്ങൾ** — 12

**Christus Vivit - ക്രിസ്തു ജീവിക്കുന്നു** — 15
ഷാജി തേലപ്പുറത്ത്

**സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികർ** — 20
മോൺ. ചെറിയാൻ താഴമൺ

**പാശ്ചാത്യ പരിവേഷത്തിൽനിന്നും പാവന പൗരോഹിത്യത്തിലേക്ക്** — 28
ഫ്രാൻസിസ് താഴമൺ

**Priestly Life – An Authentic Life of Friendship with Jesus** — 30
Deacon Jobin Thomas

**ഒരു സമർപ്പിതന്റെ സായൂജ്യം** — 32
ബേബിച്ചൻ തെക്കേടത്ത്

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St.John's Metropolitan Cathedral, Tiruvalla-1. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com

## എഡിറ്റോറിയൽ...



# സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ കൃപനിറയുന്ന കുടുംബങ്ങളുമായി മുന്നോട്ട്

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ അസംബ്ലി 2019 ഒക്ടോബർ 8, 9 തീയതികളിൽ 'കൃപനിറയുന്ന കുടുംബങ്ങൾ' (Grace Filling Families) എന്ന വിഷയത്തെ അധികരിച്ച് സഭാ ആസ്ഥാനമായ കാതോലിക്കേറ്റ് സെന്ററിൽ നടന്നു. സഭയുടെ പതിനൊന്ന് ഭദ്രാസനങ്ങളിൽനിന്നും, എക്സാർക്കേററിൽനിന്നുമുള്ള തിരഞ്ഞെടുക്കപ്പെട്ട 201 പ്രതിനിധികൾ പങ്കെടുത്തു. കൃപനിറയുന്ന കുടുംബങ്ങളാണ് ഒരു സഭയുടെ ശക്തിയെന്നും, അതിനാൽ ആധുനിക കാലഘട്ടത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ കുടുംബങ്ങളെ കൃപനിറയുന്ന കുടുംബങ്ങളാക്കി രൂപാന്തരപ്പെടുത്തി മുമ്പോട്ട് പോകണമെന്നും, അതിനാവശ്യമായ കർമ്മപദ്ധതികൾ നടപ്പാക്കണമെന്നും അസംബ്ലിയിൽ തീരുമാനിച്ചു. ഓരോ കുടുംബവും നസ്രത്തിലെ തിരുക്കുടുംബമായി രൂപാന്തരപ്പെടണമെന്നാണ് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ആഗ്രഹിച്ചതും. 1952 സെപ്റ്റംബർ 21 ന് പിതാവ് എഴുതിയ കത്തിൽ ഇപ്രകാരം പറയുന്നു. "നിങ്ങൾ കത്തോലിക്കരായി തീർന്നതിൽ സന്തോഷിപ്പിൻ. മാതാപിതാക്കൾ തങ്ങളുടെ മക്കളെ മിശിഹായ്ക്കുവേണ്ടി വളർത്തുന്നതിൽ ശ്രദ്ധിപ്പിൻ. നസ്രത്തിലെ തിരുക്കുടുംബം പോലെയാകട്ടെ നിങ്ങളുടെ കുടുംബം". കൃപനിറയുന്ന കുടുംബങ്ങളായി മാറുവാൻ കുഞ്ഞുങ്ങൾക്കും, യുവജനങ്ങൾക്കും, കുടുംബസ്ഥർക്കും ആഴമായ വിശ്വാസപരിശീലനം നല്കുക, മൂല്യബോധനം ക്രമീകൃതമായി നല്കുക, ആത്മീയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുക, ദാമ്പത്യവിശ്വസ്തത കാത്തുസൂക്ഷിക്കുക, ജീവന്റെ മഹത്വവും മൂല്യവും ഉയർത്തിപിടിക്കുക, കുടുംബപ്രാർത്ഥന, വി. കുമ്പസാരം, വി. കുർബാന, കൂദാശകൾ, ഞായറാഴ്ച ആചരണം, തിരുനാളുകൾ എന്നിവയിൽ കേന്ദ്രീകൃതമായ കുടുംബജീവിതം പടുത്തുയർത്തുക എന്നിവ ഏറെ പ്രധാനമാണ്.

ഇന്ന് കുടുംബങ്ങളിൽ, മാനുഷിക മൂല്യങ്ങളായ ക്ഷമ, സഹനം, സ്നേഹം, കരുതൽ എന്നിവ കുറഞ്ഞു വരുന്നു. സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളുടെ സ്വാധീനം വർദ്ധിച്ച്, ആശയവിനിമയവും മനുഷ്യബന്ധങ്ങളും കുറയുകയും, കുടുംബബന്ധങ്ങളിൽ വിടവുകൾ സംഭവിക്കുകയും ചെയ്യുന്നു. കുഞ്ഞുങ്ങളുടെ ഭൗതികവിദ്യാഭ്യാസത്തിനു മാത്രം ശ്രദ്ധ കൊടുക്കുന്ന മാതാപിതാക്കൾ, മക്കളുടെ ആത്മീയജീവിതവും വിശ്വാസപരിശീലനവും, മൂല്യാധിഷ്ഠിത ജീവിതത്തിന്റെ പ്രാധാന്യവും മറന്നു പോകുന്നു. ആത്മീയ കാര്യങ്ങളോടുള്ള നിസംഗതയും, ഭൗതിക കാര്യങ്ങളിലുള്ള അമിത താല്പര്യവും, പണത്തോടുള്ള ആർത്തിയും കുടുംബങ്ങളിൽ കൃപനിറയുന്നതിന് തടസ്സങ്ങളാണ്. നിരീശ്വര ചിന്തകളിലും ഭൗതികവാദത്തിലും ചെന്നുപെടുന്നവർ വിശ്വാസജീവിതത്തിൽനിന്ന് വഴിതെറ്റി പോകുന്നു. കുടുംബങ്ങളിൽ ഉണ്ടാകേണ്ട ഒരുമയും, ഐക്യവും, കൂട്ടായ്മയും ഇല്ലാതാകുമ്പോൾ കുടുംബങ്ങൾ ശിഥിലമാകുന്നു. ദാമ്പത്യ അവിശ്വസ്തത, പരസ്പര സംവാദത്തിന്റെയും ആശയവിനിമയത്തിന്റെയും അഭാവം, ഒന്നിച്ചുള്ള കുടുംബപ്രാർത്ഥനയുടെ കുറവ് എന്നിവ ഹൃദയബന്ധങ്ങൾ (heart to heart relation) ഇല്ലാതാക്കുന്നു. ഇന്റർനെറ്റ്, ടിവി, സെൽഫോൺ എന്നിവയുടെ അമിത ഉപയോഗം സ്വാർത്ഥതയിലേക്കും (self centred), ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ നിസംഗതയിലേക്കും വഴിതെളിക്കുന്നു. വേണ്ടത്ര ആത്മീയ ഒരുക്കവും, പരിശീലനവും, പ്രാർത്ഥനാനുഭവവും ഇല്ലാതെ ആരംഭിക്കുന്ന വിവാഹവും കുടുംബജീവിതവും, വിവാഹത്തിന്റെ പരിപാവനതയും ദൈവികപദ്ധതിയും, കൗദാശിക മാനവും ഇല്ലാതാക്കുന്നു. എന്തും അനുവദനീയമാണെന്ന ചിന്ത ഭ്രൂണഹത്യ, ദയാവധം, ആത്മഹത്യ, പീഡനങ്ങൾ, മദ്യപാനം എന്നീ തിന്മകളിലേക്ക് നയിക്കുന്നു. വിവാഹം ഒരു കൂദാശയാണെന്നും, ദൈവത്തിന്റെ ഇടപെടലും ക്രിസ്തുസാന്നിധ്യവും നിരന്തരം അനുഭവിക്കേണ്ട വേദിയാണെന്നും, വിവാഹം ദൈവം യോജിപ്പിച്ച ബന്ധമായതിനാൽ അത് മനുഷ്യൻ വേർപിരിക്കരുതെന്നും, ഏകത്വവും അഭേദ്യതയുമാണ് അതിന്റെ പ്രധാന ഘടകങ്ങളെന്നും, ക്രിസ്തു സഭാബന്ധത്തിലാണ് ഭാര്യാഭർത്താക്കന്മാർ പങ്കുചേരുന്നതെന്നും ബോധ്യപ്പെട്ട് ജീവിക്കേണ്ട ഒരുമയുടെ ജീവിതമാണ് കുടുംബജീവിതം. അതിനാൽ, അതിനുവേണ്ട മാനസികവും, ആത്മീയവും, വിശ്വാസപരവുമായ ഒരുക്കവും പരിശീലനവും, ആഴമായ അറിവും അത്യന്താപേക്ഷിതമാണ്. പെട്ടെന്ന് നടക്കുന്ന വിവാഹങ്ങളിലൂടെ പരസ്പരം അറിയുന്നതിനോ, കൂടുതൽ അന്വേഷണം നടത്തുന്നതിനോ, പരസ്പര പൊരുത്തം മനസ്സിലാക്കുന്നതിനോ സാധിക്കാതെ വരുന്നതിനാൽ വിവാഹമോചനങ്ങളും വർദ്ധിക്കുന്നു. ഒന്നിച്ച് പ്രാർത്ഥിക്കുന്നതിനോ, ഒന്നിച്ച് ഒരേ വിശ്വാസത്തിൽ ജീവിക്കുന്നതിനോ സാധ്യമാണോ എന്നുപോലും അറിയാൻ കഴിയാതെ ആരംഭിക്കുന്ന കുടുംബജീവിതങ്ങളിൽ കൃപനിറയില്ല.

വിവാഹം അതിന്റെ ആത്മീയഭാവവും കൗദാശികമാനവും നഷ്ടപ്പെടുത്തി, വെറും ഭൗതികമായ ആഘോഷങ്ങളായി (Social Event) മാറുന്നു. പള്ളിയ്ക്കുള്ളിലും, പള്ളിക്കു പുറത്തും ഇവന്റ് മാനേജ്മെന്റാണ് കാര്യങ്ങൾ നിശ്ചയിക്കുക, നിയന്ത്രിക്കുക. മാതാപിതാക്കൾ

ക്കുപോലും വലിയ റോൾ ഇല്ലാത്ത സ്ഥിതി. പുരോഹിതന്റെ സാന്നിധ്യമോ പ്രാർത്ഥനയോ ഒക്കെ secondary ആയി മാറുന്ന കാഴ്ചയും നാം കണ്ടുകൊണ്ടിരിക്കുന്നു. ധൂർത്തും ആഡംബരവും, ആവശ്യത്തിലധികമായ സാമ്പത്തിക ചിലവുകളും, സ്ത്രീധനവും, ആവശ്യത്തിലധികമുള്ള വീഡിയോ, ഫോട്ടോഗ്രഫി എന്നിവയും, സ്വർണ്ണത്തിന്റെയും ആഡംബര വസ്ത്രങ്ങളുടെയും എക്സിബിഷനുമൊക്കെയായി മാറുന്നു നമ്മുടെ വിവാഹ ആഘോഷങ്ങൾ. വിവാഹാവസരത്തിൽ ഡ്രസ് കോഡ് നിശ്ചയിക്കേണ്ടതും അടിയന്തിര ആവശ്യമായി വരുന്നു. അതുപോലെ, വിവാഹശേഷവും മക്കളുടെ കുടുംബജീവിതത്തിൽ അമിതമായി ഇടപെടുന്ന മാതാപിതാക്കൾ, അവരുടെ കുടുംബജീവിതത്തിന്റെ സ്വസ്ഥതയെയും, സ്വതന്ത്രമായി ജീവിക്കുവാനുള്ള അവരുടെ സാധ്യതയെയും നശിപ്പിക്കുന്ന പ്രവണതയും കണ്ടുവരുന്നു.


വിവാഹമെന്ന കൂദാശയുടെ അർത്ഥവും ലക്ഷ്യവും കുടുംബജീവിതത്തിൽ നിറവേറ്റുവാൻ ദമ്പതികൾക്ക് സാധിക്കണം. ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ഉപയോഗിക്കുന്നതല്ല വിവാഹജീവിതം. മറിച്ച്, രണ്ടുപേരും ഒന്നാകുന്ന ജീവിതത്തിൽ – ഒരു മനസ്സിന്റെയും ഒരു ഹൃദയത്തിന്റെയും ഒരു ശരീരത്തിന്റെയും ജീവിതത്തിൽ – ഒരാൾ മറ്റൊരാൾക്ക് തന്നെത്തന്നെ സ്വയദാനമായി നല്കുന്നതാണ് യഥാർത്ഥ കുടുംബജീവിതം. ത്രിത്വത്തിലെ മൂന്നാളുകൾ തമ്മിലുള്ള ബന്ധംപോലെ, ക്രിസ്തു സഭയെ സ്വന്തം ജീവൻ നല്കി സ്നേഹിച്ചതുപോലെയുള്ള ജീവിതം നയിക്കുവാൻ ദമ്പതികൾക്ക് സാധിക്കണം. വിവാഹത്തോട് ഏറ്റം അടുത്തു നില്ക്കുന്ന കൂദാശയായ വി. കുർബാനയിൽ കേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കണം. മനുഷ്യരക്ഷയ്ക്കുവേണ്ടി യേശു തന്നെത്തന്നെ നല്കിയതാണ് വി. കുർബാനയെങ്കിൽ, പരസ്പര നന്മയ്ക്കും രക്ഷയ്ക്കുവേണ്ടി രണ്ട് വ്യക്തികൾ പരസ്പരം പൂർണ്ണമായി നല്കുന്നതാണ് വിവാഹം. കുടുംബത്തിൽ മാതാപിതാക്കളുടെ സഹനം കുഞ്ഞുങ്ങളെ നന്മയിലേക്ക് നയിക്കുന്നു. അവരുടെ സ്നേഹം കണ്ട് വളരുന്ന കുട്ടികൾ അരക്ഷിതാവസ്ഥയിലേക്ക് വീഴില്ല. മാതാപിതാക്കളുടെ പരസ്പര ബഹുമാനവും സമർപ്പണവും കുഞ്ഞുങ്ങളെ കൂടുതൽ നല്ലവരാക്കുന്നു. ദമ്പതികൾക്ക് പരസ്പരം നല്കാനുള്ള ഏറ്റം വലിയ ദാനം അവരുടെ നിരന്തരമായ സാന്നിധ്യമാണ്. അവരുടെ സ്നേഹപൂർവ്വകമായ ഇടപെടലും, ആശയവിനിമയവും, ഒന്നിച്ചുള്ള പ്രാർത്ഥനയും, ഭക്ഷണവും പരസ്പരം ബലപ്പെടുത്തുകയും കുടുംബത്തെ ശക്തമാക്കുകയും ചെയ്യും.

ദമ്പതികളുടെ സ്നേഹാനുഭവത്തിന്റെ സ്വാഭാവികമായ പ്രതിഫലനമാണ് കുഞ്ഞുങ്ങൾ. കുഞ്ഞുങ്ങളെ പ്രതീക്ഷിക്കുന്നവർ ആഗ്രഹിച്ച് പ്രാർത്ഥിച്ച് ഒരുങ്ങണം, ആത്മീയതയിൽ ജീവിക്കണം. ഉദരത്തിനു പുറത്തുവന്നിട്ടല്ല, ഉദരത്തിൽവച്ചുതന്നെ കുഞ്ഞിന്റെ സ്വഭാവം രൂപീകരിച്ചു തുടങ്ങും. ഉദരത്തിൽവച്ച് ആരംഭിക്കുന്ന ശിക്ഷണം മുതൽ ജീവിതാന്ത്യം വരെ (from womb to tomb) മക്കളെ അനുധാവനം ചെയ്യേണ്ടവരാണ് മാതാപിതാക്കൾ. കുഞ്ഞുങ്ങളാകണം കുടുംബത്തിന്റെ വലിയ അനുഗ്രഹവും സമ്പാദ്യവും. കുഞ്ഞുങ്ങൾ വേണ്ട എന്നു പറയുന്നവരും, കുഞ്ഞുങ്ങളുടെ എണ്ണം കുറയ്ക്കുന്നവരും ദൈവഹിതത്തിന് എതിരാണ്. കുടുംബങ്ങളിൽ കുഞ്ഞുങ്ങളുടെ എണ്ണം വർദ്ധിക്കണം. ന്യൂക്ലിയർ കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുമ്പോൾ, കുടുംബങ്ങളിൽ കുഞ്ഞുങ്ങൾക്ക് പങ്ക് വയ്ക്കൽ അഭ്യസിക്കാനും, ക്ഷമിക്കാനും കരുതാനും സ്നേഹിക്കാനും സാധിക്കാതെ വരുന്നു. കുഞ്ഞുങ്ങൾ കുറയുമ്പോൾ ദൈവാശ്രയബോധം കുറയും, സ്വാർത്ഥത വർദ്ധിക്കും. ദമ്പതികൾ സുഖസൗകര്യങ്ങളുടെ മറവിൽ കുട്ടികളുടെ എണ്ണം കുറയ്ക്കുമ്പോൾ സ്വാർത്ഥതയിൽ വളരാൻ വിധിക്കപ്പെടുന്ന കുഞ്ഞുങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അത്തരം സാഹചര്യങ്ങളിൽ, വെല്ലുവിളികൾ നേരിടാനും ഏറ്റെടുക്കുവാനും കുഞ്ഞുങ്ങൾ അഭ്യസിക്കപ്പെടുന്നില്ല. മാനുഷികമൂല്യങ്ങളിലുള്ള പരിശീലനം നടക്കുന്നില്ല. മാതാപിതാക്കളെ സംരക്ഷിക്കുന്ന ദമ്പതികളായി മാറുമ്പോൾ കുഞ്ഞുങ്ങൾ അത് കണ്ട് വളരും. നമ്മുടെ പക്വത അളക്കപ്പെടുന്നത്, രോഗികളോടും, വൃദ്ധരോടും, ആലംബഹീനരോടും, പാവങ്ങളോടും കാണിക്കുന്ന കരുണയും കരുതലും വഴിയാണ്. മാതാപിതാക്കൾ മക്കൾക്ക് ദൈവവിശ്വാസവും മാനുഷികമൂല്യങ്ങളും പകർന്നു കൊടുക്കണം. ഭൗതികസൗകര്യങ്ങൾ മാത്രം ഒരുക്കി കൊടുക്കുവാനുള്ള വെമ്പൽ മാത്രമാകരുത്. വിശ്വാസപരിശീലനം നടക്കാതെ, ബൗദ്ധികവും ശാരീരികവും സാമ്പത്തികവുമായ വളർച്ചയിൽ മാത്രം ശ്രദ്ധിക്കുന്നിടത്ത് കൃപയിൽ വളരാൻ കഴിയില്ല. കുടുംബം സ്നേഹത്തിന്റെ ഭവനവും, ജീവന്റെ ഉറവിടവും, വിശ്വാസത്തിന്റെ വിളനിലവുമാണ്. പറഞ്ഞു കൊടുക്കുന്നതിനേക്കാൾ, മാതാപിതാക്കളുടെ ചിന്തകളും മനോഭാവവും, വിശ്വാസജീവിതവും, മാനുഷികമൂല്യങ്ങളിലുള്ള ജീവിതവും, കൂദാശാസ്വീകരണവുമൊക്കെ കണ്ടുപഠിക്കുമ്പോഴാണ് കുഞ്ഞുങ്ങൾ നല്ലവരായി തീരുക. വി. കുർബാന കേന്ദ്രീകൃതമായ കുടുംബങ്ങൾ ഉണ്ടാകണം. ഒരു കുടുംബത്തിൽനിന്ന് ഒരാളെങ്കിലും ഓരോ ദിവസവും വി. കുർബാനയിൽ സംബന്ധിച്ച് അവരുടെ കുടുംബത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ സാധിക്കുന്നത് കൃപയിൽ വളരാൻ ഇടയാക്കും. ഗാർഹികസഭയായ കുടുംബത്തിൽ യാമപ്രാർത്ഥനകൾ, ഉപവാസം, വർജ്ജന എന്നിവ നടക്കുമ്പോൾ കൃപയിൽ ജീവിക്കുവാൻ സാധിക്കും. ഓരോ കുടുംബവും ഓരോ ദയറാ/ആശ്രമം ആയി മാറണം. മദ്യപാനം, മയക്കുമരുന്ന്, ദുശ്ശീലങ്ങൾ എന്നിവയ്ക്ക് അടിമയാകുമ്പോൾ കുടുംബങ്ങളിൽ കൃപ നഷ്ടപ്പെടും. പാവപ്പെട്ട കുടുംബങ്ങളെ ദത്തെടുക്കുവാനും മിഷൻ പ്രവർത്തനങ്ങളിൽ പങ്ക് ചേരുവാനും മനസ്സ് വയ്ക്കണം. ഇപ്രകാരമുള്ള ഒരു ജീവിതശൈലി കുടുംബങ്ങളിൽ രൂപീകൃതമാകുമ്പോൾ, കുടുംബങ്ങൾ കൃപ നിറയുന്നവയായി മാറും. സഭ ലക്ഷ്യം വയ്ക്കുന്നത് അതാണ്. അതായിരുന്നു മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദ്വിതീയ അസംബ്ലിയുടെ ലക്ഷ്യവും. നമുക്ക് കൃപ നിറയുന്നവരാകാം, കൃപ നിറയുന്ന കുടുംബങ്ങളായി രൂപാന്തരപ്പെടാം.

ചീഫ് എഡിറ്റർ

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

## കുടുംബത്തെക്കുറിച്ച്

മലങ്കര കത്തോലിക്കാസഭയുടെ ദ്വിതീയ അസംബ്ലി ഏറെ ഒരുക്കത്തോടും പ്രാർത്ഥനയുടെ അന്തരീക്ഷത്തിലും നടത്തപ്പെട്ടു. വളരെ പ്രാധാന്യത്തോടെ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ അസംബ്ലി അംഗങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. സഭാദ്ധ്യക്ഷൻ അവ ആലോചിച്ച് സഭയിൽ ആകമാനം അനുവർത്തിക്കേണ്ട കാര്യങ്ങളെപ്പറ്റി ഉദ്ബോധിപ്പിക്കും എന്ന് അറിയിച്ചിട്ടുണ്ട്. നമ്മുടെ ഇന്നത്തെ കുടുംബങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റിയും പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഏറെ പ്രസക്തമാണ്. കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികൾ അനവധിയാണ്. വിശ്വാസത്തിന്റെ കുറവും അമിതമായ സെക്കുലർ പ്രവണതയും ആണ് അവയിൽ പ്രധാനം. വിശ്വാസവും ജീവിതവും തമ്മിൽ പൊരുത്തമില്ലായ്മ വർദ്ധിക്കുന്നു. വിശ്വാസവും ആത്മീകതയും ദൈവാലയത്തിന്റെ ഉള്ളിൽമതി എന്ന ചിന്ത: പൊതുവിൽ മതമോ ആത്മീകതയോ പ്രസക്തമല്ല, അവയെല്ലാം വൈയക്തികങ്ങളാണ്, ഓരോ വ്യക്തിക്കും അവനവനിഷ്ടമുള്ളതു ചെയ്യാം, സംഘടിതമായ ഒരു മതമോ ആത്മികക്രമങ്ങളോ ആവശ്യമില്ല, നല്ല മനുഷ്യരാകുക എന്നതിലപ്പുറം ഒന്നും ആവശ്യമില്ല എന്നീ ചിന്തകൾ ശക്തമാകുന്നു. നന്മ ചെയ്താൽ മതി എന്ന ചിന്തയ്ക്ക് എത്രമാത്രം അടിസ്ഥാനം ഉണ്ടെന്നു പറയാൻ പറ്റില്ല. ഒരാൾക്കു നന്മ എന്നത് മറ്റൊരുവനു തിന്മയോ ദോഷമോ ആവാം. എതിർപാർട്ടിക്കാരന്റെ തല കൊയ്യുന്നത് മറ്റൊരു പാർട്ടിയുടെ അനുയായിക്കു ശരി എന്നുതോന്നാം. തന്റെ സമൂഹത്തിലോ ജാതിയിലോ പാർട്ടിയിലോ ഉള്ളവർ മാത്രം മതി – മറ്റുള്ളവരൊക്കെ ഒഴിവാക്കപ്പെടേണ്ടവരോ ഇല്ലായ്മപ്പെടേണ്ടവരോ ആണെന്നു ചിന്തിക്കുന്നു. ഞാനും എന്റെ സ്വന്തവും മാത്രമുള്ള ഒരു 'നന്മയുടെ' ചുറ്റുവട്ടം. അതു തികച്ചും ആപേക്ഷികമായ ശൈലിയാണ്. കാരണം ഇവിടെ നന്മയുടെ അടിസ്ഥാനമാക്കിയിരിക്കുന്നത് അവനവന്റെ ഇഷ്ടവും സ്വാർത്ഥതയും ആണ്. നമുക്കതീതമായ ഒന്നാണ് നന്മയുടെ അടിത്തറ. ഇത് മനസ്സിലാക്കാനും അതനുസരിച്ച് ജീവിക്കാനും ദൈവാനുഭവം വേണം. പ്രത്യേകിച്ചും വെളിപ്പെടുത്തപ്പെട്ട ദൈവാനുഭവം. മനുഷ്യന് ദൈവത്തെ അവന്റേതായ തലത്തിൽ മാത്രമെ മനസ്സിലാക്കാൻ കഴിയൂ. ആവിലായിലെ മിസ്റ്റിക് അമ്മത്രേസ്യാ പറയുമായിരുന്നു: "Let God be God" ദൈവത്തെ ദൈവമാകാൻ അനുവദിക്കുക എന്ന്. പലപ്പോഴും മനുഷ്യന്റെ ചിന്തകളുടെ പരിമിതികളിൽ ദൈവം മരിക്കുകയോ വികലമാക്കപ്പെടുകയോ ആണ്. ആയതിനാൽ വിശ്വാസം മനുഷ്യനു

അവശ്യംവേണ്ട ഘടകമാണ്. അതു ജീവിത ഗന്ധിയാകുക എന്നത് നിരന്തര വെല്ലുവിളിയുമാണ്.

മനുഷ്യൻ വളരെ ഏറെ സെക്കുലർ ചിന്താഗതിയിലേക്കു പോകുന്നു എന്നത് ഗൗരവമായി മനസിലാക്കേണ്ട കാര്യമാണ്. തിന്നുക, കുടിക്കുക, സുഖിക്കുക, വിശ്രമിക്കുക ഇവയാണ് പ്രാധാന്യമുള്ളത് എന്ന് ചിന്തിക്കുന്നു. ഇന്ന് അദ്ധ്വാനിക്കാതെ നേടാനും, കാത്തിരിക്കാതെ ക്ഷിപ്രവിജയം വരിക്കാനും, ത്യാഗമില്ലാതെ ആസ്വദിക്കുവാനും മനുഷ്യൻ വെമ്പൽ കൊള്ളുന്നു. നമ്മുടെ കുടുംബങ്ങൾ പ്രാർത്ഥനയുടെയും ആദരവിന്റെയും കഠിനാദ്ധ്വാനത്തിന്റെയും സമാധാനത്തിന്റെയും ഭവനങ്ങൾ ആവണം. വിവാഹവും വിവാഹാവസരങ്ങളും ലാളിത്യം നിറഞ്ഞ രീതിയിൽ ആചരിക്കപ്പെടണം. ആരാധനയ്ക്കു ഭംഗം വരുന്ന രീതികളും ആത്മീകത മുഴുവൻ കളഞ്ഞുകുളിക്കുന്ന ഇവന്റ് മാനേജ്മെന്റായി അവ തീരുന്നതും വേദനാജനകമാണ്. പുതുമ അന്വേഷിച്ചുള്ള ഈ പുറപ്പാടിൽ കൊഴിഞ്ഞു വീഴുന്ന വിവാഹ ജീവിത സത്യങ്ങളും മൂല്യങ്ങളും ഏറെയാണ്. ഇവയ്ക്കെല്ലാം മാറ്റങ്ങൾ വരേണ്ടതാണ്. ആയതിനാൽ ദമ്പതികളെ വളരെ ഗൗരവമായിതന്നെ ഒരുക്കേണ്ടതുമാണ്. വിവാഹ ഒരുക്കധ്യാനം കൊണ്ടുമാത്രം അവസാനിപ്പിക്കാവുന്നതല്ല- വധൂവരന്മാരെ നന്നായി ഒരുക്കുവാനും വിവാഹവേദിയിലേക്കാനയിക്കുവാനും വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണമെന്നഭിപ്രായം ഉണ്ടായി.

ഗർഭസ്ഥ ശിശുവിനെ പരിചരിക്കേണ്ട കടമ ഗൗരവമായി കാണണമെന്ന് അസംബ്ളി അംഗങ്ങൾ വിലയിരുത്തി. ഗർഭിണികളുടെ മനസ്സിനെ സമ്മർദ്ദപ്പെടുത്തുന്ന കാര്യങ്ങളോ, സിനിമകളോ, സീരിയലുകളോ അങ്ങനെയുള്ള പ്രവൃത്തികളോ ഉണ്ടാവാൻ പാടില്ല. കുടുംബാഗങ്ങൾ തമ്മിൽ സ്നേഹത്തിൽ കഴിയുവാൻ ശ്രമിക്കേണ്ടതാണ്. സാമ്പത്തികഭദ്രത തകർക്കുന്ന കാര്യങ്ങൾ ഒഴിവാക്കണം. മദ്യപാനം, സുഖലോലുപത, ആഡംബരപ്രിയം, ധൂർത്ത് ഇവ ഒഴിവാക്കണം. വേണ്ടത്ര ആലോചനയോ അവധാനതയോ ഇല്ലാതെ തിടുക്കത്തിൽ നടത്തപ്പെടുന്ന വിവാഹങ്ങൾ അപകടങ്ങളെ ക്ഷണിച്ചുവരുത്തുന്നു.

ഭവനസന്ദർശനം ഏറ്റം പ്രധാനപ്പെട്ട അജപാലന ദൗത്യമായി ബഹു. വൈദികരും സന്യസ്തരും ഏറ്റെടുക്കണം. കുടുംബകേന്ദ്രീകൃമായ അജപാലനം ആയിരിക്കണം നമ്മുടേത്. ജോലിഭാരംകൊണ്ടോ മറ്റ് കാരണങ്ങൾകൊണ്ടോ ഭവന സന്ദർശനങ്ങൾ മുടങ്ങാൻ ഇടയാകരുത്. വൈദികരും, സന്യസ്തരും അൽമായ പ്രേഷിതരും വിശിഷ്യാ സുവിശേഷസംഘാംഗങ്ങളും ഈ ശുശ്രൂഷ ഗൗരവമായി കാണണം. വിവാഹപ്രായമെത്തിയിട്ടും വിവാഹം കഴിക്കാതെ നിൽക്കുന്ന ചെറുപ്പക്കാർ ഇടവകകളിൽ ഉണ്ടെന്നറിയുന്നു. ഇവരോടു നമുക്കു വലിയ ഉത്തരവാദിത്വമുണ്ട്. മാതാപിതാക്കളായും ഇടവകകളായും നാം അവരെ സഹായിക്കേണ്ടതുണ്ട്. മാതാപിതാക്കൾ ആരോഗ്യപരമായ ഒരകലം വിവാഹിതരായ മക്കളിൽ നിന്നും പാലിക്കേണ്ടതുണ്ട്. അവരുടെ കുടുംബജീവിതത്തിൽ അനാവശ്യമായി ഇടപെടാതിരിക്കുവാൻ ശ്രദ്ധിക്കണം. അതുപോലെ പ്രായമായ മാതാപിതാക്കളെ കരുതേണ്ടതും അവരെ ശുശ്രൂഷിക്കേണ്ടതും മക്കളുടെ കടമയുമാണ്. കുടുംബം ജീവനുവേണ്ടി തുറക്കപ്പെട്ടതും ജീവനെ എല്ലാ തലങ്ങളിലും അവസ്ഥകളിലും പരിപോഷിപ്പിക്കേണ്ടതുമാണ്. പരസ്പര ആദരവും കരുതലും ക്ഷമയും കുടുംബാംഗങ്ങൾ സ്വന്തമാക്കേണ്ടതാണ്. മദ്യപാനവും ലഹരി ഉപയോഗങ്ങളും കുടുംബങ്ങളെ ശിഥിലമാക്കുന്നു. ഇങ്ങനെയുള്ള വിപത്തുകളിൽ അകപ്പെട്ടുപോയവരെ തേടി പിടിക്കാനും രക്ഷപെടുത്താനും സഭയായി നാം തയ്യാറാവണം. കുടുംബമാണ് നമ്മുടെ ഭാവി – അവിടെയാണ് സഭയും സമൂഹവും രൂപപ്പെടുന്നത്.

■

# നവമാധ്യമരംഗവും ക്രിസ്തുദർശനങ്ങളും

ഫാ. സിജോ ചേന്നാടൻ സി.എം.ഐ.
മാന്നാനം ആശ്രമം



ശാസ്ത്രസാങ്കേതികവിദ്യയുടെ ചിറകിലേറി പറക്കുന്ന മനുഷ്യൻ പുത്തൻ കണ്ടുപിടുത്തങ്ങളും ഗവേഷണങ്ങളുംകൊണ്ട് മാനവരാശിയുടെ മുഖച്ഛായ മാറ്റി മറിക്കാനുള്ള തിരക്കിലാണ്. പൊതുസമൂഹത്തിലെ ഈ മാറ്റം ജനാധിപത്യത്തിലെ നാലാമത്തെ തൂണ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന മാധ്യമരംഗത്തും വലിയ മാറ്റത്തിന്റെ തിരയിളക്കങ്ങൾ സൃഷ്ടിക്കു ന്നുണ്ട്. നവസാമൂഹിക മാധ്യമങ്ങൾ മാധ്യമ അന്തരീക്ഷത്തെയും പരമ്പരാഗത മാധ്യമസങ്കൽപ്പത്തെയുംതന്നെ മാറ്റി മറിക്കാൻ പര്യാപ്തമാണ്. അതുപോലെതന്നെ പരമ്പരാഗത



മുഖ്യധാരാ മാധ്യമങ്ങൾ ഈ പുതിയ അന്തരീക്ഷത്തിൽ തങ്ങളുടെ പ്രസക്തി നിലനിർത്താനുള്ള പോരാട്ടത്തിലുമാണ്. സാങ്കേതിക വിദ്യയുടെ വൻ കുതിച്ചുചാട്ടമാണ് ഈ മാറ്റങ്ങൾക്ക് പ്രധാന കാരണം. അനുദിനം അപ്ഡേറ്റഡ് ആയിക്കൊണ്ടിരിക്കുന്ന നൂതന സാങ്കേതിക സങ്കേതങ്ങൾ ഈ മാറ്റത്തെ ത്വരിതമാക്കുന്നു. ഈ മാറ്റങ്ങൾ മാധ്യമങ്ങളിലൂടെയുള്ള ആശയത്തിന്റെയും അറിവിന്റെയും അവതരണ ശൈലിയെ മാത്രമല്ല സ്വാധീനിക്കുന്നത്, മാധ്യമ ധാർമ്മികതയെകൂടിയാണ്. നവമാധ്യമങ്ങൾ പരമ്പരാഗത മാധ്യമങ്ങളെ പ്പോലെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമല്ല എന്ന തെറ്റിദ്ധാരണ പലരിലും കടന്നുകൂടിയിരിക്കുന്നു. ആരാണെന്ന് വെളിപ്പെടുത്താതെ എന്തും പ്രസിദ്ധീകരിക്കാനും പറയാനും പ്രചരിപ്പിക്കാനും കഴിയുന്ന അവസ്ഥ സംജാതമായി. ഈ നവമാധ്യമ സാധ്യതയോട് മത്സരിക്കാൻ നിലനിൽപ്പിനായുള്ള സമരം നടത്തുന്ന പരമ്പരാഗത മാധ്യമങ്ങൾ, ചട്ടങ്ങൾ മനപ്പൂർവ്വമോ, അല്ലാതെയോ മറക്കാൻ ആരംഭിച്ചിരിക്കുന്നു. അതിനാൽതന്നെ വ്യക്തികളുടെ സ്വകാര്യതയും പൗരാവകാശങ്ങളും ഒരു വിലയുമില്ലാതെ ചാനൽ ചർച്ചകളിൽ ചവിട്ടി മെതിക്കപ്പെടാൻ ഇടയാകുന്നു. ഈ മത്സരം മാധ്യമങ്ങളെ തങ്ങളുടെ പ്രധാന ദൗത്യനിർവ്വഹണത്തിൽനിന്നും അകറ്റി നിർത്തിയിരിക്കുന്നു. ലാഭം കൊയ്യുക, റേറ്റിങ്ങ് മെച്ചപ്പെടുത്തുക എന്നിവ മാത്രമായി അവരുടെ ലക്ഷ്യം. അതിനായി നിറംപിടിപ്പിച്ച പൈങ്കിളികഥകളെ വെല്ലുന്ന കെട്ടുകഥകൾ നിർമ്മിക്കാൻ, വാർത്തകളുടെ സത്യാവസ്ഥ മനസ്സിലാക്കാതെ ചാടിയിറങ്ങുന്ന പ്രവണത അപകടകരമാണ്. ഇത്തരം നിരുത്തരവാദിത്വപരവും, ലാഭേച്ഛമാത്രം ലക്ഷ്യം വച്ചുള്ള നീക്കങ്ങളും ജനങ്ങളെ സത്യത്തിൽനിന്നും അകറ്റിനിർത്തുകയും, സാമുദായിക വേർതിരിവ് വളർത്തുകയും, വിഭാഗീയചിന്ത വളർത്തുകയും ചെയ്യുന്നു. സ്വകാര്യ പരമ്പരാഗത മാധ്യമങ്ങൾ പെയ്ഡ് ന്യൂസ് ഏജൻസികളെ പോലെ, പണം നൽകുന്നവർക്ക് പാദസേവ ചെയ്യുന്ന കാഴ്ച ഇൻഡ്യൻ മാധ്യമരംഗത്തെ നവദൃശ്യങ്ങളിൽ ഒന്നാണ്. മിടുക്കരായ വാർത്താ അവതാരകരും സാങ്കേതികപ്രവർത്തകർപോലും, പണത്തിനുമുൻപിൽ തങ്ങളുടെ ധാർമ്മികതയെ കാഴ്ചവയ്ക്കുന്ന, നൊമ്പരപ്പെടുത്തുന്ന കാഴ്ച മാധ്യമലോകത്തിലെ മൂല്യച്യുതിയുടെ ദൃശ്യ അടയാളമായി നിലനിൽക്കുന്നു. ആധുനികലോകത്തിലെ നവസാധ്യതകളോട് എന്നും തുറന്ന മനസ്സ് കാണിക്കാറുള്ള സഭ, വളരെ ആകുലതകളോടെയാണ് ഈ മാറ്റത്തെ നോക്കിക്കാണുന്നത് കാരണം വിശ്വാസജീവിതവും, കൗദാശിക ജീവിതവും, കുടുംബബന്ധങ്ങളും, തൊഴിൽമേഖലകളുമൊക്കെ ഈ മാറ്റത്തിന്റെ കാറ്റേറ്റ് ആകുലതയോടെ പകച്ചുനിൽക്കുകയാണ്. സഭയുടെ ഭാവി യുവജനങ്ങളിലാണ്. മാധ്യമരംഗത്തെ പുത്തൻ ട്രെൻഡുകളും ആസൂത്രിത അജൻഡകളും ഏറ്റവും അധികം സ്വാധീനിക്കുന്നതും ഈ വിഭാഗത്തെയാണ്. മാറ്റത്തിന്റെ കാറ്റേറ്റ് തകരാതിരിക്കാൻ സഭ യുവജനങ്ങളുടെ മാധ്യമ വ്യാപാരങ്ങളെപറ്റി അറിഞ്ഞ് പ്രബോധനം നൽകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഹാഷ്ടാഗുകളും ട്രെൻഡുകളുമെല്ലാം നോക്കി ജീവിതക്രമത്തിനു പ്രാധാന്യം നിശ്ചയിച്ച് തീരുമാനങ്ങൾ എടുക്കുന്ന ആധുനിക യുവതലമുറ സർപ്പത്തിന്റെ വിവേകം കാണിക്കേണ്ട സമയമാണിത്. കാരണം, ക്രിസ്തീയത, നാട് ഓടുമ്പോൾ നെടുകേ ഓടുന്ന ഒരു കോംപ്രമൈസിംങ്ങ് സങ്കൽപ്പമല്ല. ജീവിത വീക്ഷണത്തിലും, നിലപാടുകളിലും ഇരുതലവാളിന്റെ മൂർച്ചയുള്ള, ക്രിസ്തു പഠിപ്പിച്ച ആഴമുള്ള ബദൽ സംസ്കാരത്തിന്റെ പേരാണ് ക്രിസ്തീയത. കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് ഉചിതമായ തീരുമാനങ്ങളെടുക്കാൻ കഴിയുന്നവരാകണം ക്രിസ്ത്യാനികൾ. അതിന് കഴിഞ്ഞില്ലെങ്കിൽ കാൽച്ചുവട്ടിലെ മണ്ണ് ഇളകി ഒലിച്ചുപോകുന്ന തറിയാതെ, കാഴ്ച കണ്ട് നിൽക്കുന്ന വിഡ്ഢികളാകേണ്ടിവരും ആധുനിക ക്രിസ്ത്യൻ യുവജനങ്ങൾ.. സ്വന്തം ജനനംകൊണ്ട്, കാലഘട്ടത്തെ, തനിക്ക് മുൻപെന്നും പിൻപെന്നും രണ്ടായി പിളർന്നുകൊണ്ട് കാലത്തിന്റെ കുത്തൊഴുക്കിനെ

തിരിച്ചറിഞ്ഞ് ആഴമുള്ള ദർശനങ്ങൾകൊണ്ട് കാലഘട്ടത്തെ സ്വാധീനിച്ച ക്രിസ്തുവിന്റെ സഭയാണ് കത്തോലിക്കാസഭ. കാലത്തിന് മുമ്പേ പറന്ന കർമ്മയോഗികളും ക്രാന്തദർശികളുമായ അനേകം പുണ്യാത്മാക്കളുടെയും, ക്രിസ്തു പഠിപ്പിച്ച നിലപാടുകൾക്കുവേണ്ടി തീപന്തംപോലെ എരിയേണ്ടിവന്ന ധീര രക്തസാക്ഷികളുടെയും, പാരമ്പര്യവും പിൻബലവുമുണ്ട് ഈ സഭയ്ക്ക്. ഈ പാരമ്പര്യത്തെ യുവതലമുറ പഠിക്കുകയും, ക്രിസ്തു ദർശനങ്ങളുടെ ശക്തവും കാലഘട്ടത്തെ വിസ്മയിപ്പിക്കുന്നതുമായ നവക്രിസ്തുദർശനങ്ങൾ അവതരിപ്പിക്കാൻ, തങ്ങളുടെ സർഗ്ഗശേഷിയെ ഉപയോഗിക്കാൻ തയ്യാറാവുകയുമാണ് ഈ കാലഘട്ടത്തിൽ ഏറ്റവും അവശ്യമുള്ള കാര്യം.

‘ഓരോ പുതിയ തലമുറയ്ക്കും പുതിയ അപ്പസ്തോലന്മാരെ ആവശ്യമാണ്‘ എന്ന ജോൺപോൾ രണ്ടാമൻ മാർപ്പാപ്പായുടെ ആഹ്വാനം കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞുകൊണ്ടുള്ളതായിരുന്നു. ഇന്ന് കത്തോലിക്കാസഭയെ നയിക്കുന്ന പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പായുടെ കാഴ്ചപ്പാടുകളും, സഭയെപറ്റിയുള്ള പ്രതീകങ്ങളും യുവജനങ്ങളുടെ വിശുദ്ധ ജീവിതത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ളതാണ്. നമുക്ക് 21-ാം നൂറ്റാണ്ടിന്റെ വിശുദ്ധരെ വേണം എന്ന ഫ്രാൻസിസ് മാർപ്പാപ്പായുടെ സ്വപ്നം, യുവജന സമ്മേളനങ്ങളിൽ അദ്ദേഹം വർദ്ധിത വീര്യത്തോടെ ആവർത്തിച്ച് പറയുന്നതിന്റെ പൊരുൾ യുവജനങ്ങൾ മനസ്സിലാക്കണം. ആധുനിക സാങ്കേതിക വിദ്യകളോട് പുറംതിരിഞ്ഞ് നിൽക്കുന്നതും, അവയെ ഉപയോഗപ്പെടുത്തുന്നതിൽ പിന്നോട്ട് പോകുന്നതും, വലിയ വിഡ്ഢിത്തരമാണെന്ന് അദ്ദേഹം ഓർമ്മിപ്പിക്കാറുമുണ്ട്. ഈ മേഖലയിലെ അപകടസാദ്ധ്യതകളെ ഭയന്ന് മുഖ്യധാരയിൽനിന്നും അകന്ന്, പിന്നാംപുറങ്ങളിൽ പതിയിരിക്കേണ്ടവരല്ല ക്രിസ്ത്യാനികൾ. മറിച്ച് നവമാധ്യമ സാദ്ധ്യതകൾ, ക്രിസ്തുവിനെ ആസ്വാദ്യകരമാക്കി കാലഘട്ടത്തിന്റെ ആവശ്യത്തിന് അനുസരിച്ച് ഏറ്റവും സ്വീകാര്യമായ മാർഗ്ഗത്തിലൂടെ അവതരിപ്പിക്കുന്നതിനാണ് നാം ശ്രമിക്കേണ്ടത്. നാം ചെയ്യാതെ പോകുന്ന നന്മകളെ, ചെയ്ത പാപത്തിന്റെ ഗണത്തിൽ എണ്ണുമെങ്കിൽ, നവമാധ്യമങ്ങളിലൂടെയും ഈ കാലഘട്ടത്തിന്റെ സാധ്യതകളിലൂടെയും ക്രിസ്തുവിന്റെ ദർശനങ്ങളെ അവതരിപ്പിക്കാൻ നാം കാണിക്കുന്ന വിമുഖതയെയും, മെല്ലെപ്പോക്കുകളെയും പാപമായി വേണം കണക്കാക്കാൻ. ക്രിസ്തുവിനെ നവമാധ്യമങ്ങളിൽ അവതരിപ്പിക്കാൻ നാം അക്ഷീണപരിശ്രമം നടത്തണം. ദൈവം സൃഷ്ടികർമ്മം നടത്തിയത് സ്വന്തം അരൂപിയാലാണ്. രൂപരഹിതവും ശൂന്യവുമായിരുന്ന ഭൂമിയുടെമേൽ ദൈവത്തിന്റെ ചൈതന്യം ചലിച്ചപ്പോഴാണ് ഭൂമി രൂപമുള്ളതും സമൃദ്ധവുമായി തീർന്നതെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (ഉല്പ. 1:2). ക്രിയാത്മകത ദൈവത്തിന്റെ മാത്രം സവിശേഷത അഥവാ കഴിവാണ്. എന്നാൽ ഈ ക്രിയാത്മകതയുടെ ഒരു സ്പുലിംഗം ദൈവം മനുഷ്യനും നൽകിയിട്ടുണ്ട്. അങ്ങനെയാണ് മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കാളിയാകുന്നത്. പ്രത്യുല്പാദനത്തിനുള്ള കഴിവിനെയല്ല ഇവിടെ ഉദ്ദേശിച്ചത്. അത് എല്ലാ ജീവജാലങ്ങൾക്കും ഉള്ളതാണല്ലോ. സർഗ്ഗാത്മകമായി തന്നെത്തന്നെയും, ഈ ലോകത്തെയും പുനർസൃഷ്ടിക്കുവാനുള്ള കഴിവിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ചെടികളും മൃഗങ്ങളും തങ്ങളുടെ ചുറ്റുപാടുകളെ മാറ്റുന്നതിനുപകരം, ചുറ്റുപാടുകളോട് അനുരൂപപ്പെടുകയാണ് ചെയ്യുന്നത്. അത് ഒരുതരം ജീവൻരക്ഷാതന്ത്രമാണ് (Survival Instinct). എന്നാൽ മനുഷ്യന് തന്റെ സാഹചര്യങ്ങളോട് അനുരൂപപ്പെടാൻ മാത്രമല്ല അവയെ തന്റെ ക്രിയാത്മകത ഉപയോഗിച്ച് മാറ്റാനും, രൂപപ്പെടുത്താനും, വളർത്താനും, തന്റെ മേധാശക്തി (intellect) ഉപയോഗിച്ച് ഈ പ്രപഞ്ചത്തെ മനസ്സിലാക്കാനും, തന്റെ മനശക്തി (will) ഉപയോഗിച്ച് എങ്ങനെ അതിനെ പുനഃസൃഷ്ടി ചെയ്യണമെന്ന് വിഭാവന ചെയ്യാനും സാധിക്കുന്നു. നമുക്ക് ഈ കാലത്തിന്റെ അടയാളങ്ങളെ കൃത്യമായി മനസ്സിലാക്കാനും, ക്രിസ്തു ദർശനങ്ങൾക്ക് വിരുദ്ധമായവയെ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി തിരുത്തിക്കൊണ്ട് ബദൽ സംസ്കാരം സൃഷ്ടിക്കാനും കഴിയണം.

ഇത്തരം ക്രിയാത്മകത പ്രകടിപ്പിക്കുവാനും മാറ്റങ്ങൾ സൃഷ്ടിക്കുവാനും അനുയോജ്യമായ ഇടം നവമാധ്യമലോകമാണ്. ഇതേ മാധ്യമലോകം തന്നെയാണ് ഇന്ന് മൂല്യച്യുതിയ്ക്ക് വിധേയമായിക്കൊണ്ടിരി ക്കുന്നതും, വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കുന്നതും. ചാനലുകളുടെ റേറ്റിംഗ് യുദ്ധത്തിനിടയിൽ ക്രിസ്തുദർശനങ്ങളും, അതിനുവേണ്ടി നിലകൊള്ളുന്ന സഭയും ചർച്ചയാകുന്നതും, കത്തോലിക്കാസഭയെ പൊതുസമൂഹത്തിന് മുമ്പിൽ ഇകഴ്ത്തികാട്ടാനുള്ള സംഘടിതശ്രമങ്ങൾ നടക്കുന്നതുമായ ഈ കാലത്ത്, സഭയെ ന്യായീകരിക്കുന്ന ഒരു സ്ഥിരം ന്യായീകരണ തൊഴിലാളിയായിരിക്കുന്നതിലുമപ്പുറം, ആഴമായ ക്രിസ്തുദർശന ബോധമുള്ള, കാലഘട്ടത്തെ മനസ്സിലാക്കുന്ന, ക്രിയാത്മകമായി ക്രിസ്തുദർശനങ്ങളെ അവതരിപ്പിക്കാൻ മികവുള്ള ക്രിസ്തുദർശനങ്ങൾ ജീവിക്കുന്നവരായി മാറാൻ നമുക്ക് കഴിയണം. അതിനായി സാങ്കേതിക രംഗത്തെ നൂതനമാർഗ്ഗങ്ങളെ അടുത്തറിയാൻ പരിശ്രമിക്കണം. സംഘടിതമായി ക്രിസ്തുദർശന സാധ്യതകൾ പങ്കുവയ്ക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തണം. ഇടവകതലത്തിലും, രൂപതാതലത്തിലും ശക്തവും ചലനാത്മക വുമായ മാധ്യമസെല്ലുകൾ സൃഷ്ടിക്കണം, ശക്തമായ ക്രിസ്തീയ നിലപാടുകളുള്ള യുവജനങ്ങൾക്ക് മാധ്യമരംഗത്ത് സാങ്കേതികപരിശീലനം നൽകണം. ഇത്തരത്തിൽ നവമാധ്യമങ്ങളിലൂടെയും, പരമ്പരാഗത മാധ്യമങ്ങളിലൂടെയും ക്രിസ്തുവിനെ ലോകത്തിന് നൽകാനുള്ള ക്രിസ്തീയ ധർമ്മത്തിന് നാം തുനിഞ്ഞ് ഇറങ്ങേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ആധുനികകാലഘട്ടത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തി ക്രിസ്തുദർശനങ്ങൾ ലോകത്തെ അറിയിക്കാൻ ശ്രമിച്ച ധന്യൻ കാർലോ അക്യുറ്റേസിനെപോലെയുള്ള ന്യുജെൻ വിശുദ്ധർ പിറക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധരാവുക എന്ന പരമോന്നത ലക്ഷ്യത്തെ നേടിയെടുക്കാനും, അനേകരെ ക്രിസ്തുദർശന ങ്ങളിൽ ആഴപ്പെടാൻ സഹായിക്കുന്നതിനും, ആധുനിക കാലഘട്ടത്തിലെ മിഷനറിമാരായ നമുക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയും സ്വപ്നം കാണുകയും ചെയ്യാം.

■

# കത്തോലിക്കാസഭയിലെ സന്യസ്തരെക്കുറിച്ച് ഒരു വീട്ടമ്മ

ശ്രീമതി ഗ്രേസി ജേക്കബ് ചിറ്റിലപ്പിള്ളി

ചെറുപ്പം മുതൽ സിസ്റ്റേഴ്സിനെ അല്പം അഹങ്കാരത്തോടെ, അല്പം കുശുമ്പോടുകൂടി നോക്കിക്കാണുന്ന വ്യക്തിയാണ് ഞാൻ. സ്വർഗ്ഗം നെഞ്ചിലേറ്റുന്ന ജന്മങ്ങളാണ് സിസ്റ്റേഴ്സെന്ന് എന്നെ പഠിപ്പിച്ച ഒരു മഹാ പുരോഹിതനുണ്ട്. അങ്കമാലി അതിരൂപതാംഗമായ എന്നെ, തോമസ് പാറേക്കാട്ടച്ചൻ പഠിപ്പിച്ചതാണ് സ്വർഗ്ഗം നെഞ്ചിലേറ്റുന്നവരാണ്, ആ ജീവിതമാണ് സന്യാസമെന്ന്. പ്രിയപ്പെട്ട സഹോദരിമാരെ, പരിശുദ്ധിയുടെ മാതൃക സമൂഹത്തിൽ നിലനിർത്തിക്കൊണ്ട് ലോകത്തെ വിശുദ്ധീകരിക്കുക എന്ന ലക്ഷ്യത്തിനാണ് നിങ്ങളെ വിളിച്ചിരിക്കുന്നത്. ലോകത്തെ വിശുദ്ധീകരിക്കണമെങ്കിൽ കുടുംബത്തെ വിശുദ്ധീകരിക്കണം. കുടുംബത്തെ നശിപ്പിച്ചാൽ മാത്രമെ ലോകത്തെ തകർക്കാൻ



സാധിക്കുകയുള്ളൂ. ഗാന്ധിജി പറഞ്ഞതുപോലെ ലോകത്തിന്റെ ഏറ്റവും ചെറിയ കണികയായ കുടുംബത്തെ തകർത്താൽ ലോകത്തെ തകർക്കാൻ പെട്ടെന്ന് സാധിക്കും. ഫ്രാൻസിസ് മാർപാപ്പയുടെ ഭാഷയിൽ പറഞ്ഞാൽ, ചെറിയ കുടുംബങ്ങളിൽ ചെന്ന് വലിയ സുവിശേഷം പ്രസംഗിക്കുന്ന സമർപ്പിത സഹോദരങ്ങളെ, നിങ്ങളെയല്ല ഈ സാത്താൻ നോട്ടമിട്ടിരിക്കുന്നത്. ഞങ്ങളെയാ. നിങ്ങൾ ചെറിയ കുടുംബങ്ങളിൽ വന്ന് വലിയ സുവിശേഷം പ്രഘോഷിച്ച് ഞങ്ങളുടെ മക്കളെ വളർത്തി. ഞങ്ങളുടെ മക്കളെയും ഞങ്ങളെ ഓരോരുത്തരെയും തമ്പുരാനിലേക്ക് അടുപ്പിക്കുമ്പോൾ ഈ ലോകത്തെ തകർക്കാമെന്ന ഈ ശക്തിയുടെ തിരിച്ചറിവ് നിങ്ങൾ മനസ്സിലാക്കുക. എനിക്കു മുമ്പ് സംസാരിച്ച അച്ചൻ പറഞ്ഞതുപോലെ, സഫീറായെ ഞാനും, കഴിഞ്ഞ ദിവസം കണ്ടിരുന്നു. ഏകദേശം അരമണിക്കൂറോളം സംസാരിക്കാൻ തമ്പുരാൻ അവസരവും തന്നു. മനസ്സിൽ കരുതി വച്ചതെല്ലാം ചോദിച്ചു. അവസാനം ഞാൻ ഇത്രമാത്രം പറഞ്ഞു. സ്വർഗ്ഗത്തിൽ തമ്പുരാന്റെ കാൽചുവട്ടിലിരുന്ന് മൂത്ത രണ്ടുസഹോദരിമാർ ഏങ്ങലടിച്ച് കരയുന്നത് മറക്കരുത് കേട്ടോന്ന്. പെട്ടെന്ന് മനസ്സിലായി, ഞാൻ അൽഫോൻസാമ്മയെയും റാണി മരിയാമ്മയെയും ആണ് ഉദ്ദേശിച്ചതെന്ന്. പെട്ടെന്ന് അവർ എന്റെ കൈപിടിച്ചിട്ട് പറഞ്ഞു: ടീച്ചറേ, മെന്റലി & ഫിസിക്കലി ഞാൻ ഡിപ്രസ്ഡ്. ഇത്രയേ ഉള്ളൂ. എന്റെ പ്രിയ സഹോദരങ്ങളെ, ഇരുപത്തഞ്ച് തേങ്ങയുള്ള ഒരു തേങ്ങാക്കുല വെട്ടിയിട്ടപ്പോൾ രണ്ടെണ്ണം പേടാണെന്ന് വച്ച് ആരും തെങ്ങ് വെട്ടിക്കളഞ്ഞിട്ടില്ല. ബാക്കിയുള്ള തേങ്ങയ്ക്ക് വില ഇടിഞ്ഞുപോയിട്ടില്ല. അതിന്റെ എണ്ണയും വറ്റിയിട്ടില്ല. നമ്മൾ ആരെയാ ഈ ഭയപ്പെടുന്നത്. നിങ്ങളെ ഞങ്ങൾക്ക് വേണം. ഞങ്ങളുടെ മക്കളെ തമ്പുരാന് കാണിച്ചുകൊടുക്കാൻ, കുമ്പസാരക്കൂട്ടിലേക്ക് അടുപ്പിക്കാൻ. വി. കുമ്പസാരവും വി. കുർബാനയും മറ്റാർക്കാണ് പഠിപ്പിച്ചുകൊടുക്കാൻ സാധിക്കുക. ദിവ്യകാരുണ്യ സ്വീകരണത്തിന് ഒരുക്കാൻ ആർക്കാണ് പറ്റുക. ബാക്കി എല്ലാം ഇവന്റ് മാനേജ്മെന്റുകാർക്ക് ചെയ്യാൻ പറ്റും. എനിക്ക് ഏറെ ഇഷ്ടമുള്ള ഒരു കാര്യമുണ്ട്; മൃതസംസ്കാരശുശ്രൂഷയിൽ നിങ്ങൾ ഒരുക്കി നല്കുന്ന ഒരു പുഷ്പകിരീടത്തെക്കുറിച്ച്. സിസ്റ്റേഴ്സിനോട് വെറുപ്പുണ്ടാകാൻവേണ്ടി എന്റെ അപ്പൻ, എന്നെ എഞ്ചിനീയറിംഗിന് പഠിക്കുന്ന സമയം മൂന്നു വർഷം തൃശ്ശൂർ കൊക്കാല കോൺവന്റിൽ ചേർത്തിരുന്നു. ഹോസ്റ്റലിൽ. അവിടുത്തെ അൾത്താര ബാലികയായിരുന്നു മൂന്നു വർഷവും. അതുകൊണ്ട് സിസ്റ്റേഴ്സിന്റെകൂടെ ഭവനസന്ദർശനത്തിന് പോയി നല്ല പരിചയമുണ്ട്. പ്രിയപ്പെട്ട സഹോദരിമാരെ, എന്റെ പൊന്നു സിസ്റ്റേഴ്സേ, ഭാരതത്തിൽ ഒരുലക്ഷത്തിലധികം സിസ്റ്റേഴ്സുണ്ട് ഇനിയും ബാക്കി. ഈ ഒന്നോ രണ്ടോ ചാവാലപ്പട്ടികൾ അവിടെകിടന്ന് ചിലയ്ക്കുമ്പോൾ അവർക്കുവേണ്ടി സമയം കളയുന്നതെന്തിനാ?

അവരെ കൊല്ലാൻവേണ്ടി സമയം പാഴാക്കുന്ന തെന്തിനാ? നിങ്ങളെ ഞങ്ങൾക്ക് വേണം. എന്തി നാണെന്ന് അറിയാമോ? ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞുവച്ച മറ്റൊരു കാര്യമുണ്ട്: ത്രികാല ജ്ഞാനികളാണ് നിങ്ങൾ. പ്രാർത്ഥനകളുയ രുന്ന പ്രദേശത്തിന്റെ ദേവാലയങ്ങളായ നിങ്ങ ളുടെ കോൺവെന്റുകളിൽ ജപിക്കപ്പെടുന്ന ജപ മാലകളും, ആരാധനകളും, വി. കുർബാനയും ഞങ്ങളുടെ കുടുംബങ്ങൾക്ക് ആവശ്യമാണ്. ഈ ലോകത്തെ വിശുദ്ധീകരിക്കണമെങ്കിൽ, കുടുംബത്തെ വിശുദ്ധീകരിക്കണമെങ്കിൽ ത്രികാലജ്ഞാനി കളായ നിങ്ങളെ ഞങ്ങൾക്ക് കൂടിയേ തീരൂ. നിങ്ങൾക്കുവേണ്ടിയുള്ള പ്രാർത്ഥന ഞങ്ങൾ മുടക്കി യതാണ് ഈ അധഃപതനത്തിനു കാരണമെന്ന് ഏറ്റെടുത്തുകൊണ്ടാണ് ഞാൻ സംസാരിക്കുക. സമർപ്പിതർ ഉരുകിത്തീരുന്നത് കുടുംബസ്ഥരായ ഞങ്ങൾ പലരും അറിഞ്ഞില്ല. മാനവരാശിയുടെ ഭാവി കടന്നുപോകുന്നത് കുടുംബങ്ങളിലൂടെ യാണെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നമ്മളെ പഠിപ്പിച്ചിട്ടുണ്ട്. ഈ കുടുംബങ്ങളിലൂടെ രക്ഷ കടന്നു പോയതിന്റെ അടയാളങ്ങളാണ് ഈ ഇരിക്കുന്നതെന്ന് മനസ്സിലാക്കാതെ, ഞാനുൾപ്പെ ടുന്ന കുടുംബസ്ഥർ നിങ്ങൾക്കുവേണ്ടി പ്രാർത്ഥി ക്കാൻ മടികാണിച്ചു. നല്ലതു ചീഞ്ഞാൽ വല്ലാതെ നാറുമെന്ന് ഞങ്ങളെ പഠിപ്പിച്ച അനുഭവമാണ് ഇന്ന് കേരളത്തിൽ സംഭവിക്കുന്നത്. ഒരു സന്യാസിനി, ഒരു പുരോഹിതൻ വഷളായാൽ അതൊരു കുടുംബത്തിൽനിന്നുള്ള വ്യക്തിയാണെന്നും, കുടുംബത്തിനുവേണ്ടി ജീവിക്കുന്നതാണെന്നും ഞങ്ങൾ മറന്നു പോയി. പ്രിയപ്പെട്ടവരെ, ഈ സംഗമംപോലും നിങ്ങൾക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കാൻവേണ്ടി മാറ്റിവച്ചതല്ലേ. എനിക്ക് മുമ്പേ സംസാരിച്ച സിസ്റ്റേഴ്സ് എല്ലാവരും പറഞ്ഞതും കേട്ടതും നമ്മൾക്ക് അറിവുള്ള കാര്യ മാണ്. അവർ ആവേശത്തോടെ പറയുമ്പോൾ ഒരു അമ്മയെന്ന നിലയിൽ, ഒരു കുടുംബിനിയെന്ന നിലയിൽ, ഒരു ഭാര്യയെന്ന നിലയിൽ ഞാൻ നീറുകയായിരുന്നു. പ്രിയ സഹോദരിമാരെ, ഒത്തിരി സിസ്റ്റേഴ്സ് എനിക്ക് സുഹൃത്തുക്കളായി ഉണ്ട്, ചേച്ചിമാരായി ഉണ്ട്, അനിയത്തിമാരായി ഉണ്ട്. അവരുടെ പ്രാർത്ഥനകൾ, ദിവ്യകാരുണ്യ തിരുസന്നിധിയിൽ അവർ എനിക്കും എന്റെ കുടുംബത്തിനുംവേണ്ടി ഒത്തിരി ജപമാലകൾ ചൊല്ലുന്നതും വ്യക്തമായി അറിയാം. പ്രിയ സഹോദരിമാരെ, ഒരിക്കൽകൂടി ആവർത്തിക്കുക യാണ് നിങ്ങളെ ഞങ്ങൾക്ക് വേണം. നിങ്ങ ളുടെ ദൗത്യം നിറവേറ്റാൻ ഞങ്ങൾക്ക് നിങ്ങളെ ആവശ്യമാണ്. സുവിശേഷം ഫലദായകമാക്കു കയാണല്ലൊ നിങ്ങളുടെ ദൗത്യം. അതിന് തെര ഞ്ഞെടുക്കുന്ന വഴികൾ പലതാണ്. കുടുംബ സംഗമങ്ങളിൽ, കുടുംബ പ്രാർത്ഥനകളിൽ നിങ്ങൾ വരാറുണ്ട്. സമയം ഒത്തിരി മാറ്റി വയ്ക്കാറുണ്ട്. ഒരു വിവാഹം നടക്കുന്ന സമയത്ത് പൂക്കൾ ഞങ്ങൾ തലേദിവസം ഏൽപ്പിക്കാറേയുള്ളൂ. അത് നിങ്ങൾ മനോഹരമായി അലങ്കരിച്ച് അൾത്താര യുടെ മുമ്പിൽ വയ്ക്കും. ഞാനുൾപ്പെടെയുള്ള ആളുകൾ വന്ന് വിവാഹമെന്ന കൂദാശ സ്വീകരി ക്കുമ്പോഴും, ആ അൾത്താര മനോഹരമാക്കിയ സിസ്റ്റേഴ്സിനെ പലപ്പോഴും മറന്നുപോയിട്ടുണ്ട്. തിരുനാളുകൾ മനോഹരമാക്കാൻ, ദിവസങ്ങളോളം നിങ്ങൾ അൾത്താര അലങ്കരിക്കാൻ ഓടിനട ന്നതും മറന്നുപോയിട്ടുണ്ട്. വെള്ളംപോലും കു ടിക്കാൻ കിട്ടാതെ രാപകൽ നിങ്ങൾ അദ്ധ്വാനിച്ചി ട്ടുള്ളതും ഞങ്ങൾ മറന്നുപോയിട്ടുണ്ട്. കഴിഞ്ഞ ദിവസം ഒരു പുരോഹിതൻ പറഞ്ഞ കാര്യമുണ്ട്. ടീച്ചറേ, ഒരു ദിവസം വി. കുർബാന എല്ലാം കഴിഞ്ഞ് ഒരു ഈസ്റ്റർ ദിനത്തിൽ വൈകുന്നേരം വരെ പട്ടിണിയായിരുന്നു. എല്ലാവരും വിചാരിച്ചു അവര് വിളിക്കും, ഇവര് വിളിക്കും എന്നൊക്കെ. അവ സാനം എന്റെ ഇടവകയിൽനിന്ന് കുറച്ച് മാറി, ഹോട്ടലിൽ പോയി ഭക്ഷണം കഴിക്കുകയാണ് ചെയ്തത്. ഇത് പല പുരോഹിതർക്കും സന്യാസി നികൾക്കും ഉണ്ടായിട്ടുണ്ട്. തൊട്ടടുത്ത് കോൺവെന്റുകൾ ഉണ്ടെങ്കിൽ പോലും പട്ടിണി യിരിക്കാൻ വിധിക്കപ്പെട്ടവർ. ഏറ്റുപറഞ്ഞു പോകുകയാണ്. കൂടെ ഞങ്ങൾ ഉണ്ട്. ഇത്രനാൾ ഉള്ളതിനേക്കാൾ കൂടുതൽ ശക്തിയായി ഞങ്ങൾ ഉണ്ട്. നിങ്ങൾ സുവിശേഷം ഫലദായകമാക്കാൻ ഞങ്ങളിലൂടെ ഇറങ്ങിവന്നത് മനസ്സിലാക്കാതെ പോയത് പുതിയ തലമുറയിലുമുണ്ട്. നിങ്ങൾ സംഘടനകൾ പരിപോഷിപ്പിച്ചു. ഇടവകതല ത്തിൽ നിങ്ങൾ ചെയ്യുന്ന സേവനങ്ങൾ വില മതിക്കാനാവാത്തതാണ്. ഈയൊരു സംഗമം വലിയ ഒരു ഉയർത്തെഴുന്നേല്പാണ്. വിമർശ കർക്ക് ദൈവം മറുപടി കൊടുക്കും. മാധ്യമക്കോ മരങ്ങൾ എന്തെങ്കിലും ഒക്കെ പറഞ്ഞുവെന്ന് വിചാരിച്ച് നിങ്ങൾ വിഷമിക്കരുത്. അടുത്ത ഒരു സംഭവം കിട്ടുമ്പോൾ അവർ അതിന്റെ പിന്നാലെ പൊയ്ക്കൊള്ളും. അപ്പോഴും നമ്മൾ ഇവിടൊക്കെ തന്നെയുണ്ടാകും. എപ്പോഴും നിങ്ങളോടുകൂടെ ഞങ്ങൾ ഉണ്ടായിരിക്കും. ഒരി ക്കലും മറക്കില്ല. കാരണം, നിങ്ങളുടെ ദൗത്യം ലോകത്തിന്റേതല്ലാതെ, ലോകത്തിൽ ജീവിക്കാ നുള്ള വെല്ലുവിളിയാണ്. ഈ വെല്ലുവിളി ഏറ്റെടു ക്കാനായിട്ട് നിങ്ങൾക്ക് എന്നും സാധിക്കട്ടെ എന്ന് ഞങ്ങൾ എന്നും പ്രാർത്ഥനയിൽ ഓർക്കും. കുടും ബങ്ങൾക്ക് നിങ്ങളെ വേണം. നിങ്ങളുടെ ഒരു സ്പർ ശനം ഞങ്ങൾക്ക് ആവശ്യമാണ്. ആത്മാവിന്റെ കാവൽക്കാരാണ് അമ്മമാരെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പാ പറഞ്ഞു. ഞങ്ങൾ ആത്മാവിന്റെ കാവൽക്കാരാകണമെങ്കിൽ, നിങ്ങൾ സിസ്റ്റേഴ്സിന്റെ ഒരു സ്പർശനം ആവ ശ്യമാണ്. നിങ്ങളില്ലാതെ സഭയില്ല, സമൂഹമില്ല. അതുകൊണ്ടാണ് പറഞ്ഞത് ലോകത്തെ വിശു ദ്ധീകരിക്കലാണ് സന്യസ്തരുടെ ലക്ഷ്യമെന്ന്. ലോകത്തെ വിശുദ്ധീകരിക്കണമെങ്കിൽ വ്യക്തി വിശുദ്ധീകരിക്കപ്പെടണം. വ്യക്തി വിശുദ്ധീകരി ക്കപ്പെടണമെങ്കിൽ കുടുംബം വിശുദ്ധീകരിക്കപ്പെ ടണം. കുടുംബം വിശുദ്ധീകരിക്കപ്പെടുമ്പോൾ സഭയും സമൂഹവും വിശുദ്ധീകരിക്കപ്പെടും. അങ്ങനെ ലോകം വിശുദ്ധീകരിക്കപ്പെടും. ഞാൻ ഒരിക്കൽകൂടി ഊന്നിപ്പറയുകയാണ്: നിങ്ങളെ യല്ല അവർ ലക്ഷ്യമിട്ടിരിക്കുന്നത്, കുടുംബങ്ങളെ യാണ്. കുടുംബങ്ങളെ തകർത്താൽ ലോകത്തെ തകർക്കാൻ പറ്റും. ഇത് മറക്കരുത്. നമുക്ക് ശക്തി യാർജ്ജിക്കാം, പ്രാർത്ഥിച്ച് പ്രവർത്തിക്കാം. ■

# കേരളസഭയിലെ

## വിശുദ്ധർ


വി.അൽഫോൻസാമ്മ


വി.ചാവറ കുര്യാക്കോസ്


വി. എവുപ്രാസ്യാമ്മ


വി. മറിയം ത്രേസ്യ

## വാഴ്ത്തപ്പെട്ടവർ



ഫാ. തേവർപറമ്പിൽ അഗസ്റ്റിൻ
(രൂപതാവൈദികൻ)


സി. റാണി മരിയ
(സന്ന്യാസിനി FCC)

## ധന്യർ


ഫാ. ജോൺ വിൻസെന്റ്
(സന്ന്യാസി OCD)


ഫാ. ഔറേലിയൻ
(സന്ന്യാസി OCD)


ഫാ. സഖറിയാസ്
(സന്ന്യാസി OCD)


ഫാ. അഗസ്റ്റിൻ ജോൺ ഊക്കൻ
(രൂപതാവൈദികൻ)


ഫാ. മാത്യു കദളിക്കാട്ടിൽ
(രൂപതാവൈദികൻ)


മാർ തോമസ് കുര്യാളശ്ശേരി
(ബിഷപ്പ്)


ഫാ. ജോസഫ് വിതയത്തിൽ
(രൂപതാവൈദികൻ)


ഫാ. വർഗ്ഗീസ് പയ്യപ്പിള്ളി
(രൂപതാവൈദികൻ)

# പുണ്യസൂനങ്ങൾ

## ദൈവദാസർ


ഫാ. സെബാസ്റ്റ്യൻ പ്രസന്റേഷൻ
(രൂപതാവൈദികൻ)



മോൺ. റെയ്നോൾഡ്സ് പുരക്കൽ
(രൂപതാവൈദികൻ)


മോൺ. ലോറൻസ് പുളിയനത്ത്
(രൂപതാവൈദികൻ)


മദർ പേത്ര ദീനദാസി
(സന്ന്യാസിനി DSS)


സി. മരിയ സെലിൻ കണ്ണനായ്ക്കൽ
(സന്ന്യാസിനി UMI)


റവ. ജറോം ഫെർണാണ്ടസ്
(ബിഷപ്)


ഫാ. തിയോഫിൻ
(സന്ന്യാസി OFM Cap.)



മദർ ഏലീശ്വ വാകയിൽ
(സന്ന്യാസിനി CTC)



ഫാ. ജോർജ്ജ് വാകയിൽ
(രൂപതാവൈദികൻ)


മാർ മാത്യു കാവുകാട്ട്
(ബിഷപ്)


തോമസ് പുത്തൻപറമ്പിൽ
(അല്മായൻ)


മാർ മാത്യു മാക്കിൽ
(ബിഷപ്)


മോൺ. ജോസഫ് പഞ്ഞിക്കാരൻ
(രൂപതാവൈദികൻ)



ഫാ. കനീസിയൂസ് തെക്കേക്കര
(സന്ന്യാസി CMI)



ബ്രദർ ഫോർത്തുനാത്തൂസ്
(സന്ന്യാസസഹോദരൻ)


ഗീവർഗ്ഗീസ് മാർ ഇവാനിയോസ്
(ആർച്ച്ബിഷപ്)


മദർ മേരി ഷന്താൾ
(സന്ന്യാസിനി SABS)



ഫാ. ആന്റണി തച്ചുപറമ്പിൽ
(രൂപതാവൈദികൻ)


ഫാ. തോമസ് പൂതത്തിൽ
(രൂപതാവൈദികൻ)


മദർ മേരി സെലിൻ
(സന്ന്യാസിനി CMC)

അവലംബം സി.ബി.സി.ഐ

# മറിയം ത്രേസ്യ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു



ഹോളി ഫാമിലി സന്യാസിനി സമൂഹത്തിന്റെ സ്ഥാപക മറിയം ത്രേസ്യായെ ഫ്രാൻസിസ് മാർപാപ്പാ ഒക്ടോബർ 13-ാം തീയതി വത്തിക്കാനിൽ, ആഗോള കത്തോലിക്കാസഭയിലെ വിശുദ്ധരുടെ നിരയിലേക്ക് പേരു വിളിച്ചുയർത്തി. സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ നടന്ന നാമകരണ ചടങ്ങിൽ, കർദ്ദിനാൾ ജോൺ ഹെൻട്രി ന്യൂമാൻ (ഇംഗ്ലണ്ട്) സിസ്റ്റർ ജ്യസപ്പിന വന്നിനി (ഇറ്റലി), മാർഗരിറ്റ് ജോയ്സ് (സ്വിറ്റ്സർലണ്ട്), സിസ്റ്റർ ഡുൽഡി ലോപ്പസ് പൊന്തേസ് (ബ്രസീൽ) എന്നിവരെയും മറിയം ത്രേസ്യായോടൊപ്പം വിശുദ്ധ പദവിയിലേക്കുയർത്തി. മറിയം ത്രേസ്യായുടെ ഇടവകയായ മാള പുത്തൻചിറ ഉൾപ്പെടുന്ന ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ മാർ പോളി കണ്ണൂക്കാടനും മാർപാപ്പായോടൊപ്പം വി. കുർബാനയ്ക്ക് സഹകാർമ്മികത്വം വഹിച്ചു. മറിയം ത്രേസ്യായുടെ മദ്ധ്യസ്ഥതവഴി രോഗം ഭേദമായ തൃശ്ശൂർ പെരിഞ്ചേരി ക്രിസ്റ്റഫർ ജോയി ചൂണ്ടൽ, മറിയം ത്രേസ്യായുടെ കുടുംബാംഗങ്ങൾ, സീറോ മലബാർസഭ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, മറ്റ് ബിഷപ്പുമാർ, ആയിരക്കണക്കിന് വൈദികർ, സിസ്റ്റേഴ്സ്, വിശ്വാസികൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ലോകത്ത് നിലനിൽക്കുന്ന അന്ധകാരത്തിൽ, നമ്മെ നയിക്കുന്ന പ്രകാശമാണ് പുതിയ അഞ്ച് വിശുദ്ധരെന്ന് ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞു. അസ്ഥിത്വത്തിന്റെ സീമകളിലേക്ക് സ്നേഹയാത്ര നടത്തുന്നതിനായുള്ള അഭിഷിക്ത ജീവിതമാണ് അവർ നയിച്ചതെന്നും, ദൈനംദിന ജീവിതത്തിൽ നാമും വിശുദ്ധി കാക്കണമെന്നും മാർപാപ്പാ സൂചിപ്പിച്ചു. വിശുദ്ധ മറിയം ത്രേസ്യ ആഗോളതലത്തിൽ അൾത്താര വണക്കത്തിന് യോഗ്യയായി. ഭാരത കത്തോലിക്കാസഭയിലെ അഞ്ചാമത്തെയും, സീറോ മലബാർസഭയിലെ നാലാമത്തെയും വിശുദ്ധയാണ് മറിയം ത്രേസ്യ. വി. അൽഫോൻസാമ്മ (2008 ഒക്ടോബർ 12), വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ (2014 നവംബർ 23), വി. എവുപ്രാസ്യാമ്മ (2014 നവംബർ 23), വി. മദർ തെരേസ (2016 സെപ്റ്റംബർ 4), വി. മറിയം ത്രേസ്യ (2019 ഒക്ടോബർ 13) എന്നിവരാണ് ഭാരത കത്തോലിക്കാസഭയിലെ അഞ്ച് വിശുദ്ധർ.

# ക്രിസ്തു ജീവിക്കുന്നു
# (CHRISTUS VIVIT)

(ഫ്രാൻസിസ് മാർപ്പാപ്പായുടെ അപ്പസ്തോലിക പ്രബോധനത്തിന്റെ സംഗ്രഹം)

തയ്യാറാക്കിയത് : ഷാജി തേലപ്പുറത്ത്



2018 ഒക്ടോബർ 3 മുതൽ 28 വരെ റോമിൽ നടന്ന 15-ാമത് ബിഷപ്സ് സിനഡിന്റെ സാധാരണ ജനറൽ അസംബ്ലിയുടെ വെളിച്ചത്തിൽ യുവജനങ്ങൾക്കും ലോകത്തിലെ സർവ്വജനത്തിനുമായുള്ള ഫ്രാൻസിസ് മാർപാപ്പയുടെ സിനഡനന്തര അപ്പസ്തോലിക ഉദ്ബോധനമാണ് ''ക്രിസ്തു ജീവിക്കുന്നു''. 2019 മാർച്ച് 25 നാണ് മാർപാപ്പ ഈ പ്രബോധനം പ്രസിദ്ധീകരിച്ചത്. ഒൻപത് അധ്യായങ്ങളും 299 ഖണ്ഡികകളുമുള്ള ഈ പുസ്തകത്തിന്റെ ഓരോ വാചകവും ഒരു സന്ദേശമാണ്. ഒരു സംഗ്രഹത്തിൽ അതെല്ലാം ഉൾക്കൊള്ളിക്കുവാൻ സാധിക്കുകയില്ലല്ലോ. ആശയങ്ങളോട് നീതിപുലർത്തുവാൻ അധ്യായങ്ങൾ തിരിച്ചുള്ള ഒരു സംഗ്രഹമാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്.

### ഉള്ളടക്കം

ക്രിസ്തു ജീവിക്കുന്നു; നിങ്ങളും ജീവിക്കണമെന്നവനാഗ്രഹിക്കുന്നു. പ്രത്യാശാനിർഭരമായ ഈ സത്യത്തിന് ഊന്നൽ കൊടുത്തുകൊണ്ട് വിശുദ്ധിയിൽ വളരുവാനും, തങ്ങളുടെ വ്യക്തിപരമായ ദൈവവിളിയിൽ സമർപ്പണം ചെയ്യുവാനും യുവജനങ്ങളെ മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

## അധ്യായം ഒന്ന്

### ദൈവവചനത്തിന് യുവജനങ്ങളെക്കുറിച്ച് എന്താണ് പറയാനുള്ളത്?

### പഴയനിയമം

യൗവ്വനത്തിന്റെ പ്രസരിപ്പ് ദൈവശക്തിയോട് കൂടിച്ചേരുമ്പോഴുണ്ടാകുന്ന ഉണർവ് ചില വ്യക്തികളെ ചൂണ്ടിക്കാട്ടി മാർപാപ്പ പ്രതിപാദിക്കുന്നു. യൗവനകാലത്ത് ദൈവസ്വരം ശ്രവിച്ചവരും ദൈവം തെരഞ്ഞെടുത്തവരുമാണിവർ.

ജോസഫ് - തന്റെ സഹോദരങ്ങളേക്കാൾ തിളക്കമുള്ളവനായിരുന്നു (ഉൽപ.3:7).


ഗിദയോനോട് കർത്താവ് പറഞ്ഞു: ''നിന്റെ ഈ ശക്തിപ്രഭാവത്തോടുകൂടി ഇസ്രായേലിനെ വിമോചിപ്പിക്കുക''.

സാമുവേൽ - ഏലിപ്രവാചകന്റെ ഉപദേശം കേട്ട് തന്റെ ഹൃദയം ദൈവത്തിന്റെ വിളികേൾക്കാൻ തുറന്നു.

സാവൂൾ - യൗവനക്കാരനായ സാവൂളിനെ ദൈവം രാജാവാക്കി.

ദാവീദ് - ബാലനായ ദാവീദിനെ ദൈവം തെരഞ്ഞെടുക്കുന്നു. യുവത്വത്തിന്റെ മഹത്വം ബാഹ്യരൂപത്തിലല്ല, ഹൃദയത്തിലാണ് വെളിപ്പെടുന്നത്.

സോളമൻ - ദൈവത്തോട് ജ്ഞാനം ചോദിക്കുന്നു.



ജെറമിയ – യൗവനത്തിന്റെ പ്രസരിപ്പ് ദൈവശക്തിയോടു ചേരുമ്പോഴുണ്ടാകുന്ന ഉണർവോടെ പ്രവചിക്കുന്നു.

റൂത്ത് – കഷ്ടകാലത്ത് തന്റെ അമ്മായിയമ്മയ്ക്കൊപ്പം നിലകൊണ്ടു.

### പുതിയനിയമം

യുവജനങ്ങൾക്ക് പ്രത്യാശ നൽകുന്ന വചനങ്ങളും സംഭവങ്ങളും മാർപാപ്പ ഉദ്ധരിക്കുന്നു.

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ധൂർത്തപുത്രന്റെ ചിന്തകൾ നാശഹേതുവായിരുന്നു. ഒരു പുതിയ തുടക്കത്തിന് ശക്തിയാർജ്ജിച്ച് അവൻ വീട്ടിലേക്കു മടങ്ങുന്നു. എന്നാൽ, മൂത്തമകൻ അസൂയ, ആർത്തി, സ്വാർത്ഥത ആദിയായ ദുർഗുണങ്ങൾക്ക് അടിമപ്പെട്ടിരുന്നു. താൻ വിശ്വസ്തനാണെന്ന് സ്വയം വിശേഷിപ്പിക്കുന്നു. ഈശോ ഇളയ മകനെ പുകഴ്ത്തുന്നു.

നിത്യയൗവനക്കാരനായ ഈശോ യൗവനയുക്തമായ ഹൃദയം നമുക്കു തന്നനുഗ്രഹിക്കുന്നു. ''പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനെ ധരിക്കുക'' (കൊളോ. 3: 9-10).

''നിങ്ങളിൽ ഏറ്റവും വലിയവൻ ഏറ്റവും ചെറിയവനെപ്പോലെയാകണം'' (ലൂക്ക 22:26).

''നിങ്ങളുടെ യൗവനത്തെ ആരും അവഗണിക്കാതിരിക്കട്ടെ'' (1 തിമോ. 4:12).

''ആത്മനിയന്ത്രണം പാലിക്കുവാൻ യുവാക്കന്മാരെ ഉദ്ബോധിപ്പിക്കുക'' (തീത്തോസ് 2:5).

ധനത്തോടും സുഖസൗകര്യങ്ങളോടും കെട്ടുപിണഞ്ഞ ജീവിതത്തിനുടമയായ ധനികനായ യുവാവ് തിരിച്ചു പോകുന്ന ചിത്രം പാപ്പാ അനുസ്മരിക്കുന്നു (മത്തായി 19).

മണവാളനെ എതിരേൽക്കാൻ ഒരുങ്ങിയിരുന്ന കന്യകമാരേപ്പോലെ ആയിരിക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്യുന്നു (മത്തായി 25:1-13).

നിങ്ങളുടെ ആന്തരിക ചൈതന്യവും സ്വപ്നങ്ങളും ഉൻമേഷവും ശുഭാപ്തിവിശ്വാസവും ഔദാര്യവും നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ, നായിനിലെ വിധവയുടെ മുമ്പിൽ നിന്നതുപോലെ ഈശോ നിങ്ങളുടെ മുമ്പിൽ നിൽക്കും (ലൂക്ക 7:14).

## അധ്യായം രണ്ട്

### യേശുവിന്റെ നിത്യയുവത്വം

യൗവ്വനം മൗലികവും ഉത്തേജകവുമായ ഒരു ഘട്ടമാണ്. യേശുതന്നെയും അതനുഭവിക്കുകയും അതിനെ വിശുദ്ധീകരിക്കുകയും ചെയ്തു. യൗവനത്തിലാണ് അവിടുന്ന് പരസ്യജീവിതം ആരംഭിച്ചതും പീഡകളേറ്റ് മരിച്ചതും. കൗമാരക്കാരനായ ഈശോ ''അവൻ അവർക്ക് വിധേയനായിരുന്നു'' (ലൂക്ക 2:51). ''അവിടുന്ന് പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ പ്രീതിയിലും വളർന്നുവന്നു'' (ലൂക്ക 2:52). പിതാവിന്റെ കാര്യത്തിൽ വ്യാപൃതനായ ഈശോ സ്വകുടുംബത്തിന്റെ കാര്യത്തിൽ പങ്കുചേർന്നു. യേശുവിനെപ്പോലെ, ദൈവവുമായുള്ള ബന്ധം, ഒരു കുടുംബത്തിന്റെയും ഒരു ജനതയുടെയും ഭാഗമാണ് താനെന്ന ബോധ്യവും യുവജനങ്ങൾക്കുണ്ടാകണം. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടും നയിക്കപ്പെട്ടും അവർ ദൈവിക ദൗത്യം നിറവേറ്റണം. യുവാക്കളെ ശക്തിപ്പെടുത്തുവാനും, പിന്തുടരുവാനും, സേവനത്തിനായി സജ്ജമാക്കുവാനും അജപാലകർ ശ്രദ്ധാലുക്കളായിരിക്കണമെന്ന് മാർപാപ്പ ഉദ്ബോധിപ്പിക്കുന്നു.

> **യുവജനങ്ങളുടെ സ്വരം കേൾക്കുവാൻ സഭ കൂടുതൽ അവസരമുണ്ടാക്കണം. യുവജനങ്ങൾ എളിമയുള്ള സഭയെ ആഗ്രഹിക്കുന്നുവെന്നും, അവരുടെ വിശ്വാസമായിരിക്കുവാൻ സഭ അവരുടെ വിനയം വീണ്ടെടുക്കണമെന്നും പാപ്പാ ആഗ്രഹിക്കുന്നു.**

സഭയാണ് ലോകത്തിന്റെ യഥാർത്ഥ യൗവ്വനം. സഭയിൽ യുവജനങ്ങളുടെ സഹചാരിയും സ്നേഹിതനുമായ ക്രിസ്തുവിനെ കണ്ടുമുട്ടുവാൻ എപ്പോഴും സാധിക്കണം. യുവത്വത്തിന്റെ സൗന്ദര്യം സഭയ്ക്ക് സമ്മാനിക്കും. യുവജനങ്ങളുടെ സ്വരം കേൾക്കുവാൻ സഭ കൂടുതൽ അവസരമുണ്ടാക്കണം. യുവജനങ്ങൾ എളിമയുള്ള സഭയെ ആഗ്രഹിക്കുന്നുവെന്നും, അവരുടെ വിശ്വാസമായിരിക്കുവാൻ സഭ അവരുടെ വിനയം വീണ്ടെടുക്കണമെന്നും പാപ്പാ ആഗ്രഹിക്കുന്നു.

മറിയം നസ്രത്തിലെ യുവതി...അപകടസാധ്യതയറിഞ്ഞുകൊണ്ടുതന്നെ മുന്നിട്ടിറങ്ങിയവൾ ശക്തയാണ്. എലിസബേത്തിനെ സഹായിക്കുന്ന മറിയം തന്റെ മകന്റെ സഹനങ്ങളിൽ പങ്കുചേരുകയും അനുയാത്ര ചെയ്യുകയും ചെയ്യുന്നു. മറിയം നമ്മുടെ യൗവ്വനത്തെ പ്രശോഭിതമാക്കും.

ദൈവത്തിന് സ്വയം സമർപ്പിച്ച് രക്തസാക്ഷിത്വം വരിച്ച ധാരാളം യുവവിശുദ്ധർ സഭയ്ക്കുണ്ട്. ഇവർ യുവാവായ ക്രിസ്തുവിന്റെ വിലപിടിച്ച

പ്രതിബിംബങ്ങളാണ്. ചില ഉദാഹരണങ്ങൾ അദ്ദേഹം എടുത്തുകാട്ടുന്നു.

വി. സെബാസ്റ്റ്യൻ പ്രെറ്റോറിയൻ - ഒരു യുവ ക്യാപ്റ്റനായിരുന്ന അദ്ദേഹം ക്രിസ്തുവിനെക്കുറിച്ച് സഹപ്രവർത്തകരോട് സംസാരിക്കുന്നു. ഇക്കാരണത്താൽ പീഡനമേറ്റ് കൊല്ലപ്പെട്ടു.

വി. ഫ്രാൻസിസ് അസീസി - തനിക്കുള്ളതെല്ലാം ത്യജിച്ച് ക്രിസ്തുവിനെപ്പോലെ ദരിദ്രനായി.

വി. ജോവാൻ ഓഫ് ആർക്ക് - അക്രമികളോടു പൊരുതി ഫ്രാൻസിനെ സംരക്ഷിച്ചു. വിശ്വാസത്തിനുവേണ്ടി കൊല്ലപ്പെട്ടു.

വി. കത്തേരി തെക്കാത്താ - വിശ്വാസത്തെപ്രതി പീഡിപ്പിക്കപ്പെട്ടു. ''യേശുവേ, അങ്ങയെ ഞാൻ സ്നേഹിക്കുന്നു'' എന്ന് പറഞ്ഞ് മരിച്ചു.

വി. ഡൊമനിക് സാവിയോ - തിരസ്കൃതരോടും ദുർബലരോടുമൊപ്പമായിരിക്കുവാൻ ഇഷ്ടപ്പെട്ടു.

വാഴ്ത്തപ്പെട്ട ഇസിഡോർ ബെകാഞ്ച - യുവജനങ്ങൾക്ക് ക്രിസ്തുവിനെ പറഞ്ഞുകൊടുത്തു. പീഡകരോട് ക്ഷമിച്ചു.

വാഴ്ത്തപ്പെട്ട പിയർ ജോർജ്ജിയോ ഫ്രസാത്തി - യേശുവിന്റെ സ്നേഹത്തിന് പ്രതിസ്നേഹം നൽകുവാൻ പാവപ്പെട്ടവരെ സഹായിച്ചു.

വാഴ്ത്തപ്പെട്ട ക്യാരോബെദാണാ - ചെറുപ്പക്കാരിയായ ഇവർ സ്നേഹത്താൽ വേദനയെ രൂപപ്പെടുത്താമെന്ന് അനുഭവിച്ചറിഞ്ഞു.

സുവിശേഷം അതിന്റെ പൂർണ്ണതയിൽ ജീവിച്ചു മരിച്ച ഇവരും, മറ്റനേകം യുവജനങ്ങളും തിരുസഭയ്ക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കട്ടെ. അതുവഴി സഭ സന്തോഷമുള്ളവളും ധൈര്യശാലിയും പ്രതിബദ്ധതയുള്ളവളുമായ യുവജനങ്ങളാൽ നിറയട്ടെ.

## അധ്യായം മൂന്ന്

### നിങ്ങളാണ് ദൈവത്തിന്റെ ''ഇപ്പോൾ''

യുവജനങ്ങൾ ലോകത്തിന്റെ ഭാവി മാത്രമല്ല, അവരാണ് അതിന്റെ വർത്തമാനകാലവും. മുതിർന്നവരോടൊപ്പം ചുമതലകൾ ഏറ്റെടുക്കുവാൻ അവർ സന്നദ്ധരാണ്. സഭ യുവജനങ്ങളോട് സഹാനുഭൂതിയുള്ളവളായിരിക്കണം. ദൈവിക ജീവന്റെ ബീജങ്ങൾ സംവഹിക്കുന്ന പരിശുദ്ധ സ്ഥലമാണ് ഓരോ യുവാവിന്റെയും ഹൃദയം. സാർവ്വത്രികസഭയുടെ സൗന്ദര്യം എടുത്തുകാട്ടുവാൻ അദ്ദേഹം യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു.

സൗകര്യങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും നടുവിൽ ജീവിക്കുന്ന യുവജനങ്ങളെയും, അവഗണിക്കപ്പെട്ടവരും പീഡിതരുമായ യുവജനങ്ങളെയും വേർതിരിച്ചു കാണണമെന്ന് സിനഡ് അഭിപ്രായപ്പെട്ടു. ഇതുകൂടാതെ മറ്റനവധി വ്യത്യസ്ത സാഹചര്യങ്ങളിലാണ് യുവജനങ്ങൾ വസിക്കുന്നത് - യുദ്ധമുഖത്തുള്ളവർ, പീഡിപ്പിക്കപ്പെടുന്നവർ, മയക്കുമരുന്നിനും ലൈംഗിക അരാജകത്വത്തിനും അടിമകളായവർ, അബദ്ധസിദ്ധാന്തങ്ങൾക്കടിമപ്പെട്ടവർ ആദിയായവരുടെ ദുരവസ്ഥയിൽ സഭ വിലപിക്കണം. ''കണ്ണീർ ചിന്താൻ കഴിയാത്തവർക്ക് അമ്മയാവാനാവില്ല''.

ഇന്നത്തെ ലോകത്തിൽ യുവജനങ്ങളെ ബാധിക്കുന്ന മൂന്നു തലങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായി - സാങ്കേതികതയുടെ സാമൂഹികാന്തരീക്ഷം, പ്രവാസം, ദുരുപയോഗങ്ങൾ എന്നിവയാണവ. ഈ തലങ്ങളിൽ യുവജനങ്ങൾക്കുണ്ടാകുന്ന ഒറ്റപ്പെടലുകളും ആശങ്കകളും പരിഹരിക്കുവാനുള്ള സഭയുടെ ദൗത്യം എടുത്തുപറയുന്നതിനോടൊപ്പം പരിശുദ്ധാത്മാവിന്റെ സഹായത്തിനായി ദാഹിക്കുകയും വിശുദ്ധി ഉന്നം വയ്ക്കുകയും ചെയ്യുവാൻ പാപ്പാ യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു.

## അധ്യായം നാല്

### യുവജനങ്ങൾക്കുള്ള മഹത്തായ സന്ദേശം

ദൈവം നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളുടെ ഭൗമിക പിതാവ് എങ്ങനെയുള്ളയാളാണെന്നെനിക്കറിവില്ല. എന്നാൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് ആദ്യം നിങ്ങൾക്ക് ജന്മം നൽകുകയും ഓരോ നിമിഷവും നിങ്ങളെ പരിരക്ഷിക്കുകയും ചെയ്യുന്നു. നിങ്ങളെ രക്ഷിക്കാൻ ക്രിസ്തു തന്നെത്തന്നെ പൂർണ്ണമായി ബലി കഴിച്ചു (യോഹ. 13:1). നാം യേശുവിൽ രക്ഷിക്കപ്പെടുന്നു. യേശു നൽകുന്ന സ്വാതന്ത്ര്യവുമായി സ്നേഹബന്ധത്തിലാകുക. നിങ്ങൾ വിലമതിക്കാനാവാത്തവരാണ്. നിങ്ങൾ വിൽപനയ്ക്കുള്ളവരല്ല, വാങ്ങപ്പെടാൻ നിങ്ങൾ നിങ്ങളെ അനുവദിക്കരുത്; വശീകരിക്കപ്പെടാനോ പ്രത്യയശാസ്ത്രങ്ങളാൽ അടിമകളാക്കപ്പെടാനോ അനുവദിക്കരുത്.

യേശുവിനെ കേവലം ഒരു മാതൃകയായി, സ്മരണയായി, രണ്ടായിരം വർഷങ്ങൾക്കുമുമ്പ് നമ്മെ രക്ഷിച്ച ഒരാളായി മാത്രം കാണുന്നത് അപകടമാണ്. യേശു പൂർണ്ണമായും ജീവിക്കുന്നയാളാണ്. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമാണ് (1 കോരി. 15:7). യുഗാന്ത്യംവരെ എന്നും ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും (മത്താ. 28:20). നാം യേശുവിനെ മുറുകെപ്പിടിക്കണം.

പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ തിരുഹൃദയത്തിലേക്ക് നിങ്ങളെ ആകർഷിക്കുന്നു. നിങ്ങളെ സഹായിക്കാൻ ഓരോ ദിവസവും പരിശുദ്ധാത്മാവിനോടപേക്ഷിക്കുക. നിങ്ങളുടെ ജീവിതത്തെ മാറ്റാനും അതിനെ പ്രകാശിതമാക്കാനും അവിടുത്തേക്കു കഴിയും.

## അധ്യായം അഞ്ച്

### യുവത്വത്തിന്റെ പാതകൾ

യുവാവായിരിക്കുന്നത് ഒരനുഗ്രഹമാണ്; കൃപയാണ്. യൗവ്വനം യുവജനങ്ങൾക്ക് ഒരു അനുഗ്രഹീതസമയവും തിരുസഭയ്ക്കും ലോകത്തിനും ഒരു കൃപയുമാകുന്നു. ജായ്റോസിന്റെ പുത്രിയായ ബാലികയ്ക്ക് യൗവ്വനത്തിലേക്കുള്ള വാതിൽ യേശു തുറന്നുകൊടുത്തു (മർക്കോസ് 5:41). ക്രിസ്തുവുമായുള്ള ബന്ധം കൂടുതൽ സുന്ദരമായ ജീവിതത്തിലേക്കു വളരുവാൻ നമ്മെ പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. യുവശക്തി പ്രത്യാശയോടുകൂടി ഭാവിയിലേക്കു നോക്കുന്നു. യേശുവാണ് വഴി, നിങ്ങളുടെ വഞ്ചിയിൽ അവിടുത്തെ സ്വാഗതം ചെയ്യുകയും ആഴക്കടലിലേക്ക് പോകുകയും ചെയ്യുക. യേശുവിലുള്ള വിശ്വാസം വലിയ പ്രത്യാശയിലേക്ക് നിങ്ങളെ നയിക്കുന്നു. സംതൃപ്തി ജനകമായ ഒരു ജീവിതത്തിനുവേണ്ടിയുള്ള ആഗ്രഹങ്ങളെ ശ്വാസം മുട്ടിക്കാൻ കർത്താവ് ആഗ്രഹിക്കുന്നില്ല (സഭാപ്ര. 11:9-10). ധാരാളിത്വത്തിന്റെ ജീവിതം ഒഴിവാക്കുകയും, പുതിയ സന്തോഷങ്ങളെ അമിതമായി അന്വേഷിച്ച് പോകുന്നതിൽ നിന്ന് അകന്നു നിൽക്കുകയും ചെയ്യുക.

**യേശുവാണ് വഴി, നിങ്ങളുടെ വഞ്ചിയിൽ അവിടുത്തെ സ്വാഗതം ചെയ്യുകയും ആഴക്കടലിലേക്ക് പോകുകയും ചെയ്യുക. യേശുവിലുള്ള വിശ്വാസം വലിയ പ്രത്യാശയിലേക്ക് നിങ്ങളെ നയിക്കുന്നു. സംതൃപ്തി ജനകമായ ഒരു ജീവിതത്തിനുവേണ്ടിയുള്ള ആഗ്രഹങ്ങളെ ശ്വാസം മുട്ടിക്കാൻ കർത്താവ് ആഗ്രഹിക്കുന്നില്ല (സഭാപ്ര. 11:9-10).**

ക്രിസ്തുവുമായി സൗഹൃദത്തിലാകുവാൻ മാർപാപ്പ യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ജീവിതത്തിന്റെ എല്ലാ വശവും അവിടുന്നുമായി പങ്കുവയ്ക്കുക. അവിടുത്തോടുകൂടിയായിരിക്കുവാൻ പ്രാർത്ഥന നമ്മെ സഹായിക്കുന്നു. യുവജനങ്ങൾ പക്വതയിൽ വളരുവാനും മുതിർന്നവർ യുവത്വത്തിന്റെ മൂല്യങ്ങൾ സംരക്ഷിക്കുവാനും ശ്രമിക്കണം. പക്വതയിലുള്ള വളർച്ചയ്ക്ക് നിത്യയൗവ്വനമുള്ള ഹൃദയം ആവശ്യമാണ്.

വിശുദ്ധരെ കോപ്പിയടിച്ചുകൊണ്ടല്ല വിശുദ്ധരാകേണ്ടത്. ഇത് നമ്മുടെ പാതയിൽനിന്നും നമ്മെ വ്യതിചലിപ്പിക്കാം. നിങ്ങൾ ആരെന്നു കണ്ടെത്തേണ്ടതും വിശുദ്ധ ജീവിതത്തിനുള്ള പാത വികസിപ്പിക്കുകയും ചെയ്യേണ്ടത് നിങ്ങളാണ്.

എല്ലാവരുടെയും പൊതുനന്മക്കുവേണ്ടി പ്രവർത്തിക്കുന്നതാണ് സാമൂഹിക സൗഹൃദം. സാമൂഹിക ശത്രുത നശീകരണാത്മകമാണ്. ഏറ്റവും വലിയ ശത്രു യുദ്ധമാണ്. സാമൂഹിക പ്രവർത്തനവും ദരിദ്രരോടുള്ള സമ്പർക്കവും, വിശ്വാസവും ദൈവവിളിയും വർദ്ധിപ്പിക്കുന്നു. ലോകത്തെ മാറ്റുവാൻ നിങ്ങളുടെ ഊർജ്ജവും സാഹസികതയും സർഗ്ഗാത്മകതയും സംഭാവന ചെയ്യാൻ നാളെവരെയും കാത്തിരിക്കരുത്.

## അധ്യായം ആറ്

### വേരുകളുള്ള യുവജനങ്ങൾ

വേരുകളില്ലാത്ത ഭാവി നിർമ്മിക്കുവാൻ ശ്രമിക്കരുത്. മുറുകെപ്പിടിക്കാൻ ഒന്നുമില്ലാത്തപ്പോൾ ഒഴുകിപ്പോകുക എളുപ്പമാണ്. പിഴുതെറിയപ്പെടുവാൻ നിങ്ങളെ അനുവദിക്കരുത്. തലമുറകളിൽനിന്നും പൈതൃകമായി കിട്ടിയ ആത്മീയവും മാനുഷികവുമായ സമ്പന്നതകളെ മുറുകെപ്പിടിക്കണം. യുവജനങ്ങളെ അവരുടെ സാംസ്കാരികവും മതപരവുമായ വേരുകളിൽനിന്നും വിച്ഛേദിക്കുന്ന സാംസ്കാരിക അധിനിവേശം ആപൽക്കരമാണ്. ഇതിൽനിന്നും അവരെ രക്ഷപ്പെടുത്തുവാൻ സഭ ശ്രദ്ധിക്കണം.

''നിനക്ക് ജന്മം നല്കിയ പിതാവിനെ അനുസരിക്കുക, വൃദ്ധയായ അമ്മയെ നിന്ദിക്കരുത്''(സുഭാ. 23:22). തലമുറകളുടെ ഇടയിലെ ഭിന്നതവഴി ലോകത്തിന് ഒരിക്കലും പ്രയോജനമുണ്ടായിട്ടില്ല; ഉണ്ടാവുകയുമില്ല. ഒരുമയോടെ അപകടസാധ്യതകളെ ഏറ്റെടുക്കുവാൻ മാർപാപ്പ ആഹ്വാനം ചെയ്യുന്നു. യുവാക്കൾ വൃദ്ധരോടൊന്നിച്ച് യാത്ര ചെയ്യുകയാണെങ്കിൽ വർത്തമാനകാലത്തേക്ക് ദൃഢമായി വേരൂന്നുവാനും, ഭൂതകാലം പുനർസന്ദർശിക്കാനും, ഭാവിയിലേക്ക് നോക്കാനും കഴിയും. എല്ലാവർക്കും ഒരുമിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയോടുകൂടി മെച്ചപ്പെട്ട ലോകം നേടാം.

## അധ്യായം ഏഴ്

### യുവജന ശുശ്രൂഷ

യുവജനപ്രസ്ഥാനങ്ങൾ സഭയുടെ ആകമാനമുള്ള അജപാലന പ്രവർത്തനത്തിൽ എങ്ങനെ

പങ്കുകൊള്ളുന്നു എന്നത് നാം കണ്ടെത്തേണ്ടി യിരിക്കുന്നു. യുവജനങ്ങളെ സുവിശേഷവത്ക്ക രിക്കുവാൻ സമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തം ആവശ്യമാണ്. അജപാലന ദൗത്യവുമായി ജനങ്ങ ളിലേക്ക് എത്താൻ യുവജനങ്ങളുടെ വർദ്ധിച്ച പങ്ക് സഭയ്ക്ക് ആവശ്യമാണ്. യുവജനശുശ്രൂഷയുടെ വക്താക്കൾ യുവജനങ്ങൾതന്നെയാണ്. യുവജന ങ്ങളുടെ ഉൾക്കാഴ്ചയും നൈപുണ്യവും അറിവും പ്രയോജനപ്പെടുത്തുക. ഒരു യുവാവിന് മറ്റൊരു യുവാവിനെ ആകർഷിക്കുവാൻ കഴിയും. മറ്റുള്ളവ രിലേക്ക് എത്തിച്ചേരുവാൻ സാമിപ്യത്തിന്റെ ഭാഷ ഉപയോഗിക്കുവാൻ അദ്ദേഹം ആവശ്യപ്പെടുന്നു. കൂടാതെ സഭാകേന്ദ്രങ്ങൾ സുഹൃദ്ബന്ധങ്ങൾ വളർത്തിയെടുക്കുന്നവയാകണം. ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ സഭയുടെ

**നന്മകൾ ചെയ്യുന്ന യുവജനങ്ങളെ ജാതി മതഭേദമെന്യേ പ്രോത്സാഹിപ്പിക്കുക. നിയമങ്ങൾ അടിച്ചേല്പിക്കുന്നതിനു പകരം, നാം വിളിക്കപ്പെട്ടിരിക്കുന്നത് യുവജനങ്ങളിൽ ഭയരാഹിത്യം നിക്ഷേപി ക്കാനും ഉത്തരവാദിത്വം ഏറ്റെടുക്കു വാനും പരിശീലിപ്പിക്കാനുമാണ്.**

വിദ്യാഭ്യാസ സ്ഥാപനങ്ങൾ യുവജനങ്ങളെ പരിശീലിപ്പിക്കേണ്ടതുണ്ട്. മാനുഷികവും, മാനു ഷികതയുണർത്തുന്നതുമായ അറിവ് നല്കുവാൻ ഈ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം. ദൈവവചനം, ദിവ്യകാരുണ്യം, അനുരഞ്ജനകൂദാശ, ആത്മീയ ധന്യത, ജനപ്രിയ യുവജനശുശ്രൂഷയുടെ ആവ ശ്യകത എന്നിവ പാപ്പാ ഊന്നിപ്പറയുന്നു. നന്മകൾ ചെയ്യുന്ന യുവജനങ്ങളെ ജാതിമതഭേദമെന്യേ പ്രോത്സാഹിപ്പിക്കുക. നിയമങ്ങൾ അടിച്ചേല് പിക്കുന്നതിനുപകരം, നാം വിളിക്കപ്പെട്ടിരിക്കു ന്നത് യുവജനങ്ങളിൽ ഭയരാഹിത്യം നിക്ഷേപി ക്കാനും ഉത്തരവാദിത്വം ഏറ്റെടുക്കുവാനും പരിശീലിപ്പിക്കാനുമാണ്.

## അധ്യായം എട്ട്

### ദൈവവിളി

എല്ലാവരും അവരുടെ സ്വന്തം മാർഗത്തിൽ വിശുദ്ധരാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ആത്മകഥയുമായി ഇഴചേർന്ന ഒരു പ്രണയഗാഥയിലേക്കുള്ള ക്ഷണപത്രമാണ് ദൈവം വച്ചുനീട്ടുന്ന രക്ഷാപദ്ധതി. ദൈവവിളി നിങ്ങളുടെ ജോലി മാത്രമല്ല, മറ്റുള്ളവർക്കുവേണ്ടി നിങ്ങൾ ചെയ്യുന്ന ശ്രമങ്ങളും പ്രവർത്തികളും ദൈവവിളിയാണ്.

യുവജനങ്ങൾക്കുള്ള മുഖ്യവിഷയം കുടുംബമാ യിരിക്കണം. നിങ്ങളുടെ എല്ലാ നിക്ഷേപവും ഒരു കുടുംബത്തിൽ നിക്ഷേപിക്കുക. ഒറ്റയാൾജീവിതം ഒറ്റപ്പെടലിലേക്കും, ദുസ്സഹമായ ഏകാന്തതയി ലേക്കും നയിക്കും. മാമ്മോദീസായിലൂടെ ലഭി ക്കുന്ന ദൈവവിളിയാണ് പ്രഥമവും പ്രധാനവും.

തൊഴിൽ ജീവിതത്തിലെ പ്രധാന മേഖലയാണ്. തൊഴിൽ അത്യാവശ്യമാണ്, ഭൂമിയിലെ ജീവിത ത്തിന്റെ അർത്ഥത്തിന്റെ ഭാഗമാണ്, വളർച്ചയുടെ, മാനവ വികാസത്തിന്റെ, വ്യക്തിപരസഫലത യുടെ ചിത്രമാണ്. തൊഴിൽ ധനമാർഗം മാത്രമല്ല, അത് മാനുഷിക അന്തസ്സിന്റെ പ്രകാശനവും, വികസനത്തിന്റെയും സാമൂഹിക ഉൾച്ചേർക്കലി ന്റെയും പാതയാണ്.

പരിശുദ്ധാത്മാവ് പ്രചോദിപ്പിക്കുന്നുവെന്ന് ബോധ്യപ്പെട്ടാൽ വൈദികവൃത്തിയും ആദ്ധ്യാ ത്മികജീവിതവും തെരഞ്ഞെടുക്കുവാൻ മാർപാപ്പ യുവജനങ്ങളെ ആഹ്വാനം ചെയ്യുന്നു. കർത്താവ് സഭയ്ക്ക് നല്ല ഇടയന്മാരെ വാഗ്ദാനം ചെയ്യുന്നു.

## അധ്യായം ഒൻപത്

### വിവേചിച്ചറിയുക

ദൈവവിളിയെ തിരിച്ചറിയാനുള്ള ജ്ഞാനമുണ്ടാ യിരിക്കണം. ബുദ്ധിക്കും വിശുദ്ധ വചനത്തിനു മപ്പുറം ദൈവവചനത്തിന്റെ ഗ്രഹണം വിവേചന ത്തിനാവശ്യമാണ്. നിങ്ങളുടെ ദൈവവിളി വിവേ ചിച്ചറിയുവാൻ ഏകാന്തതയും നിശബ്ദതയും ആവശ്യമാണ്. പ്രാർത്ഥനയുടെ നിശബ്ദതയിൽ മാത്രമേ ദൈവത്തിന്റെ ഭാഷ മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ ഉറ്റ കൂട്ടുകാ രാണ് നിങ്ങൾ. കൃപയും ചൈതന്യവും അവൻ പ്രദാനം ചെയ്യുന്നു. ദൈവികദാനം നിങ്ങൾക്ക് കൂടുതൽ ആനന്ദവും ആവേശവും നല്കും.

നാം മറ്റുള്ളവരുടെ ജീവിതവഴി തിരിച്ചറിയാൻ വി ളിക്കപ്പെടുമ്പോൾ സർവ്വപ്രധാനം, ശ്രവിക്കാനുള്ള സന്നദ്ധതയാണ്. ശ്രവണത്തിന് മൂന്ന് സംവേ ദനക്ഷമതകൾ ആവശ്യമുണ്ട്. ഒന്ന്, വ്യക്തി കേന്ദ്രീകൃത സംവേദനക്ഷമത. രണ്ട്, വിവേചിച്ച റിയുന്ന സംവേദനക്ഷമത. മൂന്ന്, മറ്റേ വ്യക്തിയെ എന്താണ് നയിക്കുന്നതെന്ന് ശ്രദ്ധിക്കുന്നതിനുള്ള സംവേദനക്ഷമത.

നിങ്ങളുടെ യുവത്വം മാതാവിന്റെ ഉറപ്പുള്ള പ്രാർത്ഥനകളാൽ ശക്തമാകുകയും, സാന്നിധ്യ ത്താൽ സമ്പുഷ്ടമാക്കുകയും ചെയ്യട്ടെ. ക്രിസ്തു വിന്റെ മുഖത്തിൽ ആകൃഷ്ടരായി ഓട്ടം തുടരുക. പരിശുദ്ധാത്മാവ് നിങ്ങളെ മുന്നോട്ട് നയിക്കട്ടെ. ■

# തിരുവല്ല അതിഭദ്രാസനത്തിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന രണ്ടു വൈദികർ

തയ്യാറാക്കിയത് : **മോൺ. ചെറിയാൻ താഴമൺ**

## 1. സൗമ്യശീലനായ വന്ദ്യ ജോൺ കമുകുംപ്ലാക്കൽ അച്ചൻ

### ആമുഖം

ദൈവത്തിനും മനുഷ്യർക്കുമിടയിലുള്ള ബന്ധം സുഗമമാക്കിത്തീർക്കുന്ന വ്യക്തിയാണ് പുരോഹിതൻ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥൻ. ദൈവത്തിന്റ മുമ്പിൽ മനുഷ്യനെയും, മനുഷ്യർക്കു മുമ്പിൽ ദൈവത്തെയും പ്രതിനിധീകരിക്കുന്നവൻ. പഴയനിയമത്തിൽ, പൗരോഹിത്യ ദൗത്യങ്ങൾ പ്രധാനമായും നാലായിരുന്നു: വിശുദ്ധ സ്ഥലം കാത്തുസൂക്ഷിക്കുക, ദൈവഹിതം ജനത്തെ അറിയിക്കുക, ജനത്തിന്റെ പ്രാർത്ഥനകളും ആരാധനയും ദൈവതിരുമുമ്പിൽ അർപ്പിക്കുക, ദൈവത്തിന്റെ അനുഗ്രഹം ജനത്തിനു നല്കുക. ദൈവാലയ സംരക്ഷകർ പുരോഹിതരായിരുന്നു. ദൈവാലയത്തിന്റെ വിശുദ്ധിക്കും ലക്ഷ്യത്തിനും കോട്ടം വരുന്നില്ല എന്നുറപ്പ് വരുത്തേണ്ടിയിരുന്നത് പുരോഹിതന്മാരുടെ കടമയായിരുന്നു. ദൈവഹിതം അടങ്ങുന്ന നിയമഗ്രന്ഥം ജനത്തിനു വായിച്ചു വ്യാഖ്യാനിച്ചു നല്കിയിരുന്നതും പുരോഹിതന്മാരായിരുന്നു. ജീവിതത്തിലെ വിഷമസന്ധികളിൽ വിശ്വാസികൾ പുരോഹിതരെ സമീപിച്ചിരുന്നപ്പോൾ



ദൈവഹിതം ആരാഞ്ഞ് അറിയിച്ചിരുന്നതും അവരായിരുന്നു (സംഖ്യ 27:21; ന്യായാ 18: 5-6). ജനത്തിന്റെ ആവശ്യങ്ങളെ ദൈവസന്നിധിയിൽ എത്തിച്ചിരുന്നതും പുരോഹിതന്മാരായിരുന്നു. ദൈവം നല്കുന്ന പ്രാർത്ഥനയ്ക്കുള്ള ഉത്തരം അനുഗ്രഹരൂപത്തിൽ ജനത്തിനു എത്തിച്ചു നല്കുന്നതും പുരോഹിതർതന്നെ (നിയമാ. 21:5; 1 ദിന. 23:13). ചുരുക്കത്തിൽ, ദൈവസാന്നിദ്ധ്യം മനുഷ്യർക്കിടയിൽ അനുഭവവേദ്യമാക്കിയിരുന്നത് പുരോഹിതന്മാരായിരുന്നു. ഈ ചതുർവിധ പൗരോഹിത്യ ധർമ്മങ്ങളെല്ലാം യേശുതമ്പുരാൻ നിറവേറ്റുന്നുണ്ട്. അവന്റെ വിളി സ്വീകരിച്ചിരിക്കുന്ന എല്ലാ പുരോഹിതരുടെയും ധർമ്മവും ഇവയാണ്. കഴിഞ്ഞ അൻപത് വർഷമായി ഇവ ജീവിതത്തിൽ നിറവേറ്റുന്ന ഒരു വൈദികനെക്കുറിച്ചാണ് ഞാനിവിടെ കുറിക്കുന്നത്. പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട ജോൺ കമുകുംപ്ലാക്കൽ അച്ചൻ. എഴുപത്തിയാറാം വയസിലും അജപാലന ശുശ്രൂഷയിൽ ആമഗ്നനായിരിക്കുന്ന ഇടയൻ.

### അല്പം കുടുംബ വിശേഷം

കമുകുംപ്ലാക്കൽ കുടുംബസ്ഥാപകൻ, കോഴഞ്ചേരി കിഴക്കേപറമ്പിൽ കുടുംബത്തിൽനിന്നും റാന്നിയിലേക്കു കുടിയേറിയ പിതാവാണ്. കൃഷി പ്രധാന ഉപജീവനമാർഗ്ഗമായിരുന്ന കാലത്ത് കൂടുതൽ കൃഷിയോഗ്യമായ സ്ഥലങ്ങൾ തേടിയുള്ള കുടിയേറ്റം സാധാരണമായിരുന്നു. കമുകുംപ്ലാക്കൽ കുടുംബസ്ഥാപകനായ പിതാവും കൂടുതൽ മെച്ചമായ സ്ഥലം തേടി റാന്നിയിലെത്തി സ്ഥലങ്ങൾ സമ്പാദിച്ച് വാസമാരംഭിച്ചു. കർഷകരായ കുടിയേറ്റക്കാർക്കു പൊതുവേയുള്ള ദൈവാശ്രയവും വിശ്വാസവും കമുകുംപ്ലാക്കൽ കുടുംബാംഗങ്ങൾക്കും കൈമുതലായിരുന്നു. കോഴഞ്ചേരിയിൽ 'നവീകരണ'ക്കാരുടെ അതിപ്രസരംകൊണ്ടു കൂടിയായിരുന്നിരിക്കണം സ്തുതിചൊവ്വാക്കപ്പെട്ട സത്യവിശ്വാസം സംരക്ഷിക്കുവാനുള്ള ആഗ്രഹത്തോടുകൂടി കമുകുംപ്ലാക്കൽ കുടുംബസ്ഥാപക പിതാവ് റാന്നിയുടെ കിഴക്കൻ പ്രദേശത്തേക്ക് കുടിയേറിയത്. റാന്നി മുക്കാലുമൺ സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിലായിരുന്നു (മാവേലിപള്ളി) കമുകുംപ്ലാക്കൽ കുടുംബം കൂടിവന്നിരുന്നത്.

### പുനരൈക്യം പുഴിക്കുന്നിൽ

1940 കളിൽ പുനരൈക്യത്തിന്റെ ശംഖൊലി റാന്നി പ്രദേശത്ത് ശക്തമായി അലയടിക്കുവാൻ തുടങ്ങി.

അതിനു മുൻപ് അയിരൂർ (1932) കരിമ്പനാംകുഴി (1936) പ്രദേശങ്ങളിൽ ശക്തമായ പുനരൈക്യ മുന്നേറ്റങ്ങൾ നടന്നിരുന്നു. അയിരൂർനിന്നും കിഴക്കോട്ട് താമസംമാറിയ തെവറോലിൽ ശ്രീ തോമസിന്റെയും (കുഞ്ഞച്ചൻ), പാലനില്ക്കുന്നതിൽ കോരുത് എന്നിവരുടെയും ശ്രമഫലമായി 1940 ൽ കളമ്പാലയും, പൂഴിക്കുന്ന് എൽ. പി. സ്കൂൾ ഹെഡ്മാസ്റ്റർ വയലത്തലക്കാരൻ പട്ട്യാനിക്കൽ ശ്രീ എബ്രഹാം സാറിന്റെ ശ്രമഫലമായി പൂഴിക്കുന്നിലും പുനരൈക്യത്തിലൂടെ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ രണ്ട് ഇടവകകൾ രൂപപ്പെട്ടിരുന്നു. പുനരൈക്യത്തിലൂടെ സത്യസഭാപ്രവേശം സാദ്ധ്യമാണന്ന് തിരിച്ചറിഞ്ഞ കമുകുംപ്ലാക്കൽ ശ്രീ. തോമസും, മക്കൾ മത്തായി, തോമസ് എന്നിവരും അവരുടെ കുടുംബാംഗങ്ങളും ബഹു. കുറിയാക്കോസ് തളിയച്ചിറയച്ചൻ പൂഴിക്കുന്ന് തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരിയായിരിക്കുമ്പോൾ 1947 ൽ പുനരൈക്യപ്പെട്ട് പൂഴിക്കുന്ന് ഇടവകയിൽ ചേർന്നു.

### ചെത്തോങ്കര ഇടവകയിലേക്ക്

റാന്നി കമുകുംപ്ലാക്കൽ ചാക്കോ മത്തായിയുടെയും അമിച്ചകരി തോട്ടയ്ക്കാട്ട് പാട്ടപ്പറമ്പിൽ ഏലിയാമ്മയുടെയും ഇളയ മകനായി 1943 മെയ് 20-ാം തീയതി ഫാ. ജോൺ കമുകുംപ്ലാക്കൽ ജനിച്ചു. ജോൺ എന്ന പേര് സ്വീകരിച്ച് മുക്കാലുമൺ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ 20. 06. 1943 ൽ ജ്ഞാനസ്നാനം സ്വീകരിച്ചു. നാലാം വയസിൽ മാതാപിതാക്കളോടും സഹോദരങ്ങളോടുമൊപ്പം പുനരൈക്യപ്പെട്ട് പൂഴിക്കുന്ന് തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ ചേർന്നു. പൂഴിക്കുന്ന് പള്ളിയിലേക്ക് വളരെ ദൂരമായിരുന്നതിനാൽ അടുത്ത് ഒരു പള്ളി ഉണ്ടാകണമെന്ന് കമുകുംപ്ലാക്കൽ തോമസ് ആഗ്രഹിച്ചിരുന്നു. മാത്രവുമല്ല റാന്നി മുക്കാലുമൺ ചെത്തോങ്കര പ്രദേശത്ത് പുനരൈക്യത്തിന്റെ സാദ്ധ്യതകളും അദ്ദേഹം തിരിച്ചറിഞ്ഞു. ചെത്തോങ്കരയിൽ ഒരു പള്ളി ആരംഭിക്കുന്നത് പുനരൈക്യത്തെ ശക്തിപ്പെടുത്തുമെന്ന് 1949-1951 കാലത്ത്, പൂഴിക്കുന്ന് പള്ളിവികാരിയായിരുന്ന ബഹു. ഗീവർഗീസ് ഓണക്കൂർ അച്ചനും, കമുകുംപ്ലാക്കൽ തോമസുംകൂടി തിരുവല്ലയിൽ എത്തി അഭിവന്ദ്യ മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ ധരിപ്പിച്ചു. ഉചിതമായ സ്ഥലം കണ്ടെത്താനും പുനരൈക്യപ്പെടാൻ തയ്യാറുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കാനും അഭിവന്ദ്യ തിരുമേനി അവരെത്തന്നെ ചുമതലപ്പെടുത്തി. കരിമ്പന്നൂർ മുരുപ്പേൽ ചാക്കോ വക ഒരേക്കർ പത്ത് സെന്റ് സ്ഥലം മണ്ണിൽ ശമുവേലിന് ഒറ്റിനല്കിയിരുന്നത് ഒറ്റിഒഴിച്ച് ഭദ്രാസനത്തിന് തീറാധാരം നല്കാമെന്ന് ചാക്കോ സമ്മതിച്ചു. പ്രസ്തുത സ്ഥലവും അതിലുണ്ടായിരുന്ന വീടും 1951 ൽ ഭദ്രാസനത്തിനുവേണ്ടി വാങ്ങി. വീടിന്റെ വരാന്തയോടു ചേർന്ന് ഓലമേഞ്ഞ ഒരു ഷെഡ് ഉണ്ടാക്കി പള്ളിയാക്കി. പൂഴിക്കുന്ന് ഇടവകയിൽനിന്ന് കമുകുംപ്ലാക്കൽ കുടുംബവും, കാരയ്ക്കാട്ട് ജോർജ്ജ്, വലിയപറമ്പിൽ മാത്യൂ, കളർമണ്ണിൽ ചാക്കോ, തേക്കടയിൽ എബ്രഹാം, മണക്കാലുംപള്ളിൽ ഫിലിപ്പ്, കരിമ്പന്നൂർ മുരുപ്പേൽ ചാക്കോ എന്നിവരുടെ കുടുംബങ്ങളും 1951 നവംബർമാസം ക്രിസ്തുരാജത്വതിരുനാൾദിവസം, ക്രിസ്തുരാജന്റെ നാമത്തിൽ ചെത്തോങ്കരയിൽ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ കൂദാശചെയ്തു പ്രതിഷ്ഠിച്ച പുതിയ ഇടവകയിലേക്ക് മാറി. താമസിയാതെതന്നെ ബഹു. യോവാക്കീം നാഗഞ്ചേരിലച്ചനും കമുകുംപ്ലാക്കൽ തോമസുംകൂടി ശ്രമം നടത്തിയതിന്റെ ഫലമായി പുതിയ പള്ളി പണിയാൻ ഭദ്രാസന മെത്രാപ്പോലീത്താ അനുവാദം നല്കി. ബഹു. തോമസ് നേര്യംപറമ്പിലച്ചനും കമുകുംപ്ലാക്കൽ തോമസും കൂടിയാണ് പള്ളിപണിക്ക് നേതൃത്വം നല്കിയത്. 1956 നവംബർ മാസത്തിൽ ക്രിസ്തുരാജന്റെ തിരുനാൾദിവസം അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്താ പുതിയ പള്ളിയുടെ കൂദാശാകർമ്മം നടത്തി. കമുകുംപ്ലാക്കൽ കുടുംബം റാന്നി പ്രദേശത്ത് പുനരൈക്യത്തിന്റെ തീഷ്ണമതികളായ പ്രേഷിതരായിരുന്നു. ബാല്യം മുതലേ വല്യപ്പനിൽനിന്നും മാതാപിതാക്കളിൽനിന്നും ആത്മിക ചിന്തയും സഭാസ്നേഹവും ജോണിലേക്ക് പ്രവേശിച്ചിരുന്നു.

### പഠനവും ദൈവവിളിയും

ബാലനായ ജോണിന്റെ അക്ഷരാഭ്യാസം ആശാൻ കളരിയിലും, പ്രഥമിക വിദ്യാഭ്യാസം റാന്നി കാഞ്ഞിരത്താമല പ്രൈമറിസ്കൂളിലും, ഹൈസ്ക്കൂൾ പഠനം റാന്നി എസ്സ്. സി. ഹൈസ്ക്കൂളിലുമായി പൂർത്തിയാക്കി 1960 ൽ എസ്സ്. എസ്സ്. എൽ. സി പാസ്സായി. കുടുംബത്തിലെ മുതിർന്നവരുടെ സഭാസ്നേഹവും, ആത്മികനിഷ്ഠകളും, ജോണിൽ വൈദികജീവിതത്തെക്കുറിച്ചും, സഭാസേവനത്തെക്കുറിച്ചുമുള്ള ചിന്തകളും ആഗ്രഹങ്ങളും രൂപപ്പെടുത്തിയിരുന്നു. 1960 മെയ് 29 -ാം തീയതി തിരുവല്ലാ മൈനർ സെമിനാരിയിൽ വൈദിക പഠനത്തിനായി ജോൺ പ്രവേശനം നേടി. അഭി. സക്കറിയാസ് മാർ അത്തനാസിയോസ് പിതാവും, റെക്ടർ ബഹു. ജോർജ്ജ് ചുണ്ടേവാലേലച്ചനും ചേർന്ന് ജോണിനെ സെമിനാരിയിൽ സ്വീകരിച്ചു. മൂന്ന് വർഷത്തെ ആദ്ധ്യാത്മിക രൂപീകരണത്തിനും ഭാഷാപഠനത്തിനും ശേഷം ആലുവാ കർമ്മലഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ കോളേജിൽ 31. 05. 1963 മുതൽ മൂന്ന് വർഷത്തെ ഫിലോസഫി പഠനവും, 01. 06. 1966 മുതൽ ആലുവാ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ നാല് വർഷത്തെ ദൈവശാസ്ത്ര പഠനവും പൂർത്തിയാക്കി. മേരിഗിരി അരമന ചാപ്പലിൽവച്ച് 1967 മെയ് 27 ന് സമറോനോ, കോറൂയോ പട്ടങ്ങളും, 1968 മെയ് ആറിന് ഹവ്പ്പദ്യാക്കീനോ പട്ടവും, തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് 1969 മെയ് ഒൻപതിന് ശെമ്മാശപട്ടവും, അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായിൽനിന്ന് സ്വീകരിച്ചു.

സ്പാനിഷ് കർമ്മലീത്താ മിഷനറിമാരായിരുന്ന ഫാ. മൈക്കിൾ എയ്ഞ്ചൽ, ഫാ. ഡൊമിനിക്ക്, ദൈവദാസൻ ഫാ. ഔറേലിയൻ തുടങ്ങിയ പണ്ഡിതരും വിശുദ്ധരുമായ വൈദികരുടെ കീഴി ലുള്ള അഭ്യസനവും പഠനവും പരിശീലനവും ജോൺ ശെമ്മാശനെ ആത്മികതയുടെ ആഴ ങ്ങൾ തേടാൻ പ്രാപ്തനാക്കിയിരുന്നു. വൈദിക പരിശീലനം തൃപ്തികരമായി പൂർത്തിയാക്കിയ ശെമ്മാശ്ശൻ, 1969 ഡിസംബർ 22-ാം തീയതി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് സഹപാഠി ബഹു.പെരുമ്പ്രാൽ തോമസ് ശെമ്മാശ്ശനോടൊപ്പം അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ കൈവയ്പാൽ വൈദികസ്ഥാനത്തേക്ക് ഉയർത്ത പ്പെട്ടു. പിറ്റേദിവസം ചെത്തോങ്കര ക്രിസ്തുരാജ പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. വൈദികാ ഭിഷേകത്തിനുശേഷം അജപാലന ദൈവശാസ്ത്ര പഠനത്തിന്റെ ഭാഗമായുള്ള പ്രായോഗിക പരിശീ ലനത്തിനായി ആലുവാ മംഗലപ്പുഴ സെമിനാരി യിലേക്ക് വീണ്ടും മടങ്ങിപ്പോയി. മൂന്ന് മാസത്തെ പ്രായോഗിക പരിശീലനത്തിനുശേഷം 1970 മാർച്ച് മുപ്പത്തിയൊന്നാം തീയതി രൂപതയിൽ മടങ്ങി യെത്തി അജപാലന ശുശ്രൂഷകൾ ആരംഭിച്ചു.

### അജപാലന ശുശ്രൂഷ

പ്രഥമ നിയമനം ബഹു ജേക്കബ് വഴുതലക്കാട്ടച്ച നോടൊപ്പം, മൂവാറ്റുപുഴ വാഴപ്പള്ളിൽ താമസി ച്ചുകൊണ്ട് പോത്താനിക്കാട്, ചാത്തമറ്റം ഇടവ കകളിൽ സഹായവികാരിയായിട്ടായിരുന്നു. 1970 ഏപ്രിൽ ഒന്ന് മുതൽ ഓഗസ്റ്റ് ഒന്നാം തീയതി വരെ അവിടെ ശുശ്രൂഷ ചെയ്തു. വികാരിയാ യിട്ടുള്ള പ്രഥമ നിയമനം പാണ്ടങ്കേരി, തലവടി സൗത്ത് ഇടവകകളിലായിരുന്നു. നെടുമ്പ്രം പള്ളി മേടയിൽ ബഹു. ജോർജ് വർഗ്ഗീസ് പാലത്തി ങ്കലച്ചനോടൊപ്പം താമസിച്ചുകൊണ്ട് 1970 ഓഗസ്റ്റ് നാല് മുതൽ 1973 മെയ് ആറാം തീയതി വരെ അവിടെ ശുശ്രൂഷ ചെയ്തു. അടുത്ത നിയമനം 1973 ഓഗസ്റ്റ് ആറ് മുതൽ പൂതൃക്ക, തമ്മാനിമറ്റം ഇടവകകളുടെ വികാരിയായിട്ടായിരുന്നു. പൂതൃക്ക പള്ളിയുടെ മുൻപിൽ വിശുദ്ധ ഗീവർഗീസ് സഹ ദായുടെ നാമത്തിലുള്ള കുരിശടി പണിയിച്ചത് ബഹു. അച്ചന്റെ ശുശ്രൂഷാകാലത്താണ്. 1976 മുതൽ 1978 വരെ കരുവാരകുണ്ട്, പുളിയക്കോട് ഇടവകകളിലും, 1978 മുതൽ 1979 മാർച്ച് വരെ മൈലാടുംപെട്ടി, മൂത്തേടം ഇടവകകളിലും വികാ രിയായി പ്രവർത്തിച്ചു. ആ കാലത്ത് വലിയ പള്ളി മണിയും വെള്ളിക്കുരിശും പള്ളിക്കുവേണ്ടി വാങ്ങിയത് ഇന്നും കരുവാരകുണ്ട് ഇടവകക്കാർ അഭിമാനത്തോടെയാണ് സ്മരിക്കുന്നത്. അഭി വന്ദ്യ ഐസക് മാർ യൂഹാനോൻ മെത്രാപ്പോ ലീത്താ ഭദ്രാസനഭരണം ഏറ്റെടുത്ത് നടത്തിയ ആദ്യ സ്ഥലമാറ്റത്തിൽ, 1979 മാർച്ച് 22-ാം തീയതി മുതൽ വാളക്കുഴി, കുരിശുമുട്ടം ഇടവകകളിലേക്ക് നിയമിച്ചു. 1983 ജൂൺ മുതൽ 1989 മെയ് വരെ കവന്തി, ബാലഗ്രാം ഇടവകകളിലും, 1989 മെയ് മുതൽ 1994 മെയ് വരെ വെളിയനാട്, കളമ്പൂർ ഇടവകകളിലും, 1994 മെയ് മുതൽ 2004 ജനുവരി 24 വരെ അമയന്നൂർ, തിരുവഞ്ചൂർ ഇടവകക ളിലും, 2004 ജനുവരി 25 മുതൽ 2007 മെയ് 14 വരെ കുമ്പനാട് ഇടവകയിലും, 2007 മെയ് 14 മുതൽ 2013 മെയ് മൂന്ന് വരെ അയിരൂർ സെന്റ് പാട്രിക്സ് പള്ളിയിലും വികാരിയായി ശുശ്രൂഷ ചെയ്തു. ബഹു. അച്ചന്റെ ശുശ്രൂഷാകാലത്താണ് അയിരൂർ ഇടവക പ്ലാറ്റിനം ജൂബിലി ആഘോ ഷിച്ചതും, ജൂബിലി സ്മാരകമായി ചരിത്ര സ്മര ണിക പ്രസിദ്ധീകരിച്ചതും, വൈദികമന്ദിരത്തിന് മുകളിൽ ഹാൾ നിർമ്മിച്ചതും. 2013 മെയ് മൂന്ന് മുതൽ വെച്ചൂച്ചിറ സെന്റ് കുറിയാക്കോസ് ഇടവ കയിൽ വികാരിയായി ശുശ്രൂഷ ചെയ്യുന്നു.

### പ്രാർത്ഥനയുടെ മനുഷ്യൻ

അകലെനിന്നു മാത്രം കണ്ടിരുന്ന ബഹു. കമുകും പ്ലാക്കൽ ജോണച്ചനെ വളരെ അടുത്തറിയുവാൻ സാധിച്ചത് 1993 ൽ ഞാൻ വെളിയനാട് സെന്റ് പോൾസ് ഹൈസ്ക്കൂളിൽ അദ്ധ്യാപകനായിരു ന്നപ്പോഴും, ബഹു. അച്ചൻ നീണ്ട ആറ് വർഷം (2007-2013) എന്റെ മാതൃഇടവകയായ അയിരൂരിൽ വികാരി ആയിരുന്നപ്പോഴുമാണ്. വെളിയനാട് സ്ക്കൂളിൽ പഠിപ്പിക്കുമ്പോൾ ഞാൻ എറണാകുളം ഇടവകയുടെ വികാരിയായിരുന്നു. അതിനാൽ പല ദിവസങ്ങളിലും ബഹു. അച്ചനോടൊപ്പം വെളിയനാട് പള്ളിമേടയിൽ താമസിച്ചിട്ടുണ്ട്. ബഹു. കമുകുംപ്ലാക്കലച്ചൻ എല്ലാ ദിവസവും വെളുപ്പിനെ വളരെ നേരത്തെതന്നെ ഉണർന്ന് പ്രാണായാമം, പ്രഭാത വ്യായാമം, പ്രഭാത കർമ്മ ങ്ങൾ ഇവയ്ക്കെല്ലാംശേഷം ദൈവാലയത്തി ലെത്തി ധ്യാനവും വ്യക്തിപരമായ പ്രാർത്ഥന യ്ക്കുംശേഷം, പ്രഭാതനമസ്ക്കാരവും, വിശുദ്ധ കുർബാനയും, തുടർന്ന് ദീർഘനേരം കൃത ജ്ഞതാ പ്രാർത്ഥനയും നടത്തുന്നത് നേരിൽ കണ്ടിട്ടുണ്ട്. പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും സന്ധ്യക്കും കൃത്യസമയത്ത് പള്ളിമണി സ്വയം അടിച്ചിട്ട് ദൈവാലയത്തിൽ മൂന്ന് നേരവും പ്രാർത്ഥനയും, രാത്രിഭക്ഷണത്തിനുശേഷം വീണ്ടും ദൈവാലയത്തിൽ കയറി ദീർഘനേ രത്തെ വ്യക്തിപരമായ പ്രാർത്ഥനയും നടത്തും. അദ്ദേഹത്തിന്റെ മുടക്കമില്ലാത്ത അനുദിന ജീവി തക്രമമാണിത്. ഭവനത്തിൽ മാതാപിതാക്കന്മാ രിൽനിന്നും, വൈദികസെമിനാരിയിൽ വിശുദ്ധ രായ ഔറേലിയനച്ചനെപ്പോലുള്ള വൈദികരിൽ നിന്നും ലഭിച്ചതാണ് പ്രാർത്ഥനയോടും ധ്യാന ത്തോടുമുള്ള മമതയും അടുപ്പവും.

അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം തിരിച്ച റിഞ്ഞ അനേകർ ദൂരെദേശങ്ങളിൽനിന്നുപോലും വിവിധ പ്രാർത്ഥനാ ആവശ്യങ്ങളുമായി അദ്ദേ ഹത്തെ സമീപിക്കാറുണ്ട്. അദ്ദേഹത്തിന്റെ പ്രാർത്ഥന അവർക്ക് അനുഭവവുമാണ്. പഴയനിയ മത്തിൽ ജീവിതത്തിന്റെ വിഷമസന്ധികളിൽ ജനം പുരോഹിതരെ ദൈവഹിതം തേടി എത്തുകയും, പുരോഹിതർ ദൈവഹിതം അറിഞ്ഞ് അവ ജനത്തെ അറിയിക്കുകയും ചെയ്തിരുന്നതുപോലെ,

അനേകർ ജീവിതപ്രശ്നങ്ങൾക്ക് ഉത്തരം തേടി അച്ചനെ സമീപിക്കുകയും, അച്ചൻ പ്രാർത്ഥനയിലൂടെ അവർക്ക് ഉത്തരം നല്കുകയും ചെയ്യുന്നു. സഭ നിർദ്ദേശിക്കുന്ന വൈദികരുടെ ധ്യാനം, സമ്മേളനങ്ങൾ, സഭാസംബന്ധമായ മീറ്റിംഗുകൾ തുടങ്ങിയ ആവശ്യങ്ങൾക്കല്ലാതെ അദ്ദേഹം ഒരിക്കലും ദൈവാലയം വിട്ട് വിദൂരത്തേക്ക് യാത്ര പോകാറില്ല. തന്റെ സാന്നിദ്ധ്യം എപ്പോഴും ഇടവകയിൽ ഉണ്ടായിരിക്കും. പള്ളിയും പരിസരങ്ങളും എപ്പോഴും വൃത്തിയായിരിക്കണമെന്നും അദ്ദേഹത്തിന് നിർബ്ബന്ധമാണ്.

## പ്രകൃതിസ്നേഹി

മണ്ണിനെയും മരങ്ങളെയും ചെടികളെയും സ്നേഹിക്കുന്ന പ്രകൃതിസ്നേഹിയാണദ്ദേഹം. താൻ ആയിരിക്കുന്ന പള്ളികളോട് ചേർന്ന് ചെടികൾ നട്ടുവളർത്തി പരിസരം മനോഹരമാക്കാനും അന്തരീക്ഷം ശുദ്ധവായുസമ്പന്നമാക്കാനും അദ്ദേഹം ശ്രദ്ധാലുവാണ്. എല്ലാ ദിവസവും ചെടിത്തോട്ടത്തിൽ കുറെ സമയം സ്വയമായി ജോലി ചെയ്യുവാൻ അദ്ദേഹം സമയം കണ്ടെത്തും. ഔഷധച്ചെടികളും, വായു ശുദ്ധീകരിക്കുന്നതരം ചെടികളും കണ്ടെത്തി പള്ളിപ്പരിസരത്ത് നട്ടുപിടിപ്പിക്കുന്നതിനദ്ദേഹം പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. സാധാരണ രോഗങ്ങൾക്ക് നാടൻ ഒറ്റമൂലികൾ നല്കി സൗഖ്യം നല്കുന്നതിന് ഒരു പ്രത്യേക സിദ്ധിതന്നെ അദ്ദേഹത്തിനുണ്ട്. അദ്ദേഹം ചെടികളുടെ ഇടയിൽ ചെന്ന്, പ്രഭാതത്തിൽ നടത്തുന്ന പ്രാണയാമവും വ്യായാമവുമാണ് 76-ാം വയസ്സിലും അരോഗദൃഢഗാത്രനായി ഇടയശുശ്രൂഷ തുടരുവാൻ അദ്ദേഹത്തെ സഹായിക്കുന്നത്.

## ജീവിതലാളിത്യത്തിന് മാതൃക

വൈദികരെക്കുറിച്ച് ആർഭാടജീവിതക്കാർ എന്ന് സഭയ്ക്കകത്തും പുറത്തും വലിയ വിമർശനങ്ങളും കുറ്റപ്പെടുത്തലുകളും അരങ്ങുതകർക്കുമ്പോൾ ലളിതജീവിതത്തിന്റെ മാതൃകയായി നമ്മുടെ മുൻപിലുണ്ട് ബഹു. കമുകുംപ്ലാക്കലച്ചൻ. സ്വന്തമായി വാഹനമോ അത്യാധുനിക വാർത്താവിനിമയ ഉപകരണങ്ങളോ ഇല്ലാത്ത ചുരുക്കം വൈദികരിൽ ഒരുവൻ. ഭക്ഷണക്രമത്തിലും വസ്ത്രധാരണത്തിലും തികഞ്ഞ ലാളിത്യം. യാത്ര പൊതുവാഹനങ്ങളിൽ, അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം കൂലിക്കു വിളിക്കുന്ന ടാക്സി വാഹനങ്ങൾ. ഭവനസന്ദർശനങ്ങൾ, കാൽനടയായും, ദൂരങ്ങളിൽ ഓട്ടോറിക്ഷായുടെ സഹായത്താലും. താമസിക്കുന്ന മുറിയിൽ പ്രത്യേകമായ യാതൊരു സൗകര്യങ്ങളും ആവശ്യപ്പെടാറില്ല. അത്യാവശ്യ വസ്ത്രങ്ങൾക്കും പുസ്തകങ്ങൾക്കും പുറമേ അദ്ദേഹത്തിനുള്ള സമ്പാദ്യം ഒരു റിസ്റ്റ് വാച്ചും, ഒരു പഴയ ട്രാൻസിസ്റ്റർ റേഡിയോയും, പത്ത് വർഷത്തിലധികം പഴക്കമുള്ള ഒരു മൊബൈൽ ഫോണും മാത്രം. ഏറ്റവും കുറച്ച് കാര്യങ്ങൾകൊണ്ട് ജീവിതത്തിൽ പൂർണ്ണ സംതൃപ്തി അനുഭവിക്കുന്ന വൈദികൻ. താൻ ലാളിത്യം പുലർത്തുമ്പോഴും സഹായം തേടി സമീപിക്കുന്നവരെ ഔദാര്യത്തോടെ സഹായിച്ചിരുന്നു.

## ശാന്തശീലൻ

സംസാരത്തിലും പ്രവർത്തനത്തിലും ഒരിക്കലും ശാന്തത കൈവിടാത്തവൻ. പ്രകോപിതരായി സംസാരിക്കുന്നവരെയും പെരുമാറുന്നവരെയും മൗനംകൊണ്ട് കീഴടക്കുന്ന ഉത്തമ ഇടയൻ. മിതഭാഷി. അനാവശ്യ സംഭാഷണങ്ങളിൽ പങ്കുചേരാനോ അവയ്ക്ക് ചെവികൊടുക്കാനോ ഒരിക്കലും താല്പര്യപ്പെടാത്ത വൈദികനാണദ്ദേഹം. സത്യത്തെയും ധർമ്മത്തെയും വെടിയാതെ ആരുടെ മുൻപിലും ഭൂമിയോളം താഴുവാൻ തയ്യാറാണദ്ദേഹം. അതുകൊണ്ടുതന്നെ അജപാലന മേഖലയിൽ ഒരിക്കലും ഖേദിക്കേണ്ടി വന്നിട്ടില്ല. തന്റെ പ്രവർത്തനശൈലികളെ എതിർക്കുന്നവരോടുപോലും ശാന്തതയോടെ അദ്ദേഹം ഇടപെടുന്നത് ആർക്കും അത്ഭുതമുളവാക്കുന്നതാണ്. ആഘോഷവേദികളിലോ പൊതുവേദികളിലോ പ്രത്യക്ഷപ്പെട്ട് പേരെടുക്കാൻ അശേഷം താല്പര്യമില്ലാത്തവൻ. ചുരുക്കത്തിൽ, ദൈവസാന്നിദ്ധ്യം സമൂഹത്തിൽ അനുഭവവേദ്യമാക്കുന്ന സാന്നിദ്ധ്യമാണ് അദ്ദേഹത്തിന്റേത്.

## സമാപ്തി

ഇടവകകേന്ദ്രീകൃത അജപാലനശുശ്രൂഷയിൽ പൂർണ്ണ സംതൃപ്തി കണ്ടെത്തുന്ന വൈദികൻ. അധികാരികളുടെ ആജ്ഞ അക്ഷരംപ്രതി നിറവേറ്റാൻ പരിശ്രമിക്കുന്ന വൈദികൻ. സ്വന്തം താല്പര്യങ്ങൾ ഗൗനിക്കാതെ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തിന്റെ താല്പര്യങ്ങൾ മാത്രം കരുതുന്ന ഇടയൻ. ചുമതലയേറ്റിരിക്കുന്ന ഇടവകദൈവാലയം വിട്ടുപോകാത്ത വിശുദ്ധ സ്ഥലത്തിന്റെ സൂക്ഷിപ്പുകാരനും ദൈവാലയ സൂക്ഷിപ്പുകാരനും. ഏതാവശ്യത്തിനും എപ്പോഴും ഇടവക ദൈവാലയത്തിൽ ഉണ്ടായിരിക്കുമെന്ന് ഉറപ്പുള്ള വൈദികൻ. ഇരുകൈ അറിയാതെ അനേകർക്ക് നന്മ പങ്കുവയ്ക്കുന്ന പട്ടക്കാരൻ. സ്വന്തം അഭിപ്രായങ്ങൾ പറയുമ്പോഴും കടുംപിടുത്തമില്ലാതെ വ്യത്യസ്ത അഭിപ്രായങ്ങളെ സ്വാംശീകരിച്ച് അജപാലന പ്രക്രിയയിൽ പ്രയോജനപ്പെടുത്തുന്ന പ്രായോഗികവാദി. എഴുപത്തിയാറാം വയസ്സിലും, പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലി നിറവിലും, ഒരാഗ്രഹം മാത്രം ആരോഗ്യം അനുവദിക്കുന്നിടത്തോളം കാലം തന്റെ പരിമിതികളെ ഉപകരണങ്ങളാക്കികൊണ്ട് അജപാലന ശുശ്രൂഷയിലൂടെ കർത്താവിനായി പ്രവർത്തിക്കണം, ദൈവജനത്തിനു ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായി ജീവിക്കണം.

# 2. മൗനത്തിന്റെ ഉപാസകൻ ബഹു. തോമസ് പെരുമ്പ്രാൽ അച്ചൻ

### തുടക്കം

ഒരാൾ എന്തെല്ലാം ചെയ്തു എന്നതിനെക്കാൾ ആ വ്യക്തി എന്തായിരിക്കുന്നു എന്നതാണ് കൂടുതൽ പ്രധാനം. പുറംമോടികൾ മാത്രം നോക്കി മനുഷ്യരെ വിലയിരുത്തുകയും ഉള്ളും ഉൾക്കാമ്പും കാണാൻ മടിക്കുകയുമാണ് ആധുനിക ലോകം. മനുഷ്യർ എന്തായിരിക്കുന്നു എന്നതിലധികം, എന്തു ചെയ്തു എന്നു നോക്കുന്നതിലും കാണുന്നതിലുമാണ് ഇന്ന് അധികം ആൾക്കാർക്കും താല്പര്യം. പരസ്യവും സ്മാരകങ്ങളുംകൊണ്ട് പുറംമോടിയുടെ പത്രാസ്കാട്ടി അണികളെ നേടാൻ ശ്രമിക്കുന്നവരുടെ മദ്ധ്യത്തിൽ വേറിട്ടൊരു വൈദികൻ അതാണ് ബഹു. തോമസ് പെരുമ്പ്രാൽ അച്ചൻ. സ്ഥാനമാനങ്ങളോ, സംഘടനാ നേതൃത്വമോ, സ്ഥാപന നിർമ്മാണമോ, സ്ഥാപന നേതൃത്വമോ ഒന്നും അദ്ദേഹത്തെ ഹരംപിടിപ്പിച്ചിട്ടില്ല, ഒന്നിന്റെയും പിന്നാലെ അദ്ദേഹം പോയിട്ടില്ല, ഒന്നും നേടാനായി ആരുടെയും പിന്നാലെയും പോയിട്ടില്ല. നട്ടിടത്ത് വളർന്നു, തളിർത്തു, പൂത്തു, ഫലമണിഞ്ഞു. പ്രതിഛായ വർദ്ധിപ്പിക്കാനും അനുഭാവം നേടാനുമൊന്നും ആരോടും സംഘം ചേർന്നില്ല, ആരുടെയും പിന്നാലെ പോയില്ല. വിളിച്ചവനോടു വിശ്വസ്തനായിരിക്കാൻമാത്രം ശ്രമിക്കുന്ന ജീവിതം. പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ



ജൂബിലി വേളയിൽ അദ്ദേഹത്തിന്റെ ഇടയശുശ്രൂഷയെക്കുറിച്ചൊരു അന്വേഷണം.

### അല്പം കുടുംബപുരാണം

ചെങ്ങന്നൂർ പ്രദേശത്തുനിന്ന് 'ചെങ്കേൽ' കുടുംബത്തിലെ നാല് സഹോദരങ്ങൾ, ദശകങ്ങൾക്കു മുമ്പ് മാന്നാർ പ്രദേശത്ത് വന്ന് താമസിച്ചു. അവരിൽനിന്നാണ് കരുവേലി, അത്തിക്കാത്തറ, പായിപ്പടവത്ത്, താമരവേലിൽ എന്നീ കുടുംബങ്ങളുടെ തുടക്കം. ചെങ്കേൽ കുടുംബപ്പേരിൽ നിന്നാണ് പ്രദേശത്തിന് ചെങ്ങന്നൂർ എന്ന് പേര് ലഭിച്ചതെന്ന് ഒരു വ്യാഖ്യാനവും കേട്ടിട്ടുണ്ട്. അത്തിക്കാത്തറ കുടുംബത്തിന്റെ ഒരു ഉപശാഖയാണ് പെരുമ്പ്രാൽ. പെരുമ്പ്രാൽ ജോർജ്ജ് തോമസിന്റെയും നിരണം പനമ്പറ്റേത്ത് മറിയാമ്മ (കുഞ്ഞമ്മ) യുടെയും സീമന്തപുത്രൻ 1942 ഓഗസ്റ്റ് ഒന്നിന് (1118 കർക്കിടകം 16) പാതിരാത്രിയാണ് ഫാ. തോമസ് പെരുമ്പ്രാലിന്റെ ജനനം. വിവാഹം കഴിഞ്ഞിട്ട് ഏറെ നാളുകളായിട്ടും മക്കളില്ലാതിരുന്ന ദമ്പതികളുടെ തീഷ്ണമായ പ്രാർത്ഥനയുടെയും നോമ്പിന്റെയും ഉപവാസത്തിന്റെയും ഫലമായി ജനിച്ച പൂർണ്ണചന്ദ്രനെപ്പോലെ സുന്ദരനായ ശിശു കുടുംബത്തിൽ എല്ലാവരുടെയും പ്രിയനായിരുന്നു. ശിശു പിറന്നു വീണ നിമിഷത്തിൽ 'പാതിരാ കമ്പനി ഊതിയത്' ശിശു ദൈവത്തിന്റെ പ്രത്യേക ദാനമാണെന്നും ദൈവത്തിന്റെ പ്രത്യേക തെരഞ്ഞെടുക്കപ്പെട്ടവനാണെന്നുമുള്ള സംസാരം അയൽപക്കങ്ങളിൽ പരക്കുവാൻ ഇടയാക്കി. ബോട്ടുകൾക്കു പുറമെ കമ്പനിവള്ളങ്ങൾ യാത്രക്കാർക്കുവേണ്ടി സർവ്വീസ് നടത്തുന്ന പതിവ് അന്നുണ്ടായിരിന്നു. വള്ളം കരയ്ക്കടുക്കുന്നത് നാട്ടുകാരെ അറിയിക്കുന്നതിനായി കുഴലൂതി ശബ്ദം പുറപ്പെടുവിക്കുമായിരുന്നു. അതിനെയാണ് കമ്പനി ഊതുക എന്ന് പറഞ്ഞിരുന്നത്. പാതിരായ്ക്ക് ഇപ്രകാരമുള്ള കമ്പനിവള്ളം പള്ളത്ത് കടവിൽ അടുത്തപ്പോൾ പാതിരാകമ്പനി ഊതിയത് ശിശുവിന്റെ ജനനസമയത്തായിരുന്നു. കമ്പനി വള്ളങ്ങളുടെ ഊത്തായിരുന്നു അന്നത്തെ മനുഷ്യർക്ക് സമയം അറിയാനുള്ള മാർഗ്ഗവും.

### പെരുമ്പ്രാൽ കുടുംബം

മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ നിരണം സെന്റ് മേരീസ് ഇടവകാംഗങ്ങളായിരുന്നു പെരുമ്പ്രാൽ കുടുംബം. ഇടവകയുടെ ഒരു ചാപ്പൽ മാന്നാത്ത് ഉണ്ടായിരുന്നു. മാന്നാർ മർത്തമറിയം പള്ളിയുടെ ഇപ്പോഴത്തെ സെമിത്തേരിയുടെ സ്ഥലത്തായിരുന്നു ചാപ്പൽ (മാന്നാർ ഈസ്റ്റ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയുടെ സമീപത്ത്). പത്തനാപുരം ദയറായിൽനിന്നുള്ള വൈദികരായിരുന്നു ചാപ്പലിൽ വിശുദ്ധ കുർബാനക്ക് വന്നുകൊണ്ടിരുന്നത്. ദയറാപട്ടക്കാരനായ ബഹു. എബ്രഹാം അച്ചനായിരുന്നു ചാപ്പലിൽവെച്ച് ശിശുവിന് തോമസ് എന്ന പേരിട്ട് മാമോദീസാ നല്കിയത്. നാല് സഹോദരന്മാരും ഒരു സഹോദരിയുംകൂടി കുടുംബത്തിൽ ജനിച്ചു എങ്കിലും, നോമ്പനുഷ്ഠിച്ചുള്ള പ്രാർത്ഥനയുടെ ഫലമായ പ്രഥമജാതൻ കുടുംബത്തിൽ എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു. കളരി ആശാന്റെ അടുത്ത് അക്ഷരാഭ്യാസം ആരംഭിച്ചു. തുടർന്ന്, മാന്നാർ മോടിശ്ശേരിൽ യു. പി.

സ്കൂളിലും, നിരണം സെന്റ് മേരീസ് സ്കൂളിലും പഠിച്ച് 1959 ൽ എസ്സ്. എസ്സ് . എൽ. സി. പാസ്സായി.

## പുനരൈക്യവും ദൈവവിളിയും

പുനരൈക്യത്തിന്റെ കാഹളം ചങ്ങനാശ്ശേരി ഭദ്രാസനത്തിലെ വേദപ്രചാര ഡയറക്ടർ പെരിയ ബഹു. ഡൊമിനിക് തോട്ടാശ്ശേരിലച്ചന്റെ നേതൃത്വത്തിൽ മാന്നാർ പ്രദേശത്ത് ആരംഭിച്ചിരുന്നു. എടത്വ ഇടവകക്കാരായിരുന്ന ഏതാനും സുറിയാനി കത്തോലിക്കാ കുടുംബങ്ങൾ മാന്നാറിൽ വന്നു താമസിച്ചിരുന്നത് പുനരൈക്യ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നിരുന്നു. പുനരൈക്യപ്രവർത്തനങ്ങളെ സഹായിക്കാനായി കർമ്മലീത്താ വൈദികരുടെ ഒരു ഭവനം മാന്നാറിൽ ആരംഭിക്കുകയും, അവിടെ പുനരൈക്യപ്പെടുന്നവർക്കായി ഒരു ഇടവക ആരംഭിക്കുകയും ചെയ്തിരുന്നു. 1930 ലെ പുനരൈക്യ സംഭവത്തെ തുടർന്ന്, മാന്നാർ കർമ്മലീത്താ ആശ്രമവും പള്ളിയും തിരുവല്ലാ ഭദ്രാസനത്തിൽ ഉൾച്ചേർത്തു. കാലാന്തരത്തിൽ തിരുവല്ലാ ഭദ്രാസനത്തിൽ നിന്നുള്ള വൈദികർ ഇടവകയിലെ ശുശ്രൂഷ ഏറ്റെടുത്തു. 1953 ൽ ബഹു. ജോസഫ് നിലപ്പനയച്ചൻ വികാരിയായിരിക്കുമ്പോൾ പെരുമ്പ്രാൽ കുടുംബം പുനരൈക്യപ്പെട്ട് മാന്നാർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ ചേർന്നു.

കുടുംബത്തിലെ മൂത്തപുത്രൻ സാങ്കേതികമായി എന്തെങ്കിലും പഠിച്ച് ജോലി നേടി കുടുംബത്തിന് അത്താണിയാകണമെന്നായിരുന്നു മാതാപിതാക്കളുടെ ആഗ്രഹം. എന്നാൽ തോമസിന്റെ ആഗ്രഹം വൈദികനാകണമെന്നതായിരുന്നു. സക്കറിയാസ് മാർ അത്തനാസിയോസ് പിതാവിന്റെ ഇടപെടൽകൊണ്ട് ഒരു വർഷത്തിനുശേഷം മാതാപിതാക്കൾ മകന്റെ താല്പര്യത്തിന് വഴങ്ങിക്കൊടുത്തു. അങ്ങനെ 1960 മാർച്ച് 31-ാം തീയതി തോമസ് തിരുവല്ലാ മൈനർ സെമിനാരിയിൽ വൈദികപഠനത്തിനു ചേർന്നു. ബഹു. ജോർജ് ചുണ്ടേവാലേലച്ചനായിരുന്നു റെക്ടർ. മൂന്ന് വർഷത്തെ ഭാഷാപഠനത്തിനും ആദ്ധ്യാത്മിക പരിശീലനത്തിനുംശേഷം, ബ്രദർ തോമസ് പെരുമ്പ്രാൽ തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾക്കായി ഈശോസഭാവൈദികർ നടത്തിയിരുന്ന മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ പ്രവേശനം നേടി. 1963 മെയ് 31 ന് മംഗലാപുരത്തെത്തി പഠനമാരംഭിച്ചു. മേരിഗിരി അരമന ചാപ്പലിൽവച്ച് 1967 മെയ് 27 ന് സമറോനോ, കോറൂയോ പട്ടങ്ങളും, 1968 മെയ് ആറിന് ഹവ്പദ്യാക്കീനോ പട്ടവും, 1969 മെയ് ഒൻപതിന് പൂർണ്ണ ശെമ്മാശപട്ടവും, അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായിൽനിന്നും സ്വീകരിച്ചു. തത്വശാസ്ത്ര-ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി നാട്ടിൽ മടങ്ങിയെത്തിയ ശെമ്മാശൻ, 1969 ഡിസംബർ 22 ന് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽവച്ച് അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ കൈവയ്പാൽ വൈദികനായി അഭിഷിക്തനായി. പിറ്റേദിവസം മാന്നാർ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയിൽ പ്രഥമ ദിവ്യബലിയും അർപ്പിച്ചു. വീണ്ടും പ്രായോഗിക അജപാലന പരിശീലനത്തിനായി നവവൈദികൻ മംഗലാപുരം സെമിനാരിയിലേക്ക് മടങ്ങിപ്പോയി. പരിശീലനം പൂർത്തിയാക്കി 1970 മാർച്ച് 31ന് തിരുവല്ലായിൽ തിരികെയെത്തി. ഈ കാലഘട്ടത്തിൽ മൈസൂർ സർവ്വകലാശാലയിൽ പ്രൈവറ്റായി സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദപഠനവും ആരംഭിച്ചിരുന്നു.

## അജപാലന ശുശ്രൂഷ

അജപാലന ശുശ്രൂഷയുടെ തുടക്കം 1970 ഏപ്രിൽ ഒന്നിന് നിലമ്പൂർ പ്രദേശത്ത് എടക്കര, ഉപ്പട, മാമാങ്കര, മൈലാടുംപൊട്ടി (ചുങ്കത്തറ) ഇടവകകളിൽ, ബഹു. സഖറിയാസ് കോട്ടയിൽ അച്ചന്റെ സഹവികാരിയായിട്ടായിരുന്നു. മാമാങ്കര, മൈലാടുംപൊട്ടി പള്ളികളിലായിരുന്നു തോമസച്ചൻ ശ്രദ്ധിച്ചിരുന്നത്. എടക്കര, ഉപ്പട പള്ളികളിൽ വികാരിയച്ചൻ ശ്രദ്ധിച്ചിരുന്നു. എടക്കര പള്ളിമേടയിലായിരുന്നു താമസം. ആദ്യത്തെ സ്വതന്ത്ര നിയമനം കരുവാരകുണ്ട്, പുളിയക്കോട് ഇടവകകളിൽ വികാരിയായിട്ടായിരുന്നു. ബഹു. ഏലിയാസ് തേക്കനാലച്ചന്റെ പുനരൈക്യ തീക്ഷ്ണതയിൽ രൂപകൊണ്ട രണ്ട് ഇടവകകൾ. ബഹു. കോശി ഇളവട്ടയച്ചനിൽനിന്നായിരുന്നു ബഹു. തോമസച്ചൻ ചുമതലയേറ്റത്. 1971 ഏപ്രിൽ 28 ന് ആരംഭിച്ച ശുശ്രൂഷ 1976 മെയ് വരെ തുടർന്നു. അതിനിടയിൽ അനാരോഗ്യംമൂലം പുലിക്കോട്ടിൽ മാത്യൂസച്ചന് വിശ്രമം ആവശ്യമായിരുന്നതിനാൽ ബഹു. പെരുമ്പ്രാലച്ചൻ മിഷൻ തീക്ഷ്ണത കൊണ്ട്, 1973 മെയ് മാസം മുതൽ 1974 മെയ് വരെ ഒരു വർഷക്കാലം ചെറുകര ഇടവകയുടെ ചുമതലയും വഹിച്ചിരുന്നു. അടുത്ത നിയമനം 1976 മെയ് മുതൽ 1979 മാർച്ച് 22 വരെ പീച്ചി, മാന്ദാമംഗലം ഇടവകകളിൽ വികാരിയായിട്ടായിരുന്നു. ഈ കാലയളവിൽ ബഹു. ഫിലിപ്പ് ഇരട്ടമാക്കിൽ (സീനിയർ) അച്ചനോടൊപ്പം നടത്തിയ പ്രേഷിത പുനരൈക്യപ്രവർത്തനങ്ങളുടെ ഫലമായാണ് ഇന്നത്തെ മൂവാറ്റുപുഴ ഭദ്രാസനത്തിലെ ചക്കുണ്ട് ഇടവക രൂപപ്പെട്ടത്. ഈ കാലഘട്ടത്തിലാണ് വിദൂര വിദ്യാഭ്യാസപദ്ധതിയിലൂടെ മൈസൂർ സർവ്വകലാശാലയിൽനിന്ന് സോഷ്യോളജിയിൽ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയതും. അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ പിതാവ് ഭദ്രാസനാദ്ധ്യക്ഷനായി ചുമതല ഏറ്റതിനുശേഷം നടത്തിയ വൈദിക സ്ഥലംമാറ്റത്തിൽ ബഹു. തോമസച്ചൻ 1979 മാർച്ച് 22-ാം തീയതി കുമളി, മുരിക്കടി ഇടവകകളിൽ നിയമിതനായി. കുമളി പള്ളിമേടയിൽ താമസിച്ചുകൊണ്ടുള്ള പ്രേഷിതപ്രവർത്തനം 1980 മെയ് 31 വരെ തുടർന്നു. 1980 ജൂൺ ഒന്നു മുതൽ 1983 ജൂൺ നാല് വരെ ആദ്യ കുറച്ചുനാൾ വണ്ടന്മേട്ടിലും പിന്നീട് കവന്തിയിലും താമസിച്ച് കവന്തി, ബാലഗ്രാം ഇടവകകളിൽ വികാരിയായി ശുശ്രൂഷ

ചെയ്തു. ഭദ്രാസനത്തിന്റെ വടക്കും കിഴക്കും മേഖലകളിലെ ശുശ്രൂഷകളെ തുടർന്ന് ബഹു. തോമസച്ചന്റെ ശുശ്രൂഷ മദ്ധ്യതിരുവിതാംകൂറിലെ പള്ളികൾക്കുകൂടി ലഭ്യമാക്കാൻ അധികാരികൾ ആഗ്രഹിച്ചതനുസരിച്ച് 1983 ജൂൺ അഞ്ച് മുതൽ 1984 മാർച്ച് 24 വരെ വാളക്കുഴി, കുരിശുമുട്ടം ഇടവകകളിൽ വികാരിയായി നിയമിതനായി. അടുത്ത നിയമനം 1984 മാർച്ച് 25 മുതൽ 1988 വരെ കളമ്പാല, വരവൂർ ഇടവകകളുടെ വികാരിയായിട്ടായിരുന്നു. ഈ കാലയളവിൽ 1984 ജൂലൈ 4-ാം തീയതി കുമ്പളന്താനം ഇടവകയുടെ വികാരി ബഹു. ഏബ്രഹാം ഇടശ്ശേരിയച്ചന്റെ ആകസ്മിക മരണത്തെ തുടർന്ന് 1984 ജൂലൈ ഒൻപതാം തീയതി മുതൽ 1984 ഒക്ടോബർ 27 വരെ കുമ്പളന്താനം ഇടവകയുടെ ചുമതലയും വഹിച്ചിരുന്നു. തുടർന്നുള്ള നിയമനം പൂഴിക്കുന്ന്, തൃക്കോമല ഇടവകകളിലേക്ക് ലഭിച്ചെങ്കിലും ചുമതല ഏല്ക്കുന്നതിനുമുമ്പ് 1988 മുതൽ 1990 വരെ ചെത്തോങ്കര, കരികുളം ഇടവകകളിലേക്കും, തുടർന്ന് 1990 മുതൽ 1994 മെയ് 14 വരെ പ്ലാങ്കമൺ, തേക്കുങ്കൽ ഇടവകകളിലേക്കുമായിരുന്നു. 1983 മുതൽ 1994 വരെയുള്ള കാലങ്ങളിൽ റാന്നി മേഖലയിലെ സൺഡേസ്കൂൾ, റാന്നി കാത്തലിക് കൺവൻഷൻ എന്നീ പ്രവർത്തനങ്ങളിൽ ശക്തമായ പിൻബലം നല്കിയിരുന്നു. കളമ്പാല, വരവൂർ വികാരിയായിരിക്കുമ്പോൾ കളമ്പാല പള്ളിയോടനുബന്ധിച്ച് ബഹു. മാത്യൂ മണലേലച്ചൻ ആരംഭിച്ച ഒരു ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിച്ചിരുന്നു. ഇതേ സമയത്താണ് റാന്നി സെന്റ് മേരീസ് സെൻട്രൽ സ്കൂളും കാത്തലിക് സെന്റർ കേന്ദ്രമാക്കി ആരംഭിച്ചിരുന്നത്. ഒരേ പ്രദേശത്ത് രണ്ട് സ്കൂളുകൾ വളർത്തിക്കൊണ്ടുവരിക ദുഷ്ക്കരവും, റാന്നി വൈദിക മേഖലയുടെ പ്രവർത്തനങ്ങൾക്ക് നല്ലതുമായിരിക്കുകയില്ല എന്നു മനസ്സിലാക്കിയ ബഹു. തോമസച്ചൻ കളമ്പാലയിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ അധികാരികളുടെ നിർദ്ദേശപ്രകാരം നിർത്തലാക്കി സെന്റ് മേരീസ് സ്കൂളിനോട് ലയിപ്പിക്കാൻ കാണിച്ച സൗമനസ്യം പ്രശംസനീയമായിരുന്നു.

മദ്ധ്യതിരുവിതാംകൂറിൽനിന്ന് അദ്ദേഹത്തിന്റെ ശുശ്രൂഷ വീണ്ടും വടക്കൻ മേഖലയിലേക്ക് മാറ്റി. 1994 മെയ് 15 മുതൽ കുന്നിക്കുരുടി, പെരുമ്പാവൂർ ഇടവകകളുടെ വികാരിയായി 1996 വരെ ശുശ്രൂഷ ചെയ്തു. 1996 മുതൽ 2001 വരെ കുന്ദംകുളം, കല്ലുംപുറം പള്ളികളുടെ വികാരിയായി ശുശ്രൂഷ ചെയ്തു. 2001 ൽ ഓതറ, പുറമറ്റം പള്ളികളിൽ നിയമിതനായി. എന്നാൽ യാത്രാസൗകര്യമില്ലാതിരുന്നതിനാൽ രണ്ടുമാസത്തിനുശേഷം, പുറമറ്റം പള്ളിയുടെ ചുമതലയിൽനിന്ന് വിടുതൽ വാങ്ങി. അടുത്ത നിയമനം 2003 മാർച്ച് 15-ാം തീയതി മാരാമൺ ഇടവകയിലേക്കായിരുന്നു. 2005 ഫെബ്രുവരി 12-ാം തീയതി അവിടെനിന്നും, നിരണം സെൻട്രൽ ഇടവകയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. 2007 ൽ റാന്നി ഇട്ടിയപ്പാറ കാത്തലിക് സെന്ററിൽ താമസിച്ചുകൊണ്ട് മുക്കട ഇടവകയുടെ വികാരിയായി നിയമിതനായി. ഏതാനും മാസങ്ങൾക്കുശേഷം താമസം മുക്കട പള്ളിയിലേക്കുമാറി. 2007 മെയ് 14 വരെ അവിടെ ശുശ്രൂഷ തുടർന്നു. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി ചുമതല ഏറ്റെടുത്തിട്ട് ആദ്യമായി നടത്തിയ വൈദിക സ്ഥലംമാറ്റത്തിൽ ബഹു തോമസ് പെരുമ്പ്രാലച്ചന്റെ അനാരോഗ്യം പരിഗണിച്ച് വിശ്രമത്തിനായി ചുമതലകളിൽ നിന്ന് വിടുതൽ നല്കി. ഭവനത്തിൽ താമസിച്ചുകൊണ്ട് ചികിത്സ നടത്തിവരവെ, ശുശ്രൂഷകൾ നടത്തുവാൻ വീണ്ടും ആരോഗ്യമായപ്പോൾ, 2008 ഒക്ടോബർ മാസത്തിൽ സെന്റ് ജോൺസ് കത്തീഡ്രലിൽ വികാരി ബഹു. സാമുവേൽ വാഴയിലച്ചന്റെ സഹവികാരിയായി നിയമിതനായി. എന്നാൽ അനാരോഗ്യം കാരണം 2010 ൽ ശുശ്രൂഷയിൽനിന്ന് വിടുതൽ നല്കി. ചികിത്സാർത്ഥം കുറെനാൾ ഭവനത്തിൽ സഹോദരനോടൊപ്പം മാന്നാറിൽ താമസിച്ചു. ഇപ്പോൾ പള്ളിമല ശാലോം വൈദികഭവനത്തിൽ വിശ്രമജീവിതം നയിക്കുന്നു.

### വിശേഷ വ്യക്തിത്വം

'എന്നാൽ, നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച്, രഹസ്യമായി നിന്റെ പിതാവിനോടു പ്രാർത്ഥിക്കുക;...........' (മത്തായി 6:6). ബഹു. തോമസ് പെരുമ്പ്രാലച്ചൻ തന്റെ വൈദികജീവിതത്തെ ചിട്ടപ്പെടുത്തിയിരിക്കുന്നത് ഈ ദൈവവചനത്തെ ആസ്പദമാക്കിയാണ്. ഇടവകകളിൽ താമസിച്ചിരുന്നപ്പോഴും, ഇപ്പോൾ പള്ളിമല ശാലോം വൈദികമന്ദിരത്തിലായിരിക്കുമ്പോഴും, അദ്ദേഹത്തിന്റെ മുറി സദാ അടഞ്ഞുകിടക്കും. ബഹു. അച്ചൻ അതിനുള്ളിൽ വചനവായനയിലും ധ്യാനത്തിലും മൗനത്തിലുമായിരിക്കും. സന്ദർശകരോട് കാര്യം തിരക്കി, അവരുടെ ആവശ്യം നിറവേറ്റി, വേഗത്തിൽ അവരെ യാത്രയാക്കും. തനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിന്റെ ആവശ്യങ്ങളെ ആരാധന, സ്തുതി, ബലി, പ്രാർത്ഥന, യാചന തുടങ്ങി രൂപങ്ങളിൽ ദൈവസന്നിധിയിൽ എത്തിക്കുകയാണ് അടഞ്ഞ മുറികളിൽ അദ്ദേഹം ചെയ്യുന്നത്. വൃഥാ സംസാരങ്ങളിലും ചർച്ചകളിലും സംവാദങ്ങളിലും സമയം ചെലവഴിക്കുന്നതിൽ അദ്ദേഹം അശേഷം താല്പര്യപ്പെടുന്നില്ല. മൗനത്തെ സ്നേഹിക്കുന്ന അദ്ദേഹത്തിന്, സഹവൈദികർ നല്കിയിരിക്കുന്ന നാമംതന്നെ 'മുനി' എന്നാണ്.

ജീവിതത്തിൽ ഒരിക്കലും ആർഭാടമോ സുഖസൗകര്യങ്ങളോ അദ്ദേഹം തേടിയിരുന്നില്ല. ഏറ്റവും കുറച്ചുകാര്യങ്ങൾകൊണ്ട് ജീവിതത്തിൽ സംതൃപ്തി കണ്ടെത്തുന്നവനാണദ്ദേഹം. വാർത്തകൾ സൃഷ്ടിക്കുന്നതിലോ, ദൈവജനത്തെ ഞെക്കിപ്പിഴിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനോ അദ്ദേഹം ഒരിക്കലും ഒരുമ്പെട്ടിട്ടില്ല. മാമാങ്കര ഇടവകയിൽ ശുശ്രൂഷ ചെയ്യുമ്പോൾ കാഞ്ഞിരത്തിങ്കൽ ശ്രീ. ജോർജ്ജ്

ദാനമായി നല്കിയ സ്ഥലത്ത് വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ ഒരു കുരിശടി നിർമ്മിച്ചതു മാത്രമാണ് അദ്ദേഹം നടത്തിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനം. കെട്ടിടങ്ങളെയല്ല ഹൃദയങ്ങളെ പണിയാനാണദ്ദേഹം താല്പര്യപ്പെടുന്നത്.

വിശ്വാസിസമൂഹത്തെ ദൈവവചനം പഠിപ്പിക്കുവാനും, വചനാനുസൃതജീവിതം പരിശീലിപ്പിക്കുവാനും അദ്ദേഹം അത്യധികം ശ്രദ്ധിച്ചിരുന്നു. മൗനമായ വചനധ്യാനത്തിലൂടെ സ്വായത്തമാക്കിയിരുന്ന ഉൾക്കാഴ്ചകൾ ദൈവജനവുമായി പങ്കുവയ്ക്കുക അദ്ദേഹത്തിന് ഏറെ ആസ്വാദ്യകരമായിരുന്നു. ഇടവകകളിൽ ചുമതല വഹിച്ചിരുന്നപ്പോൾ, സ്വന്തം ഇടവകകളിലും, ക്ഷണമനുസരിച്ച് സമീപ ഇടവകകളിലും, ദീർഘമായ വചനപ്രഘോഷണങ്ങൾ നടത്തിയിരുന്നു. മുൻകൂർ അറിയിപ്പില്ലാതെ വേഗത്തിൽ ഒരു വചനസന്ദേശം ആവശ്യം വന്നാൽ ആർക്കും ആശങ്കയില്ലാതെ അദ്ദേഹത്തെ സമീപിക്കാം. പെരുന്നാളുകൾക്കും, ബൈബിൾ കൺവൻഷൻ സംഘാടകർക്കും അത്യാവശ്യസന്ദർഭങ്ങളിൽ അദ്ദേഹം ഒരു അത്താണിയായിരുന്നു. ഇടവകകളിൽ ചുമതല വഹിച്ചിരുന്നപ്പോൾതന്നെ പല കരിസ്മാറ്റിക്ക് സംഘങ്ങളെ സഹായിക്കുവാനായി അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

മിഷൻപ്രവർത്തനങ്ങളിൽ മടിയില്ലാതെ അദ്ദേഹം അദ്ധ്വാനിച്ചിരുന്നു. വൈദികശുശ്രൂഷയുടെ തുടക്കംതന്നെ എടക്കര, മാമാങ്കര, ഉപ്പട, മൈലാടുംപൊട്ടി എന്നീ നാല് ഇടവകയിൽ ബഹു. സഖറിയാസ് കോട്ടയിലച്ചന്റെ സഹായപട്ടക്കാരനായിട്ടായിരുന്നു. സമീപ ഇടവകകളിൽ എന്ത് ആവശ്യമുണ്ടായാലും സഹായഹസ്തവുമായി അദ്ദേഹം ഓടിയെത്തുമായിരുന്നു. 1971–1976 കാലത്ത് കരുവാരകുണ്ട്, പുളിയക്കോട് ഇടവകകളിൽ വികാരി ആയിരിക്കുമ്പോൾ സമീപത്തുള്ള ചെറുകര ഇടവകയിലെ വികാരി ബഹു. പുലിക്കോട്ടിൽ മാത്യൂസ് അച്ചൻ ചില സാങ്കേതിക കാരണങ്ങളാൽ ചുമതല ഒഴിഞ്ഞപ്പോൾ, ആ ഇടവകയുടെ ചുമതലകൂടി ഏറ്റെടുക്കാൻ ബഹു. പെരുമ്പ്രാലച്ചൻ സൗമനസ്യം കാണിച്ചു. 1976–1979 കാലത്ത് പീച്ചി, മാന്ദാമംഗലം ഇടവകകളുടെ വികാരി ആയിരിക്കുന്ന കാലത്താണ് 1977 ൽ ചക്കുണ്ട് മിഷൻ തുടങ്ങുന്നത്. അന്ന് പുതിയ മിഷനിൽകൂടി ശുശ്രൂഷ ചെയ്യാൻ ബഹു. അച്ചൻ തയ്യാറായി. തന്റെ ആരോഗ്യം ക്ഷയിക്കുന്നു എന്നറിയാമായിട്ടും 2005–2007 കാലത്ത് മുക്കട ഇടവകയിൽ വികാരി ആയിരിക്കുമ്പോൾ പള്ളിയുടെ സങ്കീർത്തിയിൽ രണ്ട് വർഷം താമസിച്ച് ശുശ്രൂഷ ചെയ്തിരുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ചികിത്സാർത്ഥം വികാരിയുടെ ചുമതലകളിൽനിന്ന് വിടുതൽ വാങ്ങി വിശ്രമിച്ചിരുന്നപ്പോഴും, സെന്റ് ജോൺസ് കത്തീഡ്രലിൽ സഹവികാരിയായി സഹായിക്കുവാൻ അദ്ദേഹം സന്മനസ്സ് കാട്ടി. ശരീരിക ആരോഗ്യം പരിമിതമായിരിക്കുമ്പോഴും ധ്യാനടീമുകൾക്ക് വി. കുമ്പസാരത്തിനും, കൗൺസിലിംഗിനും സഹായിക്കുവാൻ അദ്ദേഹം തയ്യാറായിരുന്നു. ലത്തീൻഭാഷയിൽ നല്ല പ്രാവീണ്യമുള്ള അദ്ദേഹം ഏതാനും വർഷങ്ങൾ തിരുവല്ലാ മൈനർ സെമിനാരിയിൽ ലത്തീൻഭാഷ പഠിപ്പിച്ചിരുന്നതും പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

ഏശയ്യായുടെ പ്രവചനത്തിൽ കാണുന്നതുപോലെയൊരു സഹനദാസനാണദ്ദേഹം. രോഗാവസ്ഥകൊണ്ട് അജപാലനശുശ്രൂഷ നിറവേറ്റാൻ സാധിക്കാത്ത അവസ്ഥ. യാത്ര ചെയ്യാൻ സാധിക്കാതെ പള്ളിമല വൈദികമന്ദിരത്തിലെ ഒരു മുറിയിൽ മാത്രമായി ഒതുങ്ങിക്കഴിയുന്ന സ്ഥിതി, പ്രാർത്ഥനയും, ഭക്ഷണവും, സന്ദർശകരെ സ്വീകരിക്കലും എല്ലാം സ്വന്തം മുറിയിൽ. എങ്കിലും, കാഴ്ചയ്ക്കും, കേൾവിക്കും, ഓർമ്മയ്ക്കും, ബുദ്ധിക്കും യാതൊരു കുഴപ്പവുമില്ല. വായനയും, ധ്യാനവും തനിക്ക് ഏറ്റം പ്രിയപ്പെട്ട മൗനവുമെല്ലാം മുടക്കമില്ലാതെ തുടരുന്നു. ചാപ്പലിൽ പോയി സഹവൈദികരോടൊപ്പം പ്രാർത്ഥനയിലും വിശുദ്ധ ബലിയിലും സംബന്ധിക്കാൻ സാധിക്കാത്തതു മാത്രമാണൊരു ഖിന്നത.

## സമാപ്തി

ബഹുവിധ അജപാലന പ്രവർത്തനങ്ങളുടെ മദ്ധ്യേ ഇടവകമക്കളുടെ ആദ്ധ്യാത്മികപോഷണം അജപാലകർ അവഗണിക്കുന്നു എന്ന് പരക്കെ പരാതിയുള്ള ഈ കാലത്ത്, മറ്റ് പ്രവർത്തനങ്ങൾക്കൊന്നും ഒരുമ്പെടാതെ ഇടവകമക്കളുടെ ആദ്ധ്യാത്മിക ശുശ്രൂഷകളിൽ മാത്രം ശ്രദ്ധപതിച്ചുകൊണ്ടുള്ള പൗരോഹിത്യ ശുശ്രൂഷയിൽ അൻപതു വർഷം പൂർത്തിയാക്കുന്നു ബഹു. തോമസ് പെരുമ്പ്രാലച്ചൻ. സ്മരണികകളിലോ, സ്മാരകശിലകളിലോ പേര് രേഖപ്പെടുത്താനോ മാദ്ധ്യമങ്ങളിൽ ചിത്രം വരുത്താനോവേണ്ടി അജപാലനവഴിയിൽ വ്യതിചലിക്കാത്ത പുരോഹിതൻ. പരദൂഷണ പ്രചരണത്തിനോ, വ്യർത്ഥാവിമർശനത്തിനോവേണ്ടി സമയവും ഊർജ്ജവും നഷ്ടപ്പെടുത്താത്ത വൈദികൻ. അരനൂറ്റാണ്ടു കാലത്തെ വൈദികശുശ്രൂഷയുടെ മാധുര്യം മനസ്സിൽ താലോലിച്ച്, ശാരീരിക പരിമിതികളെ മറന്ന് മൗനത്തെ ഉപാസിച്ച് വിശ്രമജീവിതം നയിക്കുകയാണ് ഇപ്പോൾ വന്ദ്യ തോമസ് പെരുമ്പ്രാൽ അച്ചൻ.

■


# പാശ്ചാത്യ പരിവേഷത്തിൽനിന്നും പാവന പൗരോഹിത്യത്തിലേക്ക്

**ഫ്രാൻസിസ് താഴമൺ**



അന്നൊരു ശനിയാഴ്ചയായിരുന്നു. ഞങ്ങൾ കുറച്ചു സുഹൃത്തുക്കൾ കുടുംബ സമേതം, ഒരു വീട്ടിൽ കൂടിയിരിക്കുന്ന സമയം. കുറച്ചു കുട്ടികൾ അവിടെ കളിച്ചുകൊണ്ടിരുന്നു. അവരിൽ അഞ്ചാറു വയസ്സുള്ള ഒരു പയ്യൻ സാവധാനം എന്റെ അടുത്തേക്കു വന്നു. അവൻ കറുത്ത പാന്റ്സും ഷർട്ടും ധരിച്ചിരുന്നു. ഒരു വെളുത്ത കഷണം പേപ്പർ മടക്കി അവന്റെ ഷർട്ടിന്റെ കോളറിൽ (അച്ചന്മാരുടെ കോളർ പോലെ) വച്ചിട്ട് അവൻ ചിരിച്ചുകൊണ്ട് പറഞ്ഞു "ബാബു അങ്കിൾ, ഐ ആം എ പ്രീസ്റ്റ്" അത് മറ്റാരുമായിരുന്നില്ല. നമ്മുടെ പ്രിയങ്കരനായ ജോബിൻ തോമസ് ശെമ്മാശൻ ആയിരുന്നു.

ഒരു ബാലന്റെ തമാശയോ കുസൃതിയോ ആയി മാത്രമേ ഞങ്ങൾ അന്ന് ഈ സംഭവത്തെ കണ്ടിരുന്നുള്ളു. എന്നാൽ, തനിക്കു ലഭിച്ച ദൈവവിളിയുടെ നേരിയ സ്ഫുലിംഗം തന്റെ കൗമാരത്തിലും പ്രത്യേകിച്ചു യൗവനത്തിലും പ്രോജ്ജ്വലിപ്പിച്ചു. ഡീക്കൻ ജോബിൻ അതിനെ ഒരു യാഥാർഥ്യമാക്കിത്തീർത്തു. സമ്പൽസമൃദ്ധിയുടെയും സുഖസൗകര്യങ്ങളുടെയും ലൗകീകതയുടെയും അതിപ്രസരമുള്ള ഒരു നാട്ടിൽ, പൗരോഹിത്യം നിരന്തരം വിമർശിക്കപ്പെടുന്ന ഇക്കാലയളവിൽ, സ്നേഹവും, ത്യാഗവും സർവോപരി ആത്മസമർപ്പണവും ആവശ്യമുള്ള യഥാർത്ഥ പൗരോഹിത്യം കാംക്ഷിക്കുകതന്നെ വളരെ ക്ലേശകരമാണ്. അതുകൊണ്ടുതന്നെ വളരെ വിരളവുമാണ്.



**പൗരോഹിത്യം നിരന്തരം വിമർശിക്കപ്പെടുന്ന ഇക്കാലയളവിൽ, സ്നേഹവും, ത്യാഗവും സർവോപരി ആത്മസമർപ്പണവും ആവശ്യമുള്ള യഥാർത്ഥ പൗരോഹിത്യം കാംക്ഷിക്കുകതന്നെ വളരെ ക്ലേശകരമാണ്. അതുകൊണ്ടുതന്നെ വളരെ വിരളവുമാണ്.**

മേൽപ്പറഞ്ഞ പ്രതികൂല സാഹചര്യങ്ങളിലും പൗരോഹിത്യം പൂവണിയുമെന്നു സ്വന്തം ജീവിതത്തിലൂടെ ഡീക്കൻ ജോബിൻ നമ്മെ ഉത്ബോധിപ്പിക്കുന്നു. കുടുംബപ്രാർത്ഥനയുള്ള, ദൈവ

വിളിക്കു ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന കുടുംബം, ആരാധനയിലൂടെയും വേദപരിശീലനം വഴിയായും ആത്മീയത പരിപോഷിപ്പിക്കുന്ന ഇടവകസമൂഹം, മാതൃകാവൈദികർ, നല്ല കൂട്ടുകെട്ട്, നല്ല മാർഗ്ഗനിർദ്ദേശകർ എന്നിവ ദൈവവിളിയെ, പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്തു യാഥാർഥ്യമാക്കുവാൻ സഹായിക്കുമെന്ന് ജോബിൻ ശെമ്മാശന്റെ അനുഭവം നമ്മെ പഠിപ്പിക്കുന്നു.

മതസ്പർദ്ധയും ലൗകികതയും ഉപഭോഗസംസ്കാരവും സാമൂഹികമാധ്യമങ്ങളിലൂടെ കൊടികുത്തി വാഴുന്ന, ദൈവവിളി വളരെ കുറവുള്ള ഇക്കാലത്ത്, വൈദികവൃത്തി സ്വീകരിക്കുവാൻ ജോബിൻ ശെമ്മാശനെ പ്രേരിപ്പിച്ചത് എന്താണെന്നു ഞാൻ ആരാഞ്ഞു. മറുപടി വളരെ വ്യക്തമായിരുന്നു. ''ശൈശവം മുതൽക്കേ പുരോഹിതനാകുവാനുള്ള അഭിനിവേശം എനിക്കുണ്ടായിരുന്നു. എന്നാൽ ഈ ആഗ്രഹം ഒരു ഉറച്ച തീരുമാനമായത് യൗവനത്തിൽ എനിക്ക് യേശുക്രിസ്തുവുമായി ഉണ്ടായ വ്യക്തിപരമായ ബന്ധവും അതുവഴി അവിടുന്ന് നൽകിയ വെളിപ്പെടുത്തലുമാണ്. മറ്റുള്ളവരും ക്രിസ്തുവിനെ അടുത്തറിയുവാൻവേണ്ടി എന്റെ ജീവിതം പൂർണമായി സമർപ്പിക്കുവാൻ ഞാൻ തീരുമാനിച്ചു''.

വളരെ ശാന്തനും മിതഭാഷിയുമായ ജോബിൻ പരോപകാരത്തിൽ സദാ ഉത്സുകനാണ്. വളരെ ചെറുപ്പം മുതൽതന്നെ മദ്ബഹാ ശുശ്രൂഷിയായിരുന്ന ജോബിൻ ഇടവകയിലെ മതബോധന പരിശീലനത്തിനുശേഷം എം.സി.വൈ. എമ്മിലും വളരെ സജീവമായിരുന്നു. ഇടവകയിലെ മറ്റു യുവജനങ്ങൾക്കും കുട്ടികൾക്കും ജോബിൻ ഒരു ഉദാത്ത മാതൃകയും പ്രചോദനവുമാണ്. മാതൃഭാഷ മലയാളമല്ലാത്ത ഡീക്കൻ ജോബിൻ, വളരെ ശ്രമകരമായി മലയാളം പഠിച്ച് മലയാളഭാഷയിൽ പ്രഥമ ദിവ്യബലി അർപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നത് വളരെ ശ്ലാഘനീയം തന്നെ. ജോബിൻ ശെമ്മാശൻ കാനഡയിൽനിന്നുള്ള പ്രഥമ മലങ്കര വൈദികനും, നോർത്ത് അമേരിക്കയിൽ നിന്നുള്ള മൂന്നാമത്തെ വൈദികനും ആണെന്നുള്ള വസ്തുത പ്രത്യേകം സ്മരണീയമാണ്.

**"ശൈശവം മുതൽക്കേ പുരോഹിതനാകുവാനുള്ള അഭിനിവേശം എനിക്കുണ്ടായിരുന്നു. എന്നാൽ ഈ ആഗ്രഹം ഒരു ഉറച്ച തീരുമാനമായത് യൗവനത്തിൽ എനിക്ക് യേശുക്രിസ്തുവുമായി ഉണ്ടായ വ്യക്തിപരമായ ബന്ധവും അതുവഴി അവിടുന്ന് നൽകിയ വെളിപ്പെടുത്തലുമാണ്. മറ്റുള്ളവരും ക്രിസ്തുവിനെ അടുത്തറിയുവാൻവേണ്ടി എന്റെ ജീവിതം പൂർണമായി സമർപ്പിക്കുവാൻ ഞാൻ തീരുമാനിച്ചു".**

വെണ്ണിക്കുളത്തിനടുത്തുള്ള കാഞ്ഞിരപ്പാറ, സെന്റ് തോമസ് മലങ്കര കത്തോലിക്കാ ഇടവകയിൽനിന്നും കാനഡയിൽ ടൊറന്റോയിലെ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക അംഗമായ ചമതക്കൽ ജോർജ് തോമസിന്റെയും (ബാബുക്കുട്ടി) സൂസമ്മയുടെയും (സൂസൻ) മൂത്ത മകനായി ജനിച്ച ജോബിൻ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കമ്പ്യൂട്ടർ സയൻസിൽ ബിരുദം നേടി. എങ്കിലും തന്റെ ദൈവവിളി, തിരിച്ചറിയുവാൻ പ്രാർത്ഥനയിലൂടെ, ജോബിൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്നു. കാനഡയിലും അമേരിക്കയിലുമായി വൈദികപഠനം പൂർത്തിയാക്കിയ ജോബിൻ 2019 ഫെബ്രുവരി 24 നു മലങ്കര കത്തോലിക്കാസഭയുടെ നോർത്ത് അമേരിക്ക-കാനഡ എപ്പാർക്കിയുടെ അധ്യക്ഷൻ, അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവിൽ നിന്നും ശെമ്മാശ്ശ പട്ടം സ്വീകരിച്ചു.

ദൈവകൃപയാൽ 2019, നവംബർ 16 നു പൗരോഹിത്യം (കശ്ശീശ്ശാ പട്ടം) സ്വീകരിക്കുന്നതിന് ഒരുങ്ങികൊണ്ടിരിക്കുന്ന ജോബിൻ തോമസ് ശെമ്മാശ്ശൻ, നോർത്ത് അമേരിക്കയിലും കാനഡായിലുമുള്ള മലങ്കര കത്തോലിക്കാസഭയ്ക്കും, വിശിഷ്യാ ടൊറന്റോയിലെ മലങ്കര കത്തോലിക്കാ സമൂഹത്തിനും വലിയ പ്രചോദനവും അനുഗ്രഹവുമാണ്. ''തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്തു ഭക്ഷണം കൊടുക്കുവാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യനെപ്പോലെ'' (മത്തായി 24:45) തന്നെ വിളിച്ച ക്രിസ്തുനാഥന്റെ ഭവനത്തിൽ സ്തുത്യർഹമായ പുരോഹിതശുശ്രൂഷ ചെയ്യുവാൻ ജോബിനച്ചനെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

**40-ാം ചരമദിനം**



**സി.സി.ജോൺ**

*ചീരാക്കുന്നേൽ, ആനിക്കാട്*

മരണം : 08.09.2019

*പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ...*

# PRIESTLY LIFE – AN AUTHENTIC LIFE OF FRIENDSHIP WITH JESUS



**Deacon Jobin Thomas**

(Dn. Jobin did his pastoral & Diaconate ministry in St. John's Cathedral, Thiruvalla during the months June-September. He will be ordained to Sacred Priesthood on 16 November 2019 for the eparchy of USA–Canada)

The image of the Good Shepherd is one that is naturally associated with the Lord Jesus, the One, True, High Priest, in whose priesthood, all of us who are baptized share. But the Lord calls some men to serve in the ministerial priesthood, to be sacramentally ordained for service of God's Holy Church. It is the Sacred Heart of Jesus that He set in all those whom He calls to the vocation of priesthood. Jesus told the Apostles: "It was not you who chose me, but I who chose you and appointed you to go and bear fruit — fruit that will remain." This choice of God happened long before anyone spoke words of affirmation.

I remember when I was 5 or 6 years old, I had always had a longing to become a Catholic Priest. However, as I grew older, I began to move away from this call and decided to pursue other avenues. It was during my 2nd year in college where the call to the priesthood became even louder, so much so that I could not ignore it. I was ready to drop everything at that time and begin my studies immediately. On one of his trips to New York, I had the opportunity to meet with our BavaThirumeni, and both himself and Bishop Joseph Mar Thomas, who was the Apostolic Visitator for Canada and USA at the time, encouraged me to complete my studies in Information Technology (IT) and spend the two remaining years in prayerful discernment. These two years not only helped me deepen my spiritual life, but it also reconfirmed my vocation to the priesthood. Through persevering the many years of seminary studies is a great accomplishment, the true celebration is the work which Christ has done in and through me for: "He is your praise; he is your God, who has done for you these great and awesome things that your own eyes have seen." (Deuteronomy 10:21).



Christ is the Good Shepherd and the model for priests. Recall the words of Christ "I came that they might have life and have it in abundance." Jesus,

the Good Shepherd, who laid down His life for the sheep, and He does this so that His sheep might have abundant life. As a priest of Jesus Christ, priests are shepherds for the Good Shepherd. Priests have come not to be served, but to serve. They are to continue the work of Christ to transmit the new life of grace — and to give it in abundance.The purpose of a shepherd is to lead the sheep to life-giving waters. The purpose of the priest is to lead people to Jesus, the source of life. In order to lead the sheep to Christ, the priest is to willingly lay down his own life. In Peter Seewald's book entitles Pope Benedict XVI: The Servant of Truth, Pope Benedict said that there are many kinds of deserts in our world: "The desert of poverty, the desert of hunger and thirst, the desert of abandonment, of loneliness, of destroyed love. There is the desert of God's darkness, the emptiness of souls no longer aware of their dignity or the goal of human life. The external deserts in the world are growing because the internal deserts have become so vast." 1 In his 2011 motu proprio Porta Fidei (Door of Faith) "The Church as a whole and all her Pastors, like Christ, must set out to lead people out of the desert, towards the place of life, towards friendship with the Son of God, towards the One who gives us life, and life in abundance."2 Priests lead people to Jesus who is the source of life.

As I reflect on the past 11 years of formation, some of the most helpful pieces of advice I have received are as follows:

- Put Jesus always first, in all your decisions, words, and deeds (Mk 8:34; 9:21; Rom 14:8).
- Be sure that Jesus will never abandon you (Mt 28:20; 2 Tm 1:12).
- Strive to let Jesus grow in your life, not you (Jn 3:30; Gal 2:20).
- Live each day as if it were the only day that God gives you in your entire life; as if it were thefirst day of your ministry, and the last day of your ministry (Phil 1:21; 3:13-14).
- Do what is in your reach to do but leave everything else to the Lord. You will not be able todo everything, but the Lord can do it, as you will ask Him through your prayer (Mt 7:7-8; Jn14:13-14).
- Never forget that the Lord gave you his mother, to take care of you (Jn 19:26-27).
- Always keep peace in your soul, knowing that the Lord is with you (Jn 14:1,27; Phil 4:6).

As I am approaching my Ordination to the Sacred Priesthood of Jesus Christ, I know that my heart must be set on Him and Him alone and that through an authentic friendship with Jesus, I can attune my heart to Christ's heart, becoming of one heart with Jesus.

Thank you to all those who have been praying and continue to pray for me, and let us pray for all our Bishops and priests so they may indeed be good and holy and that, in their service to God's people, they may strive by words and deeds to sanctify the Bride of Christ, the Church, in the service of Christ, the Bridegroom.

■

---

[1] *Pope Benedict XVI: Servant of the Truth (San Francisco: Ignatius Press, 2006), 154.*
[2] *Benedict XVI. An Apostolic Letter Issued "Motu Proprio", Door of Faith (Porta Fidei) Washington, D.C.: National Conference of Catholic Bishops, 2011.*

# ഒരു സമർപ്പിതന്റെ സായൂജ്യം

**തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിലെ പ്രധാന ശുശ്രൂഷകൻ ബാബുക്കുട്ടിയെ കുറിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കിയത് ബേബിച്ചൻ, തെക്കേടത്ത് കോഴിമണ്ണിൽ**

സാമൂഹിക, സാംസ്കാരിക, വിദ്യാഭ്യാസ രംഗങ്ങളിൽ അഭൂതപൂർവ്വമായ വളർച്ച കൈവരിച്ച മദ്ധ്യതിരുവിതാംകൂറിലെ പുകഴ്പെറ്റ ഭൂപ്രദേശമാണ് തിരുവല്ല. പുരാതനകാലത്ത് ശ്രീവല്ലഭപുരം എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം കാലാന്തരത്തിൽ തിരുവല്ലഭപുരം ആകുകയും, ക്രമേണ തിരുവല്ല എന്ന് ലോപിക്കുകയും ചെയ്തുവെന്ന് കരുതപ്പെടുന്നു.

ദൈവേഷ്ടപ്രകാരം ആത്മീയവളർച്ചക്ക് വളക്കൂറുള്ള ഈ മണ്ണിൽ വിവിധ ക്രൈസ്തവ സമൂഹങ്ങൾ സഹവർത്തിത്തത്തിന്റെ ചിറകിൻ കീഴിൽ ഒരുമയോടെ കഴിയുന്നു. മലങ്കര കത്തോലിക്കാസഭയ്ക്ക് ആഴത്തിൽ വേരോട്ടമുള്ള ഈ നാട് തിരുവല്ല അതിഭദ്രാസനത്തിന്റെ ആസ്ഥാനകേന്ദ്രം കൂടിയാണ്. മനോഹരമായ തിരുവല്ല നഗരത്തിന്റെ തിലകക്കുറിയായി, ക്രൈസ്തവ സാക്ഷ്യമായി, ആത്മീയവളർച്ചയുടെ ശക്തിസ്രോതസായി ജ്വലിച്ചു നിൽക്കുകയാണ് തിരുവല്ല അതിഭദ്രാസനത്തിന്റെ ആസ്ഥാന ദൈവാലയമായ സെന്റ് ജോൺസ് കത്തീഡ്രൽ. വിശ്വപ്രശസ്ത വിദേശ വാസ്തുശില്പി ലാറീസ് ബേക്കർ വിഭാവന ചെയ്ത് പണികഴിപ്പിച്ച ഈ കൂടാരപ്പള്ളി, ഇന്ന് ശില്പസൗന്ദര്യം തുളുമ്പി നിൽക്കുന്ന, കേരളത്തിലെ അറിയപ്പെട്ട കത്തീഡ്രൽ ദൈവാലയമാണ്. അതിഭദ്രാസനാദ്ധ്യക്ഷന്റെ ആസ്ഥാന ദേവാലയമായ ഈ കത്തീഡ്രലിൽ പ്രധാന ശുശ്രൂഷകനായി സേവനം ചെയ്യാൻ ദൈവനിയോഗം സിദ്ധിച്ച മുള്ളൻകാട്ടിൽ ശ്രീ ബാബുക്കുട്ടി എം.ഡി. തന്റെ ശുശ്രൂഷാജീവിതത്തിൽ 4 പതിറ്റാണ്ടുകൾ പിന്നിടുന്നു. സാധാരണ ശുശ്രൂഷകർക്ക് ലഭിക്കാത്ത അപൂർവ്വ ഭാഗ്യമാണത്. 37 വർഷങ്ങൾ തന്റെ ഇടവക ദൈവാലയമായ ഇടത്തറ സെന്റ് ജോർജ് പള്ളിയിലും, കഴിഞ്ഞ 3 വർഷങ്ങളായി തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിലും.

പത്തനംതിട്ട ജില്ലയിൽ കലഞ്ഞൂർ പഞ്ചായത്തിൽ ഇടത്തറ ഒന്നാംകുറ്റി പ്രദേശത്ത് മുള്ളൻകാട്ടിൽ ഓർത്തഡോക്സ് സഭയിൽപെട്ട ദാനിയേൽ-ചിന്നമ്മ ദമ്പതികളുടെ 8 മക്കളിൽ 7-ാമത്തെ മകനായി 1964 മെയ് 7-ാം തീയതിയാണ് ബാബുക്കുട്ടിയുടെ ജനനം. 2 പേർ ജേഷ്ഠസഹോദരങ്ങളും, 5 പേർ സഹോദരിമാരുമാണ്. പിതാവ് ദാനിയേൽ ഒന്നാംകുറ്റിയിൽ രത്നഗിരി റബ്ബർ എസ്റ്റേറ്റിലെ കങ്കാണിയായിരുന്നു. ജോലിയിലൂടെ ലഭിക്കുന്ന തുഛ വരുമാനം തന്റെ ബൃഹത് കുടുംബത്തിന് ഒന്നിനും തികയുന്നില്ലെന്ന് ബോധ്യമായപ്പോൾ, ബുദ്ധിമാനായ പിതാവ് തന്റെ ഭാര്യയേയും മുതിർന്ന മക്കളേയും കൂട്ടി ഇടത്തറ ജംഗ്ഷനിൽ ഒരു ചായക്കട തുടങ്ങി. അക്കാലത്ത് നാട്ടിലെ ഏറ്റവും പെരുമയുള്ള ചായക്കടയായി അത് വളർന്നു. ഈ ചായക്കടയിൽ കയറാത്തവർ അന്നത്തെ കാലത്ത് ചുരുക്കമാണ്. മലങ്കരസഭാ ഭാസുരൻ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യപ്രസ്ഥാനം വേര് പിടിച്ച് ശക്തി പ്രാപിക്കുന്ന കാലഘട്ടം. കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ട്, ചെങ്ങന്നൂർ പുത്തൻകാവിൽ നിന്നും വന്ന വന്ദ്യ അയിരൂക്കുഴി എ.ജി. തോമസ് എന്ന ഓർത്തഡോക്സ് വൈദികൻ, 1954 ൽ ഇടത്തറയിൽ വന്ന് സ്ഥലം വാങ്ങി കുടുംബസമേതം താമസം ആരംഭിച്ചു. പരിണിതപ്രജ്ഞനായ ഈ വൈദികൻ തന്റെ നിദാന്ത പരിശ്രമത്തിലൂടെ ഇടത്തറയിൽ ഒരു ചെറിയ ചാപ്പൽ പണികഴിപ്പിച്ചു. കാലക്രമേണ 7 അകത്തോലിക്കാ കുടുംബങ്ങളെ അതിൽ ചേർത്തു. ആളുകളുമായി വളരെ വേഗം ചങ്ങാത്തം കൂടാൻ കഴിഞ്ഞിരുന്ന, നല്ല വാക്ചാതുരിയുമുള്ള അയിരൂക്കുഴിയച്ചൻ ദാനിയേലിന്റെ ചായക്കടയിലെ നിത്യസന്ദർശകനായി മാറി. ഇത് ഈ കുടുംബത്തെ അച്ചനിലേക്ക് ഏറെ അടുപ്പിച്ചു. 1969 ൽ ദൈവപദ്ധതിപ്രകാരം ദാനിയേലും കുടുംബവും കത്തോലിക്കാസഭയെ പരിണയിച്ചു. ഇന്ന് സെമിത്തേരിയായി ഉപയോഗിക്കുന്ന സ്ഥലത്ത് ആരംഭിച്ച ചാപ്പൽ അവിടെനിന്നു മാറി പുനലൂർ പത്തനംതിട്ട പ്രധാന റോഡിൽ വലതുവശത്തായി സ്ഥാപിക്കപ്പെട്ടു. അതാണ് ഇന്നു കാണുന്ന മനോഹരമായ സെന്റ് ജോർജ് മലങ്കര കത്തോലിക്ക ദൈവാലയം. ഇന്ന് തിരുവനന്തപുരം



അതിരൂപതയിലെ പ്രശസ്ത ദൈവാലയങ്ങളിൽ ഒന്നാണ്.

അയിരൂക്കുഴി അച്ചനുശേഷം 1969 ൽ ബഹു. ഗീവർഗീസ് ചുറ്റുവട്ടമച്ചൻ ഇടവക വികാരിയായി സ്ഥാനം ഏറ്റു. 12 വർഷക്കാലത്തോളം അദ്ദേഹം തന്നെയായിരുന്നു വികാരി. സാധാരണക്കാരായ കർഷക ജനങ്ങൾ അധിവസിക്കുന്ന ഈ പ്രദേശത്ത് വിദ്യാഭ്യാസം ഉള്ളവർ തുലോം കുറവായിരുന്നു. ഇടവകക്ക് ഒരു പ്രധാന ശുശ്രൂഷകനെ കണ്ടെത്താൻ അച്ചൻ ഏറെ ക്ലേശിച്ചു. ഒടുക്കം എല്ലാ ഞായറാഴ്ചയും കൃത്യമായി പള്ളിയിൽ വന്നു കൊണ്ടിരുന്ന 9-ാം ക്ലാസ് വിദ്യാർത്ഥിയായ ബാബുക്കുട്ടിയിൽ അച്ചന്റെ ശ്രദ്ധ പതിഞ്ഞു. അച്ചൻ ആവശ്യം ഉണർത്തിച്ചു. ബാബുക്കുട്ടി ആദ്യം വിസമ്മതിച്ചെങ്കിലും അച്ചന്റെ നിർബന്ധം സമ്മതത്തിലേക്ക് വഴി തെളിഞ്ഞു. ഗീവർഗീസ് അച്ചനിൽനിന്നും കൈവയ്പ് ലഭിച്ച് ശുശ്രൂഷകനായ ബാബുക്കുട്ടി, 1979 ൽ പ്രധാന ശുശ്രൂഷകനായി ഉയർത്തപ്പെട്ടു. അക്കാലത്ത് ഇടവക ശുശ്രൂഷകനും സെമിനാരി മുൻ വിദ്യാർത്ഥിയും കൂടി ആയിരുന്ന അയിരൂക്കുഴി അച്ചന്റെ മകനിൽ നിന്നും ലഭിച്ച ബാലപാഠങ്ങൾ അദ്ദേഹത്തിന്റെ ശുശ്രൂഷാജീവിതത്തെ ഏറെ സഹായിച്ചു. 1977 ൽ ബാബുക്കുട്ടിയുടെ അപ്പച്ചൻ മരിച്ചു. ബാബുക്കുട്ടി പഠനത്തോടൊപ്പം റബ്ബർ ഫീൽഡിലും ജോലി ചെയ്തു കുടുംബത്തെ സഹായിച്ചു. പ്രീഡിഗ്രി പാസ്സായശേഷം ഡിഗ്രി ഒന്നാം വർഷം പ്രൈവറ്റായി പഠിച്ചു. പക്ഷേ തുടർന്ന് പഠിക്കാൻ സാധിക്കാതെ മുഴുവൻ സമയം റബ്ബർ ഫീൽഡിൽ ജോലിക്കാരനായി.



ദൈവം തളികയിൽ വച്ച് നീട്ടി തന്നതാണ് ബാബുക്കുട്ടിയുടെ ജീവിതം. മറ്റ് കുട്ടികളിൽ നിന്നും വ്യത്യസ്തമായി ബാബുവിന്റെ ജനനസമയത്ത് ഹൃദയഭിത്തിയിൽ ഒരു ദ്വാരം കാണപ്പെട്ടിരുന്നു. ഈ ദ്വാരം 4-5 വയസ്സ് പ്രായമാകുന്നതോടെ സ്വാഭാവികമായും അടയപ്പെടാറുണ്ട്. ബാബുക്കുട്ടി വളർന്ന് വലുതായതോടെ ശ്വാസംമുട്ടൽ ഉണ്ടാകുക പതിവായി. ഹൃദയമിടിപ്പിന്റെ വേഗത വർദ്ധിച്ചു. 1986 ൽ ശ്രീ ചിത്തിര ഹോസ്പിറ്റലിൽവച്ച് നടന്ന വിദഗ്ദ പരിശോധനയിൽ ഹൃദയഭിത്തിയിലെ ദ്വാരം അടഞ്ഞിട്ടില്ലെന്നും, എത്രയും വേഗം ഓപ്പൺ ഹാർട്ട് സർജറി നടത്തണമെന്നും ഡോക്ടേഴ്സ് ഉപദേശിച്ചു. ഞെട്ടിത്തരിച്ച നിമിഷങ്ങൾ. തുറന്ന ഹൃദയ ശസ്ത്രക്രിയയ്ക്കുള്ള പണം എവിടെ നിന്ന് സ്വരൂപിക്കും. നല്ല തുക ആവശ്യമുള്ള ശസ്ത്രക്രിയ. കുടുംബം ഒന്നാകെ ദൈവത്തിൽ മാത്രം ആശ്രയിച്ചു. സങ്കീർത്തകൻ 27:14 ൽ പറയുന്നു ''കർത്താവിൽ പ്രത്യാശയർപ്പിക്കുവിൻ''. വർഷങ്ങൾ പിന്നേയും കടന്നുപോയി. പണസമാഹരണത്തിനുള്ള വഴികൾ ദൈവം പലരിലൂടെയായി ഒരുക്കി കൊടുത്തു. മുൻ വികാരിമാർ, സുഹൃത്തുക്കൾ, സഹോദരങ്ങൾ തുടങ്ങിയവരിൽനിന്നും സഹായധനം ഒഴുകിയെത്തി. അതോടൊപ്പം ഇടവക കൂട്ടായ്മയുടേയും സജ്ജനങ്ങളുടേയും ആത്മാർത്ഥമായ പ്രാർത്ഥനയും ഫലം കണ്ടു. 1994 ൽ ശ്രീചിത്തിര ആശുപത്രിയിൽ ശസ്ത്രക്രിയ വിജയകരമായി നടന്നു. നന്ദിയുടേയും കടപ്പാടിന്റെയും പിന്നീടുള്ള ദിനങ്ങൾ. ബാബുക്കുട്ടി തന്റെ ജീവിതത്തെ അതോടെ ദൈവത്തിന് പൂർണ്ണമായി സമർപ്പിച്ചു.

ദൈവശുശ്രൂഷയിൽ ആനന്ദം കണ്ടെത്തിയ നാളുകൾ. അദ്ദേഹംതന്നെ പറയുന്നു: ''രോഗത്തിലും, ദുഃഖത്തിലും, കഷ്ടപ്പാടിലും, കർത്താവ് എന്നെ അത്ഭുകരമായി വഴി നടത്തുന്നു''.

1999 ജനുവരി 14 ന് വിവാഹിതനായി. ഭാര്യ സോഫി. 2 ആൺ മക്കൾ. മുതിർന്ന മകൻ പീറ്റർ ഡി. ബാബു അഞ്ചൽ കോളജിൽ ബികോം രണ്ടാം വർഷം പഠിക്കുന്നു. രണ്ടാമത്തെ മകൻ ടൈറ്റസ് ഡി. ബാബു പ്ലസ്ടുവിന് പഠിക്കുന്നു. നാട്ടുകാർക്ക് ഏറെ സ്വീകാര്യനായ ബാബുക്കുട്ടി സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ മുൻപന്തിയിൽതന്നെയാണ്. ഒരിക്കൽ അദ്ദേഹത്തെ നാട്ടുകാർ ഗ്രാമപഞ്ചായത്തിന്റെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിപ്പിച്ചിരുന്നു. ഇടത്തറ ഒന്നാംകുറ്റിയിൽ അറിയപ്പെടുന്ന ധ്വനി ആർട്സ് & സ്പോർട്സ് ക്ലബിന്റെ രക്ഷാധികാരിയായി 30 വർഷമായി ഇപ്പോഴും തുടരുന്നു. അതിലൂടെ വളരെയേറെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനദ്ദേഹത്തിന് സാധിച്ചു.

പ്രധാന ശുശ്രൂഷകൻ എന്ന ഉത്തരവാദിത്വത്തോടൊപ്പം ഇടവകയുടെ ആത്മീയ വളർച്ചക്ക് തന്നാൽ കഴിയുന്ന സംഭാവനകൾ അദ്ദേഹം നൽകികൊണ്ടിരുന്നു. 2001 മുതൽ 2016 വരെ ഇടവകയുടെ സണ്ടേസ്കൂൾ പ്രധാനാദ്ധ്യാപകനായി സ്തുത്യർഹമായ സേവനം നിർവ്വഹിച്ചു. അക്കാലത്ത് ഇടത്തറ സെന്റ് ജോർജ് ദൈവാലയത്തിൽ മതബോധനം 7-ാം ക്ലാസിൽ അവസാനിച്ചിരുന്നു. ബാബുക്കുട്ടി അതിനെ 12-ാം ക്ലാസുവരെ ഉയർത്തി. ഏതാനും വർഷങ്ങൾക്കുശേഷം തിരുവനന്തപുരം അതിരൂപതയിൽ 10-ാം ക്ലാസിൽ ഒന്നാം റാങ്ക് ലഭിച്ചത് ഈ ഇടവകയ്ക്കായിരുന്നു. ബാബുക്കുട്ടിയുടെ സണ്ടേസ്കൂൾ ശുശ്രൂഷയോടുള്ള ആഭിമുഖ്യവും പ്രാവീണ്യവും മനസ്സിലാക്കിയ അതിരൂപത പുനലൂർ വൈദികജില്ലയിലെ ഏറ്റവും നല്ല മതാദ്ധ്യാപകനുള്ള ''മാർ ബസേലിയോസ് സപ്തതി മെമ്മോറിയൽ അവാർഡ്'' നൽകി ആദരിച്ചു. 1989 മുതൽ 94 വരെ ഇടവക സെക്രട്ടറിയായിരുന്നു. ദീർഘകാലം ഇടവകയിലെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നതുകൊണ്ട് പാവങ്ങളെ സഹായിക്കാനും രോഗികളെ സന്ദർശിക്കാനും അവസരം ലഭിച്ചു. ഇപ്പോൾ ഇടത്തറ ദൈവാലയത്തിൽ തന്റെ മുതിർന്ന മകൻ പ്രധാന ശുശ്രൂഷകനായി സേവനം ചെയ്യുന്നതിൽ ഈ പിതാവ് ഏറെ സന്തോഷിക്കുന്നു. പ്രധാന ശുശ്രൂഷകനായി 25 വർഷം പൂർത്തിയായപ്പോൾ ഇടവകയിൽനിന്നും ആദരം ലഭിക്കുകയുണ്ടായി. അതിനേക്കാളുപരി ജീവിതത്തിൽ മാധുര്യമൂറുന്ന ഏറ്റവും വലിയ ആത്മസന്തോഷം, 2 വർഷംമുമ്പ് അതിരൂപതയിൽ 25 വർഷം പൂർത്തിയായ പ്രധാന ശുശ്രൂഷകർക്ക് സഭാതലവനായ അഭി. കാതോലിക്കാബാവായിൽനിന്നും പുരസ്കാരം ഏറ്റു വാങ്ങിയപ്പോൾ ഉണ്ടായതാണ്. ഒരിക്കൽ മുൻ വികാരിയച്ചന്റെ ആവശ്യപ്രകാരം തിരുവനന്തപുരം കത്തീഡ്രലിലേക്ക് പ്രധാന ശുശ്രൂഷകന്റെ ഒരു വിളി വന്നു. ഇത് ഒരു ഭാഗ്യമായി കണ്ട് പോകുവാനുള്ള അതിയായ ആഗ്രഹത്തോടെ വീട്ടിലെത്തിയപ്പോൾ വീട്ടുകാരുടെ ശക്തമായ എതിർപ്പ് ''ഈ പൊടികുഞ്ഞുങ്ങളേയും ഇവിടെ ഇട്ടിട്ട് നീ പോകരുത്''. സഹോദരങ്ങൾ നിരുത്സാഹപ്പെടുത്തി. പക്ഷേ ഈ ആഗ്രഹം കൊതിപിടിച്ച് ചാരം മൂടി വർഷങ്ങളായി ഹൃദയത്തിൽ അങ്ങനെ സൂക്ഷിക്കപ്പെട്ടിരുന്നു. ഒടുവിൽ ദൈവംതന്നെ അദ്ദേഹത്തിന്റെ ആഗ്രഹത്തിന്റെ ചെപ്പ് തുറന്ന് കൊടുത്തു. തിരുവല്ല കത്തീഡ്രൽ ദൈവാലയത്തിൽ പ്രധാന ശുശ്രൂഷകന്റെ ഒഴിവുണ്ട്. ഇടത്തറ ഇടവകയിൽ മിഷനറി പ്രവർത്തനം നടത്തിയിരുന്ന ബഹു. ഐശ്വര്യ സിസ്റ്ററാണ് ബാബുക്കുട്ടിയെ ഈ വിവരം അറിയിക്കുന്നത്. പിന്നെ ഒന്നും ചിന്തിച്ചില്ല. നേരെയിങ്ങു പോന്നു.

2016 ജൂൺ 1 മുതൽ തിരുവല്ല ഭദ്രാസന കത്തീഡ്രലിന്റെ പ്രധാന ശുശ്രൂഷകനായി തുടരുന്നു. ''ദൈവം ഓരോരുത്തർക്കും ഓരോ ജോലി ഏല്പിച്ചിട്ടുണ്ട്. ആ ജോലി പ്രാർത്ഥനയോടും, സ്നേഹത്തോടും, സമർപ്പണത്തോടും ചെയ്യുക. മേലധികാരികൾ പറയുന്നത് അനുസരിക്കണം. അത് കീഴ്ജീവനക്കാരുടെ കടമയാണ്''. ഇതാണ് ഈ ജോലിയോടുള്ള ബാബുക്കുട്ടിയുടെ കാഴ്ചപ്പാട്. അദ്ദേഹത്തിന്റെ താമസം കത്തീഡ്രൽ ദൈവാലയത്തോട് ചേർന്നുള്ള കെട്ടിടത്തിലാണ്. മാസത്തിൽ 3 ദിവസവും, അടിയന്തരാവശ്യങ്ങളിൽ പ്രത്യേക അവധിയും അനുവദിച്ചിട്ടുണ്ട്. അവധി ദിവസം വീട്ടിൽ പോകും. ഈ 40 വർഷ കാലയളവിൽ 20 ൽപരം വൈദിക ശ്രേഷ്ഠരോടൊത്ത് ശുശ്രൂഷ ചെയ്യാൻ സാധിച്ചത് ദൈവകൃപയായി കാണുന്നു. കത്തീഡ്രൽ ശുശ്രൂഷകൾ ഏറെ ഉത്തരവാദിത്വം നിറഞ്ഞതാണ്. ഒരിക്കലും ഒരു മുടക്കവും വരുത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വെളുപ്പിനെ 4 മണിക്ക് ഉണരുന്നതോടെ ആരംഭിക്കുന്നതാണ് ബാബുക്കുട്ടിയുടെ ദൈനംദിന കർത്തവ്യങ്ങൾ. 5.25 ന് ദൈവാലയത്തിൽ പ്രഭാതമണി മുഴങ്ങിയിരിക്കും. തുടർന്ന് ദിവ്യബലിക്കുള്ള ഒരുക്കങ്ങളിലേക്ക് പ്രവേശിക്കും. ബഹു. വികാരിയച്ചന്റേയും കൊച്ചച്ചന്റേയും ഭരണസമിതിയുടേയും ഇടവകജനങ്ങളുടേയും പരിപൂർണ്ണ സഹകരണം എല്ലാ കാര്യങ്ങളിലും ലഭിക്കുന്നതിൽ അദ്ദേഹം പൂർണ്ണ സന്തോഷവാനാണ്. സന്തോഷം സ്ഫുരിക്കുന്ന വാക്കുകളിൽ

അദ്ദേഹം ഒരിക്കൽകൂടി പറയുന്നു: ദൈവതിരുമുമ്പാകെ ഞാൻ സായൂജ്യവാനാണ്. ഇനിയുള്ള തന്റെ ശിഷ്ടജീവിതം നാഥന്റെ തൃച്ചേവടികളിൽ കാണിക്കയായി സമർപ്പിക്കുന്നു.

അതിരൂപതാദ്ധ്യക്ഷൻ അഭി. തോമസ് മാർ കൂറിലോസ് പിതാവിന്റെ കരുതലും സ്നേഹവും തന്റെ ശുശ്രൂഷകൾക്ക് ഏറെ ബലം പകരുന്നു. മലങ്കര കത്തോലിക്കാസഭയുടെ ലിറ്റർജി കമ്മീഷൻ സെക്രട്ടറി കൂടിയായ ഫാ. ഡോ. ഐസക് പറപ്പള്ളിലച്ചനാണ് കത്തീഡ്രൽ ഇടവകയുടെ വികാരി. അദ്ദേഹത്തിനും ബാബുക്കുട്ടിയുടെ കൃത്യനിഷ്ഠയെക്കുറിച്ചും, ശുശ്രൂഷകളിലുള്ള തീഷ്ണതയെക്കുറിച്ചും നല്ലതു മാത്രമേ പറയുവാനുള്ളൂ. മുൻ വികാരി ഫാ. ഡോ. തോമസ്കുട്ടിയച്ചനും, അസി. വികാരി ബഹു. ഏബ്രഹാം വലിയകുളത്തുങ്കലച്ചനും ബാബുക്കുട്ടിയുടെ ശുശ്രൂഷയെക്കുറിച്ച് നല്ല അഭിപ്രായമാണുള്ളത്.

ഈ ശുശ്രൂഷയുടെ നേട്ടവും മഹത്വവും അദ്ദേഹം തന്റെ ഹൃദയത്തിൽ സാംശീകരിച്ചിരിക്കുന്ന വചനഭാഗങ്ങളിലൂടെ മറുപടി നൽകുന്നു. സങ്കീ. 26:8 ''കർത്താവേ, അങ്ങു വസിക്കുന്ന ആലയവും അങ്ങയുടെ മഹത്വത്തിന്റെ ഇരിപ്പിടവും എനിക്ക് പ്രിയങ്കരമാണ്''. സങ്കീ. 84:10 ''അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം ആയിരിക്കുന്നത് കൂടുതൽ അഭികാമ്യമാണ്., ദുഷ്ടതയുടെ കൂടാരങ്ങളിൽ വാഴുന്നതിനേക്കാൾ, എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവൽക്കാരനാകാനാണ് ഞാൻ ആഗ്രഹിക്കുന്നത്''.

....സന്ധ്യാമണിയുടെ അലയൊലികൾ കത്തീഡ്രൽ ദൈവാലയത്തെ പ്രകമ്പനം കൊള്ളിക്കുമ്പോൾ....ആ ആറടി ഉയരക്കാരൻ തന്റെ കാൽമുട്ടുകളെ മടക്കി, നനവാർന്ന മിഴികളോടെ, നന്ദിയുടെ കരങ്ങൾ ഉയർത്തി. ......അനേകർക്കായി സ്വയം ബലിയായി തീർന്നവനു മുമ്പിൽ, തനിക്കൊരു പുതുജീവൻ പകർന്നു നൽകിയ കാരുണ്യവാന്റെ മുമ്പിൽ വിനീതനാകുന്നു. ■

കവിത

# സ്നേഹനാഥൻ



ഡോ. വറുഗീസ് പി. പീറ്റർ
ഇരവിപേരൂർ

ആരാകിലെന്താ എന്താകിലെന്താ
നാഥൻ നയിച്ചിടും വരികവനരികിൽ
പാപി നാമെങ്കിലും സ്നേഹം നിറഞ്ഞവൻ
പേർചൊല്ലി ചേർത്തണച്ചിടുമല്ലോ

വഴിയറിയാതെ ഞാനലഞ്ഞപ്പോൾ
വഴി സത്യം ജീവൻ ഞാൻ എന്നരുളി
എൻ നാഥനൊരിക്കലും വഴി മുടക്കില്ല
അവനല്ലോ എൻ പ്രിയ ഇടയനാം ദൈവം

പറവകൾ വിതയ്ക്കുന്നില്ലവൻ കൊടുക്കുന്നു
എനിക്കിനി ഭയം വേണ്ടണ്ടപശിയറിയില്ല
എൻ നാഥനത്രമേൽ കരുതുമെന്നറിക
കരുണയാൽ കളപ്പുര അവൻ നിറച്ചീടും

യേശു മഹോന്നതൻ പരമകാരുണികൻ
എൻ കുരിശവൻ വഹിച്ചെൻ ഭാരമടക്കും
അവനെത്ര വലിയവൻ ത്യാഗത്തിൻ നാഥൻ
അകതാരിൽ കടന്നവൻ നൊമ്പരം നീക്കും

# സായിപ്പിന്റെ കടുവാക്കുട്ടി

പ്രൊഫ. ഡോ. ബാബു ഫിലിപ്പ്





**1947**-നു മുമ്പ്, ഭാരതത്തിൽ താമസിച്ചിരുന്ന ഒരു സായിപ്പിന്, കാട്ടിൽ പോയി വേട്ടയാടുന്നത് വലിയ ഇഷ്ടമായിരുന്നു. ഒരിക്കൽ, കാട്ടിൽ വച്ച് ഒരു കടുവാ സായിപ്പിനു നേരെ ചാടി വീണു. ധീരനായ സായിപ്പ് കടുവയെ വെടിവച്ചുകൊന്നു. അടുത്തുനിന്നും ഒരു കരച്ചിൽ കേട്ട സായിപ്പ് അവിടെ ആ കടുവായുടെ ചെറിയ കുട്ടിയെ കണ്ടു. സായിപ്പ് ആ കടുവാക്കുട്ടിയെ വീട്ടിലേക്ക് എടുത്തുകൊണ്ടു വന്നു. സായിപ്പ് അതിനെ വാത്സല്യത്തോടെ വളർത്തി. അതിന് പാലും സസ്യാഹാരങ്ങളും മാത്രമേ നല്കാവൂ എന്ന് സായിപ്പ് വീട്ടിലുള്ള എല്ലാവരെയും ഓർപ്പിച്ചു. മാംസമോ രക്തമോ ഒരിക്കൽ രുചിച്ചാൽ ആ കടുവാ അപകടകാരിയായ മാംസഭുക്കായി മാറുമെന്ന് സായിപ്പിന് അറിയാമായിരുന്നു. കടുവാക്കുട്ടി വേഗം വളർന്നു വന്നു. ഒരിക്കൽ സായിപ്പ് ചാരുകസേരയിലിരുന്ന് വിരലുകളിലെ നഖം വെട്ടുകയായിരുന്നു. പ്രിയപ്പെട്ട കടുവാക്കുട്ടി തൊട്ടടുത്ത് തന്നെ ഇരിപ്പുണ്ടായിരുന്നു. അബദ്ധത്തിൽ സായിപ്പിന്റെ വിരൽ അല്പം മുറിഞ്ഞു. മുറിവിൽനിന്നും ഏതാനും തുള്ളി രക്തം നിലത്തുവീണു. അത് ശ്രദ്ധിക്കാതെ സായിപ്പ് എഴുന്നേറ്റ് മുറിവിൽ മരുന്നു വയ്ക്കാൻ പോയി. നിലത്തുകിടന്ന രക്തം കടുവാക്കുട്ടി നക്കിനോക്കി. അവൻ അന്ന് ആദ്യമായി രക്തത്തിന്റെ രുചി അറിഞ്ഞു. അത് അവനിൽ വലിയ മാറ്റംവരുത്തി. അവന്റെ ഉള്ളിൽ ക്രൂരത ഉണർന്നു. അടുത്തദിവസം കടുവാക്കുട്ടി, ആ വീട്ടിലെ ഒരു കോഴിയെ ഓടിച്ചുപിടിച്ചു. കടുവാ ആ കോഴിയെ ആർത്തിയോടെ കടിച്ചുകീറിത്തിന്നു. ഈ സംഭവം കണ്ടണ്ടസായിപ്പിന്, കടുവാ ഒരു മാംസഭുക്കായി മാറിയെന്നു മനസ്സിലായി. സായിപ്പ് എപ്പോഴും ഒരു തോക്ക് കൈയിൽ കരുതാൻ തുടങ്ങി. കടുവാ മറ്റു മൃഗങ്ങളെ എന്നും കൊന്നു തിന്നുവാൻ തുടങ്ങി. സായിപ്പ് കൂടുതൽ ശ്രദ്ധയോടെ കഴിഞ്ഞു.

ഒരു ദിവസം കടുവാ, സായിപ്പിന്റെ നേരെ കുതിച്ചുചാടി. ഉടനെതന്നെ തോക്കെടുത്ത് സായിപ്പ് അതിനെ വെടിവച്ച് വീഴ്ത്തി. ഒരിക്കൽ രുചിച്ച ഒരു തുള്ളി രക്തം ആ കടുവയിൽ വരുത്തിയ വലിയ മാറ്റം അയാളെ അദ്ഭുതപ്പെടുത്തി.

ചെറിയ തെറ്റുകൾ ചെയ്യുന്നത് നിസ്സാരമായി കരുതി അവയെ അവഗണിച്ചാൽ, അത് വലിയ പാതകങ്ങളിലേക്കും പാപങ്ങളിലേക്കും നമ്മെ നയിക്കുമെന്ന് ഈ കഥ നമ്മെ പഠിപ്പിക്കുന്നു.

# വ്യക്തിബന്ധം

വിദഗ്ദ്ധരായ മൂന്ന് ഡോക്ടർമാർ, ഒരു കാറിൽ ഒന്നിച്ചു സഞ്ചരിക്കുമ്പോൾ, ഒരാൾ വളരെ പ്രയാസപ്പെട്ട് നടന്നു പോകുന്നത് കണ്ടു.



ഉടനെ, അസ്ഥിരോഗ വിദഗ്ദ്ധൻ (ORTHOPEDIC SURGEON) പറഞ്ഞു, ‘‘ആ പോകുന്ന ആളുടെ ഒരു കാൽ ഉളുക്കിയിട്ടുണ്ട്.’’ അപ്പോൾ ഞരമ്പുരോഗ വിദഗ്ദ്ധൻ (NEUROLOGIST) എതിർത്തു, ‘‘അല്ല. അയാളുടെ ഞരമ്പുകൾക്കാണ് രോഗം. ഉടനെ ചികിത്സിച്ചില്ലെങ്കിൽ തളർച്ചയുണ്ടാകാം.’’ അപ്പോൾ മനോരോഗ വിദഗ്ദ്ധൻ (PSYCHIATRIST) അഭിപ്രായപ്പെട്ടു, ‘‘നിങ്ങൾക്കു തെറ്റിപ്പോയി. അയാൾ കടുത്ത മാനസിക രോഗിയാണ്. ആൾ ഇപ്പോൾ SILENT ആണ്. ഉടനെ ചികിത്സിച്ചില്ലെങ്കിൽ VIOLENT ആകാം.’’’ അയാളുടെ അടുത്ത് കാർ നിർത്തിയിട്ട് അവർ അയാളോട് ചോദിച്ചു, നിങ്ങൾക്ക് നടക്കുമ്പോൾ എന്താണ് പ്രയാസം? കുനിഞ്ഞ്, കാലിലെ ഒരു ചെരിപ്പ് കൈയിൽ എടുത്ത് കാണിച്ചിട്ട് അയാൾ പറഞ്ഞു, ‘‘ഈ ചെരിപ്പിന്റെ വള്ളി പൊട്ടിപ്പോയി. ഇതുമിട്ടുകൊണ്ട് ഒരുവിധത്തിൽ അടുത്തുള്ള ചെരിപ്പുകട വരെ പോകുകയാണ് ഞാൻ, ഇതൊന്നു ശരിയാക്കാൻ.’’

വ്യക്തിപരമായ സമീപനത്തിലൂടെ മാത്രമേ ഒരു വ്യക്തിയുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ എന്ന് ആ വിദഗ്ദ്ധർ അന്ന് മനസ്സിലാക്കി. വാചാലമായ വാഗ്വാദങ്ങളും പാണ്ഡിത്യം നിറഞ്ഞ പ്രസംഗങ്ങളും അല്ല, സ്നേഹം നിറഞ്ഞ വ്യക്തിബന്ധമാണ് മറ്റുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ സഹായിക്കുന്നത്.

## മൂന്നു പല്ലികൾ



ഒരു മുറിയുടെ മുകൾത്തട്ടിൽ (CEILING) കൂട്ടുകാരായ മൂന്നു പല്ലികൾ തല കീഴെയായി ഇരിക്കുകയായിരുന്നു. അവയിൽ ഒരെണ്ണം, ഒരു കീടത്തെ പിടിക്കാനുള്ള ശ്രമത്തിനിടെ പിടിവിട്ടു താഴെ വന്നു വീണു. അല്പം കഴിഞ്ഞപ്പോൾ, അവന്റെ രണ്ടു കൂട്ടുകാരും പിടിവിട്ട് നിലത്തു വീണു. ഇത് എങ്ങനെ സംഭവിച്ചു എന്നത് കൂട്ടുകാരോട് ചോദിക്കാവുന്ന ഒരു കടംകഥ ആണ്. അതിന്റെ ഉത്തരം സാങ്കല്പികമെങ്കിലും രസകരമാണ്.

ആദ്യം താഴെവീണ പല്ലി, ഇരയെ പിടിക്കുന്നതിന്റെ ഇടയിൽ, അബദ്ധത്തിൽ പിടി വിട്ടു താഴെ വീണതാണ്. അപ്പോൾ, കൂട്ടുകാരന്റെ വീഴ്ച കണ്ട മറ്റു രണ്ടു പല്ലികൾ ആഹ്ലാദത്തോടെ പൊട്ടിച്ചിരിച്ചുകൊണ്ട് കൈയടിച്ചു. അതോടെ സീലിങ്ങിൽനിന്നും പിടിവിട്ട അവരും താഴേയ്ക്ക് വീണു. കൂട്ടുകാരുടെ ദുർഗ്ഗതി കണ്ട് സന്തോഷിക്കുന്നവർക്ക് ഇത്തരം വീഴ്ച സാധാരണയായി സംഭവിക്കാറുണ്ട് എന്ന് നമുക്ക് അറിയാം. ■

സുറിയാനി പഠനം

# മർദൂസോ – ആറാം ഭാഗം

സി. ജോസി എസ്.ഐ.സി.




കഴിഞ്ഞ ലക്കത്തിൽ നമ്മൾ Major Rules പഠിക്കുകയായിരുന്നു. ഇനിയും നമ്മൾ Minor Rules പഠിക്കാൻ പോവുകയാണ്.

**Minor Rules :**


1. ചില പദങ്ങളിൽ (ഉ) പുള്ളിക്കുശേഷം മിക്കപ്പോഴും, (ഒ) പുള്ളിക്കുശേഷം വല്ലപ്പോഴും (വാവ്) എന്ന അക്ഷരം വരും. ഈ രണ്ട് സന്ദർഭങ്ങളിലും (വാവ്) ഉച്ചരിക്കേണ്ടതില്ല.

ക്+ഒ = കോ
റ്+ഉ = റു
യ്+ഒ = യോ

= കോറുയോ 


2. ചില പദങ്ങളിൽ ഈ ( ) പുള്ളിക്കുശേഷം മിക്കപ്പോഴും എ ( ) പുള്ളിക്കുശേഷം വല്ലപ്പോഴും യൂദ് എന്ന അക്ഷരം വരും. ഈ രണ്ട് സന്ദർഭങ്ങളിലും യൂദ് ഉച്ചരിക്കേണ്ടതില്ല.

ബ്+ ഇ = ബീ
ശ് + ഒ = ശോ

= ബീശോ 

3. അ ( ) പുള്ളിക്കുശേഷം യൂദ് എന്ന അക്ഷരം വന്നാൽ അയ് എന്ന് ഉച്ചരിക്കും.
4. അ ( ) പുള്ളിക്കുശേഷം വാവ് വന്നാൽ അവ് എന്ന് ഉച്ചരിക്കും.
5. അ ( ) പുള്ളിക്കുശേഷം വാവ് ( ), ഹേ ( ), യൂദ് ( ) ഇവ വന്നാൽ ആവ് എന്ന് ഉച്ചരിക്കും.
6. ഉ ( ) പുള്ളിശേഷം വാവ് ( ), ഹേ ( ), യൂദ് ( ) ഇവ വന്നാൽ ഊയ് എന്ന് ഉച്ചരിക്കും.

II. Letters that are Similar (ഒരുപോലെയുള്ള അക്ഷരങ്ങൾ)







# പ്രബോധനങ്ങൾ... നവംബർ

## നവംബർ 03 ഞായർ

വി. മത്തായി 16:13-23 – കൂദോശ് ഈത്തൊ (സഭയുടെ വിശുദ്ധീകരണം)

**റവ. ഫാ. ജോൺ പടിപ്പുര**

ആരാധനക്രമവത്സരത്തിന്റെ ആരംഭമായ വചനിപ്പുകാലത്തിലേക്കു നാം പ്രവേശിക്കുന്ന ഈ ആഴ്ച പരിശുദ്ധ സഭ നമ്മുടെ വിചിന്തനത്തിനായി തന്നിരിക്കുന്ന വചനഭാഗം വി. മത്തായിശ്ലീഹാ എഴുതിയ സുവിശേഷം 16:13-23 ആണ്. സമാന്തരസുവിശേഷങ്ങളുടെ അവതരണമനുസരിച്ച് ഈശോയുടെ പരസ്യജീവിതം പുരോഗമിക്കുക പ്രധാനമായും മൂന്നു ഘട്ടങ്ങളിലൂടെയാണ്. 1. ഗലീലിയയിലെ പ്രവർത്തനം 2. ജറുസലേമിലേക്കുള്ള നീണ്ടയാത്ര 3. ജറുസലേമിലെ പ്രവർത്തനം. ഇതിൽ ഒന്നാം ഘട്ടപ്രവർത്തനം പൂർത്തിയാക്കി രണ്ടാം ഘട്ടത്തിന്റെ ആരംഭത്തിൽ യേശു ചോദിക്കുന്ന രണ്ട് ചോദ്യങ്ങളാണ് ഈ വചനഭാഗത്തിന്റെ കാതൽ.

1. ഞാൻ ആരെന്നാണ് ജനങ്ങൾ പറയുക?

2. ഞാൻ ആരെന്നാണ് നിങ്ങൾ പറയുക?

സ്വർഗ്ഗം ചായിച്ച് കാലിത്തൊഴുത്തിൽ അവതരിച്ച പൊന്നുതമ്പുരാനെ ജനങ്ങൾ മനസ്സിലാക്കിയത് വ്യത്യസ്ത വിധത്തിലാണ്. ബൽസബൂലിന്റെ സ്നേഹിതനായും, തച്ചന്റെ മകനായും, പിശാചുബാധിതനായും, സുബോധം നഷ്ടപ്പെട്ടവനായും, പ്രവാചകനായും, ദൈവത്തിൽനിന്നുവന്ന മനുഷ്യനായും....ഏലിയായായും ജറമിയായും യോഹന്നാനായും ഒക്കെ അവനെ മനസ്സിലാക്കിയ ജനങ്ങളെപ്പറ്റി ശിഷ്യന്മാർ അവനെ അറിയിക്കുന്നുണ്ട്. എന്നാൽ അവൻ നിന്നോട് ചോദിക്കുന്ന ചോദ്യമാണ് ഏറ്റവും പ്രധാനപ്പെട്ടത്. നിനക്ക് ഞാൻ ആരാണ്? അനുദിനജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യവും ഇതുതന്നെ. ക്രിസ്തു എനിക്ക് ആരെന്ന് എന്നെത്തന്നെ ബോധ്യപ്പെടുത്തുക. അതാണ് എന്റെ ജീവിതത്തിന്റെ അടിസ്ഥാനം. ഓരോ പ്രഭാതത്തിലും, നീ ഈ ചോദ്യത്തിന്റെ ഉത്തരം, നിന്നെതന്നെ ബോധ്യപ്പെടുത്തണം. സുവിശേഷങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ ക്രിസ്തു തനിക്ക് ആരെന്ന ചോദ്യത്തിനുത്തരം കണ്ടെത്തിയവരാണ് ജീവിതത്തിൽ മാറ്റമുണ്ടായവർ. യോഹന്നാന്റെ സുവിശേഷം 9-ാം അദ്ധ്യായത്തിലെ പിറവികുരുടനോട് നീ മനുഷ്യപുത്രനിൽ വിശ്വസിക്കുന്നുവോ എന്ന് ഈശോ ചോദിക്കുമ്പോൾ ആ അന്ധൻ ചോദിക്കുന്നു: കർത്താവെ ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന് അവൻ (എനിക്ക്) ആരാണ്? ആ അന്ധന് കാഴ്ച കിട്ടിയതിന്റെ പേരിലല്ല അവൻ വിശ്വസിച്ചത് മറിച്ച് അവന്റെ ജീവിതത്തിൽ യേശുവിന്റെ സ്ഥാനമെന്തെന്ന തിരിച്ചറിവിനുശേഷമാണ്.

അപ്പസ്തോലപ്രവർത്തനത്തിൽ ക്രിസ്തുവിനെ ശത്രുവായി കണ്ട പൗലോസ്, ക്രിസ്തുവിനുവേണ്ടി മരിക്കുന്നതാണ് തന്റെ ജീവിതത്തിൽ ഏറ്റവും പരമ പ്രധാനമെന്ന തിരിച്ചറിവിലേക്ക് കടന്നുവന്നത് ക്രിസ്തു തനിക്ക് ആരെന്ന ചോദ്യത്തിനുശേഷമാണ്. കുതിരപ്പുറത്തുനിന്ന് വീണ് അന്ധനായി മാറിയ സാവൂൾ ചോദിച്ചു: "കർത്താവേ അങ്ങ് ആരാണ്? ഈ ചോദ്യത്തിനുള്ള യഥാർത്ഥമായ ഉത്തരം സ്വായത്തമാക്കിയ സാവൂൾ മറ്റൊരു വ്യക്തിയായി തീർന്നു. ജീവിതത്തിൽ അനേക തവണ പതറിപ്പോയ പത്രോസിന് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ലഭിക്കാനുള്ള യോഗ്യതയും ക്രിസ്തു തനിക്ക് ആരെന്നുള്ള ചോദ്യത്തിന് വ്യക്തമായ ഉത്തരം കണ്ടെത്താൻ കഴിഞ്ഞു എന്നുള്ളതാണ്.

വചനിപ്പുകാലത്തിന്റെ ആരംഭ ആഴ്ചയിൽ സഭ നമ്മുടെ വിചിന്തനത്തിനായി ഈ ഭാഗം തന്നിരിക്കുന്നതിന് ഒരു പ്രത്യേക ഉദ്ദേശമുണ്ട്. ആദിയിൽ വചനമായി ദൈവത്തോടുകൂടെ ആയിരുന്നവൻ മനുഷ്യനായി നിന്റെ ചാരെ വരുമ്പോൾ നീ അവനെ എങ്ങനെ മനസ്സിലാക്കുന്നു എന്ന് ധ്യാനിക്കണം. രോഗം സുഖപ്പെടുത്തുന്ന ഒരു വൈദ്യനാണോ? നഷ്ടപ്പെട്ടവ കണ്ടെത്തിത്തരുന്ന ഒരാളാണോ? ജോലി വാങ്ങി തരുന്ന ഒരാളാണോ? പരീക്ഷയ്ക്ക് ഉന്നതവിജയം നേടിത്തരുന്നവനാണോ? ......പലപ്പോഴും ക്രിസ്തു നമുക്ക് ഇതൊക്കെ മാത്രമാണ്. ഈ അവസ്ഥയിൽനിന്ന് മാറ്റമുണ്ടാകണം. അവനാണ് എന്റെ സർവ്വസ്വവും, എന്റെ ജീവിതത്തിന്റെ കോട്ടയും പരിചയും എല്ലാം എന്നതിരിച്ചറിവിലേക്ക് കടന്നുവരാൻ കഴിയട്ടെ.

## നവംബർ 10 ഞായർ

വി. യോഹന്നാൻ 2: 13-22 – ഹൂദോസ് ഈത്തോ (സഭയുടെ നവീകരണം)

**റവ. ഫാ. ഏബ്രഹാം നടുവിലേടം**

"സഭയാം, തിരുസഭയാമീ ഞാൻ
അത്യുന്നതനുടെ മണവാട്ടി;
പാവനസഭ ചൊന്നീടുന്നു
എൻ വരനേവൻ ഞാൻ ധന്യ"

വ്യക്തിത്വത്തിന്റെ അടയാളം അവബോധമാണ്. തിരുസഭയുടെ തിരിച്ചറിവും സ്വയാവബോധവുമാണ് ഈ ഗീതത്തിൽ പ്രകടമാകുന്നത്. പഴയ ഉടമ്പടിയിലെ സഭ ഇത് നഷ്ടപ്പെട്ട് മലിനയായിത്തീർന്നു. 'പ്രാകൃതരാം ജാരന്മാരുടെ പിന്നാലെപോയി സ്വത്വം നശിച്ച യഹൂദസഭയെ നശിപ്പിക്കുമെന്നല്ലേ ദൈവപുത്രൻ മുന്തിരിത്തോട്ട

ത്തിലെ കൃഷിക്കാരുടെ ഉപമയിൽ ഭംഗ്യന്തരേണ പറഞ്ഞുവച്ചത്? (മത്തായി 21:33-44).

കൂദോശ് ഈത്തോ ഞായറാഴ്ച നമ്മുടെ ധ്യാന വിഷയം പത്രോസിന്റെ വിശ്വാസ പ്രഖ്യാപനമായിരുന്നു. പത്രോസാകുന്ന ഉറച്ച പാറമേൽ പണിയപ്പെട്ട പുതിയ സഭയുടെ അവബോധമാണ് താൻ അത്യുന്നതനായ ദൈവത്തിന്റെ പ്രിയമണവാട്ടിയാണെന്നത്. സഭയിൽ തിരുന്നാളുകളും പെരുന്നാളുകളുമുണ്ട്. എന്നാൽ സഭയുടെതന്നെ പെരുന്നാളാണ് കൂദോശ് ഈത്തോ, ഹൂദോസ് ഈത്തോ ഞായറുകൾ. രക്ഷകനായ യേശുവോടൊത്തുള്ള വാർഷികയാത്രയുടെ സമാരംഭം കുറിക്കുന്ന 'വിശുദ്ധ വാരങ്ങളാണ്' ഈ ആഴ്ചകൾ. സഭയുടെ വാർഷിക അസംബ്ലികൾ നടത്തപ്പെടുവാൻ സമുചിതമായ സന്ദർഭമാണിത്. തിരുവല്ല (അതി) ഭദ്രാസനത്തിന്റെ പ്രഥമാദ്ധ്യക്ഷൻ മാർ തെയോഫിലോസ് തിരുമേനിയുടെ സ്ഥാനാരോഹണം 1933 നവംബർ 6 ന് കൂദോശ് ഈത്തോ ഞായറാഴ്ചയായിരുന്നു എന്നത് ആകസ്മികമായിരുന്നില്ല; പ്രത്യുത സഭാവബോധം ജ്വലിപ്പിച്ചു നിർത്തിയ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ തെരഞ്ഞെടുപ്പായിരുന്നു.

സഭയെ ചാരെനിന്ന് വീക്ഷിക്കാനുള്ള ദിവസമാണിന്ന്. ഏതൊരു പ്രസ്ഥാനത്തെയുംപോലെ സഭയും എക്കാലവും വിമർശന വിധേയമാണ്. ഇക്കാലത്ത് പ്രത്യേകിച്ചും. കറയും ചുളിവും മറ്റു കുറവുകളും കൂടാതെ നിർമ്മലയായിരിക്കാൻവേണ്ടിയാണ് ക്രിസ്തു തന്റെ മണവാട്ടിയെ തെരഞ്ഞെടുത്ത് പ്രതിഷ്ഠിച്ചത് (എഫേ. 5:27). മൂന്നു ജോഡി കണ്ണുകളുടെ നിരീക്ഷണത്തെപ്പറ്റി ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ വിവരിക്കുന്നു:

1. ഞാൻ എന്നെ കാണുന്ന വിധം
2. മറ്റുള്ളവർ എന്നെ കാണുന്ന വിധം
3. ദൈവം എന്നെ കാണുന്ന വിധം

'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിൽ രണ്ടാം വത്തിക്കാൻ സുന്നഹദോസ് സഭയെപ്പറ്റി പറയുന്നത് ഞാൻ എന്നെ കാണുന്ന വിധമാണ്. ഇന്നത്തെ ചാനലുകളും മാദ്ധ്യമസംസ്കാരവും സഭയെ നിശിതമായി വിമർശിക്കുന്നത് ആധുനിക യുഗം സഭയെ കാണുന്ന രീതിയാണ്. ഇന്നത്തെ സുവിശേഷം വിളംബരം ചെയ്യുന്നത് ദൈവം തന്റെ സഭയെ അഥവാ, ക്രിസ്തു തന്റെ മണവാട്ടി എങ്ങനെയായിരിക്കണമെന്നതിന്റെ മാർഗ്ഗരേഖയാണ്.

പെസഹാക്കാലം വിപണനമേളയായി മാറുമ്പോൾ, ഇടംതേടി ദേവാലയാന്തർഭാഗവും സ്റ്റാളുകൾക്കായി ലേലം ചെയ്തു കൊടുത്തത് ഒരു അപശകുനമായി, ഗർഹണീയമായ അപരാധമായി യേശുതമ്പുരാൻ കാണുന്നു. പ്രശാന്തമായ കടലുപോലെ ശാന്ത-സൗമ്യ മനസ്സിന്റെ ഉടമയായ യേശു രോഷം കൊണ്ട അപൂർവ്വ സന്ദർഭമാണിത്. 'അരുതാത്തത് വിശുദ്ധ സ്ഥലത്ത് കാണുമ്പോൾ അക്ഷോഭ്യനായ യേശു ക്ഷുഭിതനായി. യേശുവിന്റെ മാനവികതയുടെ മാറ്റു തെളിയുന്ന സന്ദർഭമാണിത്. ഭവനം സമാധാനമായി വിശ്രമിക്കാനുള്ള തനതിടമാണ്; തൊഴിൽശാല ജോലി ചെയ്യാനുള്ള ഇടമാണ്; തെരുവീഥി വാഹനങ്ങൾക്ക് യാത്രചെയ്യാനുള്ള സ്ഥലമാണ്. ദേവാലയം സ്വസ്ഥമായി പ്രാർത്ഥിക്കാനും ആരാധിക്കാനുമുള്ള ഇടവും. വീടിനെ രാഷ്ട്രീയ ശോഭയാക്കുന്നതും, റോഡിനെ വാണിജ്യകേന്ദ്രമാക്കുന്നതും, തൊഴിൽശാലയെ യൂണിയൻ പ്രവർത്തനവേദിയാക്കുന്നതും, യൂണിവേഴ്സിറ്റി കാമ്പസിനെ കലാപശാലയാക്കുന്നതും അക്ഷന്തവ്യമാണ്; തലതിരിഞ്ഞ ഏർപ്പാടാണ്; കലികാല കോലംതുള്ളലാണ്. അവിടെയൊക്കെ പ്രപഞ്ചനിയന്താവ് ഇടപെടും. ''എന്റെ പിതാവിന്റെ ആലയം കച്ചവടസ്ഥലമാക്കരുത്'' (യോഹ. 2:16). യാഗവേദിയും യജ്ഞശാലയുമാണ് ദേവാലയം. അത് വിരുന്നുശാലയായി മാറുമ്പോൾ, വാണിജ്യമേളയായി അധഃപ്പതിക്കുമ്പോൾ സങ്കീർത്തകൻ ശപിക്കുന്നത് കേൾക്കുക: അവരുടെ ഭക്ഷണമേശ അവർക്ക് കെണിയായിത്തീരട്ടെ! അവരുടെ യാഗോത്സവങ്ങൾ കുരുക്കായിത്തീരട്ടെ! അവർ അന്ധരായിപ്പോകട്ടെ (സങ്കീ. 69: 22-23).

നമ്മുടെ പള്ളികളിലെ പെരുന്നാളാഘോഷങ്ങളും ചിലപ്പോഴെങ്കിലും ഈ വിധത്തിൽ അധഃപ്പതിക്കുന്നില്ലേ? അല്പം ആത്മീയതയും അതിഭൗതികതയുമായി അവ അധഃപ്പതിക്കാതിരിക്കാൻ ഇടയന്മാർ അതിജാഗ്രത പുലർത്തണം. അവർക്കവിടെ ആയുസ്സ് ഏറെയില്ലെന്നറിയാമെങ്കിലും. സഭയുടെ വിജയം ആത്മീക വിജയമാകണം. സഭയുടെ വളർച്ച ദൈവരാജ്യ വളർച്ചയാകണം. വിശ്വാസിയുടെ ഉള്ളിലാണ് ദൈവരാജ്യം - The kingdom of God is within you എന്നല്ലേ യേശു പഠിപ്പിച്ചത്. ദൈവരാജ്യം സമാധാനവും നീതിയും പരിശുദ്ധാത്മാവിലുള്ള ആനന്ദവുമത്രേ എന്നല്ലേ ദിവ്യനാഥൻ നമ്മെ പഠിപ്പിച്ചത്? ഈ ദൈവരാജ്യം സംസ്ഥാപനത്തിന്റെ കാവലാളായി സഭയും സഭാസമൂഹവും വർത്തിക്കണം. ഇത് നൈരന്തര്യമുള്ള ഒരു പ്രക്രിയയാണ്. അപ്പോൾ മാത്രമാണ് സഭ നവീകരിക്കപ്പെടുന്നത്. ഗ്ലാം പെയ്ന്റിംഗുകൾ ലഘുവായ ഒരു നവീകരണം മാത്രമാണ്. യഥാർത്ഥ നവീകരണം വിശ്വാസിയുടെ അന്തരാളങ്ങളിൽ അനുദിനം അരങ്ങേറേണ്ട ഒരു യാഥാർത്ഥ്യമാണ്. മനുഷ്യമനസ്സിന്റെ ഉദാത്തീകരണമാണ് യഥാർത്ഥ നവീകരണം.

**നവംബർ 17 ഞായർ**

## വി. ലൂക്കോ 1:5-25 - സ്കറിയായോടുള്ള അറിയിപ്പ്

### റവ. ഫാ. തോമസ് പുതിയവീട്ടിൽ

മലങ്കര കത്തോലിക്കാസഭയുടെ ആരാധനക്രമ വർഷത്തെ ഏഴു കാലങ്ങളായി വിഭജിക്കുന്നു. അതിൽ ഒന്നാമത്തേതാണ് വചനിപ്പുകാലം. കർത്താവായ യേശുമിശിഹായുടെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനം സംബന്ധിച്ച് പിതാവായ സഖറിയായ്ക്ക് ഉണ്ടായ ദർശനമാണ് ഇന്നത്തെ ദിവസത്തിന്റെ പ്രാധാന്യം.

വി. ലൂക്കോസ്, സ്നാപകയോഹന്നാന്റെ മാതാപിതാക്കളായ സഖറിയാപുരോഹിതനേയും മാതാവായ ഏലിശുബായേയുംപറ്റി വളരെ

നന്നായി തന്റെ സുവിശേഷാരംഭത്തിൽ എഴുതിയിട്ടുണ്ട്. അവർ ഇരുവരും ദൈവകല്പനകൾ കുറ്റമറ്റവിധം അനുസരിക്കുന്നവർ, വിശുദ്ധരായി ജീവിക്കുന്നവർ. സഖറിയപുരോഹിതനും എലിസബേത്തും അഹറോന്റെ കുടുംബത്തിൽ പിറന്നവർ ആയിരുന്നു. അവർക്ക് വലിയൊരു ദുഃഖം ഉണ്ടായിരുന്നു. ഒരു ശിശുവിനെ കാണാനുള്ള ഭാഗ്യമില്ലാതെ വൃദ്ധരായിത്തീർന്നു.

ദാവീദുരാജാവിന്റെ കാലംമുതൽ പൗരോഹിത്യശുശ്രൂഷയ്ക്കായി അഹറോന്റെ സന്തതികളിൽപെട്ട 24 വംശങ്ങളിൽനിന്ന് രണ്ടുപേരെ വീതം പൗരോഹിത്യശുശ്രൂഷയ്ക്കായി ഓരോ ആഴ്ചത്തേക്കും കുറിയിട്ട് എടുത്ത് നിയോഗിക്കുക പതിവായിരുന്നു. അപ്രകാരം സഖറിയായ്ക്ക് കുറി വീണു. നിയോഗമനുസരിച്ച് ദൈവാലയത്തിനുള്ളിലും, ബലിയർപ്പണത്തിന്റെ അവസാനഭാഗത്ത് പുരോഹിതന്റെ ആശീർവാദം സ്വീകരിക്കാനായി ജനം ദൈവാലയത്തിനു പുറത്തും കഴിയുകയായിരുന്നു. സഖറിയപുരോഹിതൻ നിന്നതിന് വലതുവശത്ത് ദാനിയേൽപ്രവാചകന് നേരത്തെ പ്രത്യക്ഷപ്പെട്ട സംഭവം ഇസ്രായേൽകാർക്കെല്ലാം അറിയാമായിരുന്നു. എങ്കിലും പെട്ടെന്ന് ഗബ്രിയേൽദൂതനെ കണ്ടപ്പോൾ സഖറിയാ ഭയപ്പെട്ടു. ഗബ്രിയേൽ സഖറിയായോട് ഭയപ്പെടേണ്ടെന്നും, താൻ വലിയ ഒരു ദൗത്യവുമായി ദൈവത്താൽ അയയ്ക്കപ്പെട്ടതാണെന്നും പറഞ്ഞു. സഖറിയായുടേയും ഭാര്യ എലിസബത്തിന്റേയും പ്രാർത്ഥന ദൈവം കേട്ടെന്നും, അതിശ്രേഷ്ഠനായിത്തീരേണ്ട ഒരു ശിശു അവർക്ക് ജനിക്കുമെന്നും പറഞ്ഞു. സഖറിയായ്ക്കു ജനിക്കാൻ പോകുന്ന ശിശു വരാനിരിക്കുന്ന രക്ഷകന്റെ മുന്നോടിയായിത്തീരുമെന്നും, അമ്മയുടെ ഉദരത്തിൽവച്ചുതന്നെ അവൻ പരിശുദ്ധാത്മാവിനാൽ നിറയുമെന്നും മറ്റുമുള്ള സുദീർഘമായ ഒരു വിവരണം മാലാഖാ സഖറിയായ്ക്കു നല്കുന്നുണ്ട്. പക്ഷേ സഖറിയാ അതൊന്നും ശ്രദ്ധിക്കാതെ താനും ഭാര്യയും പ്രായം കവിഞ്ഞവരാണെന്നും പറഞ്ഞ് ഗബ്രിയേൽദൂതനെ നിരസിക്കുന്നു. അനുഗ്രഹങ്ങളുടെ ദൂതുമായി വന്ന ദൈവദൂതൻ സഖറിയായെ ശിക്ഷിക്കുന്നതാണ് നമ്മൾ കാണുന്നത്. ശിശു ജനിക്കുന്നിടംവരെ സംസാരിക്കാൻ സാധിക്കാതെ മൗനമായി സഖറിയാ കഴിയേണ്ടി വന്നു.

സഖറിയായുടെ ശിക്ഷയ്ക്കു കാരണമെന്താണെന്നു നമുക്കൊന്നു വിശകലനം ചെയ്യാം. ആദ്യത്തേത്, തങ്ങളുടെ പ്രാർത്ഥനയ്ക്കു ദൈവം നേരത്തെ ഒന്നും പ്രതിഫലം തരാതെ തങ്ങൾ ഇരുവരും വൃദ്ധരാകുന്നതുവരെ അനുഗ്രഹം താമസിപ്പിച്ചു. പഴയനിയമത്തിലേക്കു തിരിഞ്ഞുനോക്കിയാൽ പ്രായമേറുന്നതുവരെ സന്താനലഭ്യത ഇല്ലായിരുന്ന നിരവധി പ്രശസ്ത വ്യക്തികളെ കാണാം. ഏറ്റവും മുമ്പിലുള്ളതു പിതാവായ അബ്രഹാമിന്റെ ഭാര്യ സാറായാണ്. അബ്രഹാമിന്റെ ശ്രേഷ്ഠ ഭാര്യയായി ജീവിച്ച് മക്കളില്ലാതിരുന്നതിനാൽ സ്വന്തം ഭാര്യയായ ഈജിപ്തുകാരി ഹാഗാറിനെ സാറാ അബ്രഹാമിനെ ഏല്പിച്ചു. അബ്രഹാമിൽനിന്ന് മകനെ ലഭിച്ചപ്പോൾ അവൾ അഹങ്കാരവും, അസൂയയും മൂത്ത് സാറായെ ദുഃഖിപ്പിച്ചു. സാറായും അബ്രഹാമും ദൈവസമക്ഷം പ്രാർത്ഥിച്ച് അവർക്ക് ഇസഹാക്കിനെ ലഭിച്ചു. അതേ കുടുംബത്തിൽ അതേ അനുഭവങ്ങൾ തുടർന്നു കൊണ്ടിരുന്നു. ശമുവേലിന്റെ അമ്മയായ ഹന്നായുടെ അനുഭവത്തെപ്പറ്റി സാമുവേലിന്റെ ഒന്നാം പുസ്തകത്തിൽ നമ്മൾ വായിക്കുന്നുണ്ട്. ഹന്നായും ഭർത്താവ് എൽക്കാനായും കൂടി ഷീലോയിലെ ദൈവാലയത്തിൽ ചെന്നു. ഹന്നാ തനിയെ ദൈവാലയത്തിൽ ദീർഘനേരം ശബ്ദമുണ്ടാക്കാതെ ശാന്തമായി പ്രാർത്ഥിച്ചു. പുരോഹിതനായ ഹേലി അതുകണ്ടു. അവൾ മദ്യത്തിനു അടിമയാണെന്ന് തെറ്റിദ്ധരിച്ച് ചോദ്യം ചെയ്യുന്നു. അവൾ തന്റെ ദുഃഖം പ്രാർത്ഥനയായി ദൈവസമക്ഷം സമർപ്പിക്കുകയായിരുന്നെന്നു പറഞ്ഞപ്പോൾ ഹേലി അവളുടെ ഹൃദയവേദനയ്ക്ക് പരിഹാരമായി പ്രാർത്ഥനയും ദൈവാനുഗ്രഹവും അവർക്കു നല്കുന്നു. ഒരു വർഷം തികഞ്ഞപ്പോൾ അവൾക്കു പിറന്ന ശിശുവായിരുന്നു ശമുവേൽ പ്രവാചകൻ. ദൈവത്തിനു മുമ്പിൽ നമ്മൾ സമർപ്പിക്കുന്ന പ്രാർത്ഥനയ്ക്കു ഉടൻ പ്രതിഫലം കിട്ടണമെന്ന് ശഠിക്കാതെ പ്രാർത്ഥന തുടരാനാണ് ശ്രദ്ധിക്കേണ്ടത്.

സഖറിയായുടെ മറ്റൊരു കുറവ്, മാലാഖാ ദൈവത്തിൽനിന്ന് കൃപയുടെ സന്ദേശവുമായി വന്നപ്പോൾ, സഖറിയാ മാലാഖയുടെ വാക്കുകൾ ശ്രദ്ധിക്കാതെ തന്റെയും ഭാര്യയുടെയും കുറവുകളെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. അതുകൊണ്ടു ഗബ്രിയേൽമാലാഖ പറഞ്ഞ വലിയ കാര്യങ്ങളൊന്നും കേട്ടില്ല. ദൈവം എല്ലാ കുറവുകളെയും മാറ്റാൻ പ്രാപ്തനാണെന്ന സത്യം വിസ്മരിക്കുന്ന സഖറിയാ. പ്രാർത്ഥനയ്ക്ക് ദൈവം ഉടനെ മറുപടി തരണമെന്ന് ശഠിക്കാതെ, ലഭിക്കുന്നതുവരെ നമ്മൾ പ്രാർത്ഥന തുടരണം. പ്രാർത്ഥനയുടെ ഏറ്റവും നല്ല ഉദാഹരണം നമ്മുടെ മുമ്പിൽ ജീവിക്കുന്ന കുഞ്ഞുമക്കൾ തന്നെയാണ്. അവർ അമ്മയുടെ വസ്ത്രത്തിൽ പിടിച്ച് അവരുടെ ആവശ്യം പറയുന്നു. അമ്മ കൊടുത്തില്ലെങ്കിൽ അവർ വീണ്ടും വീണ്ടും പറഞ്ഞും കരഞ്ഞും തങ്ങളുടെ ആഗ്രഹം സാധിക്കും. നമ്മൾ ദൈവത്തിന്റെ മുമ്പിൽ ശിശുക്കളായി നമ്മുടെ ആവശ്യം സാധിക്കുന്നിടംവരെ തുടരെ ചോദിച്ചുകൊണ്ടിരിക്കണം. നമ്മൾ ചോദിക്കുന്ന കാര്യം ചിലപ്പോൾ നമുക്കു ദോഷമായി തീരുമെങ്കിൽ ദൈവം അതിനു പകരം കൂടുതൽ നല്ല ഫലം തരാതിരിക്കയില്ല. പ്രാർത്ഥന ജീവനുള്ള വ്യക്തിക്ക് എപ്പോഴും സാധിക്കുന്ന കർമ്മമാണ്. ഞാൻ ദൈവത്തിൽ സദാജീവിക്കുന്നു. ദൈവം എന്നിലും സദാ ജീവിക്കുന്നു. യഥാർത്ഥ പ്രാർത്ഥന ദൈവസാന്നിദ്ധ്യം അനുഭവിക്കുകയാണ്. ഈ ചിന്തയാണ് വേണ്ടത്.

**നവംബർ 24 ഞായർ**

## വി. ലൂക്കോസ് 1: 26-38 - വി. ദൈവമാതാവിനോടുള്ള അറിയിപ്പ്

**റവ. ഫാ. വർഗീസ് ഈരാച്ചേരിൽ**

അവിവാഹിതയായ, പ്രായംകുറഞ്ഞ, വലിയ കാര്യങ്ങളിലൊന്നും താല്പര്യമില്ലാത്ത ഒരുവൾ പെട്ടെന്ന് എങ്ങനെയാണ് ചരിത്രത്തിന്റെ

കേന്ദ്രബിന്ദു ആയിത്തീർന്നത്? അപാരമായ ധൈര്യവും, ദൈവികജനനത്തെക്കുറിച്ചുള്ള ആഴമായ ധാരണയും, അതോടൊപ്പം അത്യുന്നതന്റെ പുത്രനെ തന്റെ ഉദരത്തിൽ വഹിക്കാൻ പോകുന്നു എന്ന ദൈവദൂതന്റെ സന്ദേശത്തോടെ മാനുഷിക ഭാവത്തോടെ, സത്യസന്ധമായി അവൾ ചോദിക്കുകയാണ്. ഇതെങ്ങനെ സംഭവിക്കും. ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ?. എന്നാൽ ദൂതൻ അവന്റെ ദൂതിനെ ഉറപ്പിച്ചു. ''പരിശുദ്ധാത്മാവ് നിന്റെ മേൽവരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും'' എന്നു പറഞ്ഞുകൊണ്ട് എല്ലാം സാധ്യമാകുന്ന ദൈവത്തെ ഓർമ്മിപ്പിച്ചുകൊണ്ട് മറിയം ദൈവത്തിൽ വിശ്വാസം ഉറപ്പിക്കുകയാണ്. മറിയം ദൈവികപദ്ധതിയെ അന്ധമായി വിശ്വസിച്ചില്ല, അംഗീകരിച്ചില്ല. അവൾ മറ്റുള്ളവരിൽനിന്ന് വ്യത്യസ്ഥയായി വിശ്വാസത്തിന്റെ കണ്ണുകളിലൂടെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ക്ഷമയോടെ കാത്തിരിക്കുന്നു. വിഷമങ്ങൾക്കോ, വികാരങ്ങൾക്കോ, അവഹേളനങ്ങൾക്കോ അടിമപ്പെടാതെ ദൈവത്തിന്റെ സമയത്തിനായി അവൾ ക്ഷമയോടെ കാത്തിരുന്നു. ദൈവത്തിന്റെ സമ്മാനമായ ദൈവിക ജ്ഞാനത്തിനായി ദൈവഹിതത്തിന് സമർപ്പിച്ചു. മറിയം അവളുടെ ഉള്ളിലെ ദൈവത്തെ കണ്ടുമുട്ടുന്നതാണ് അവളുടെ ദൈവതിരുമുമ്പിലെ വിനയത്തിന്റെ ഫലം. മറിയം അങ്ങനെ പുതിയ ഉടമ്പടിയുടെ പേടകമായിപുതിയ ജറുസലേം ദൈവാലയമായിത്തീർന്നു. ദൈവത്തിന്റെ പുതിയ വാസസ്ഥലമായിത്തീർന്നു.

മറിയം ദൈവവാഹകയായി, അവളെ അന്വേഷിക്കുന്നവർക്ക്, കണ്ടുമുട്ടുന്നവർക്ക് ജീവൻ നല്കുന്നവളായി തീർന്നു. വാസ്തവത്തിൽ എന്തൊരു അനുഗ്രഹീതമായ ബന്ധമാണ് അവൾക്ക് അവളുടെ പുത്രനുമായുള്ളത്?. ഈ ശക്തമായ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നമ്മോടു പറയുന്നു: നാമും നമ്മുടെ ഹൃദയങ്ങളിൽ യേശുവിനെ സ്വീകരിക്കാൻ, മറിയത്തെപ്പോലെ ഓരോ ദിവസവും സ്വീകരിക്കാൻ, അവനെ നമ്മുടെ ഹൃദയങ്ങളിൽ, നമ്മിൽ വളരാൻ അനുവദിക്കാൻ പ്രത്യേകിച്ച് വി. കുർബാനയിൽ, അവന്റെ ജീവനുള്ള ശരീരവും രക്തവും സ്വീകരിക്കാൻ.

വചനിപ്പ് ഒരിക്കൽ മാത്രം നടന്ന സംഭവമല്ല. അത് ഓരോ ദിവസവും നടക്കുന്നു. നാം അവനെ നമ്മിലേക്ക് ക്ഷണിക്കുന്ന സ്വീകരിക്കുന്ന കുർബാനയായി തീരണം. വിശ്വാസത്തിന്റെ സമർപ്പണവും ആമ്മീൻ എന്ന പ്രതിധ്വനിയും നമ്മിൽ എപ്പോഴും നടക്കണം. മറിയം, നമ്മോടു പറയുന്നു എങ്ങനെയാണ് ദൈവത്തിന്റെ ക്ഷണത്തിന് നമ്മുടെ ജീവിതത്തിലൂടെ പ്രതികരിക്കേണ്ടതെന്നും, എപ്രകാരമാണ് ദൈവിക പദ്ധതിയ്ക്ക് നമ്മെതന്നെ വിനയപൂർവ്വം സമർപ്പിക്കേണ്ടതെന്നും, എങ്ങനെയാണ് നാം അവന്റെ ജീവിക്കുന്ന സക്രാരിയായി ജീവിക്കേണ്ടതെന്നും. മറിയം അവളുടെയും കുഞ്ഞിന്റെയും ജീവിതത്തെക്കുറിച്ച് ആകാംഷയോടെ ആകുലപ്പെടുന്നതിന് പകരം, തന്റെ ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിനും ക്ഷമയോടെ കാത്തിരിക്കുന്നതിനും തീരുമാനിച്ചു.

തന്റെ അമ്മയോടെന്നതുപോലെ ഓരോ ദിവസവും നമ്മോടടുക്കാൻ യേശു ആഗ്രഹിക്കുന്നു. മറിയത്തിന്റെ ഉള്ളിലും ഉദരത്തിലും വസിച്ച് അത്തരമൊരു ബന്ധം സ്ഥാപിച്ച മിശിഹാ, അവനെ നമ്മുടെ ഉള്ളിലും വഹിക്കാൻ ആവശ്യപ്പെടുന്നു. മറിയത്തെപ്പോലെ, ആഴമേറിയ വ്യക്തിത്വത്തിലേക്ക് അവനെ സ്വീകരിക്കാനും, അവിടെ വളരുവാൻ അനുവദിക്കുവാനും അവിടുന്ന് നമ്മെ ക്ഷണിയ്ക്കുന്നു. നമ്മുടെ ജീവിതത്തിലേക്കുള്ള ദൈവത്തിന്റെ ക്ഷണത്തിന് നിരന്തരം പ്രതികരിക്കേണ്ടതും അവന്റെ പദ്ധതിയിൽ താഴ്മയോടെ വിശ്വസിക്കേണ്ടതും എങ്ങനെയെന്ന് മറിയം അവളുടെ ജീവിതത്തിലൂടെ നമ്മെ കാണിച്ചുതരുന്നു. ഗബ്രിയേൽദൂതൻ നല്കിയ ദൈവവചനത്തോട് മറിയം എങ്ങനെ പ്രതികരിച്ചു? മനുഷ്യബുദ്ധിക്ക് അതീതമായിട്ടുള്ളതാണ് താൻ കേൾക്കുന്നതെന്ന് അവൾക്കറിയാം. ''ഞാൻ പുരുഷനെ അറിയില്ലല്ലോ'' എന്ന ചോദ്യം അവിശ്വാസത്തിൽനിന്നോ, സംശയത്തിൽനിന്നോ അല്ല മറിച്ച് അത്ഭുതമാണ്. അവൾ വചനം കേൾക്കുമ്പോൾ ഉടനെ വിശ്വാസത്തോടെ പ്രതികരിക്കുന്നു. ദിവ്യസന്ദേശത്തോടുള്ള മറിയത്തിന്റെ 'ഉവ്വ്' വിശ്വാസത്തിന്റെ മാതൃകയാണ്.

അസാധ്യമെന്ന് തോന്നുമ്പോഴും ദൈവത്തിന്റെ വാഗ്ദാനങ്ങൾ മറിയം വിശ്വസിച്ചു. ദൈവിക വാഗ്ദാനങ്ങൾ സത്യമാണെന്നും, നിറവേറുമെന്നും വിശ്വസിച്ചതിനാൽ അവൾ കൃപയിൽ നിറഞ്ഞു. ദൈവേഷ്ടം പ്രയാസകരമോ, ചെലവേറിയതോ ആണെന്ന് തോന്നിയാലും അത് നിവർത്തിക്കാൻ അവൾ സന്നദ്ധയായിരുന്നു. മറിയം ദൈവമാതാവാണ് കാരണം അവളുടെ ഗർഭപാത്രത്തിൽ മാംസം എടുക്കുമ്പോൾ ദൈവം അവതാരമാകുന്നു. നമ്മുടെ വിശ്വാസപ്രമാണത്തിൽ മഹനീയമായ വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ നാം നടത്തുന്നു. ''നമുക്കും നമ്മുടെ രക്ഷക്കുംവേണ്ടി വി. റൂഹായിൽനിന്നും വി. കന്യമറിയാമിൽനിന്നും ശരീരിയായിത്തീർന്നു''. ദൈവം നമ്മുക്ക് കൃപ നല്കുന്നു. മറിയത്തെപ്പോലെ, സത്യസന്ധതയോടും, അനുസരണത്തോടും, ആഴമായ വിശ്വാസത്തോടും നാം പ്രതികരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. ദൈവം കല്പിക്കുമ്പോൾ, പ്രതികരിക്കാനുള്ള സഹായവും ശക്തിയും മാർഗ്ഗവും അവൻ നല്കുന്നു. നമ്മുക്ക് ഒന്നുകിൽ അവന്റെ കൃപയ്ക്ക് വഴങ്ങുകയോ എതിർക്കുകയോ, സ്വന്തം വഴിതേടുകയോ ചെയ്യാം. എന്നാൽ നമ്മൾ ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ വിശ്വസിക്കുകയും അവന്റെ കൃപയ്ക്ക് വഴങ്ങുകയും ചെയ്യുന്നുണ്ടോ?

രക്ഷയുടെ പുതുയുഗം ആരംഭിക്കുന്നത് മറിയം തന്റെ ഉദരത്തിൽ യേശുവിനെ ഗർഭം ധരിച്ചതിലൂടെയാണ്. ദൈവപ്രീതി കണ്ടെത്തുന്ന മറിയത്തിന്റെമേൽ പരിശുദ്ധാത്മാവിന്റെ കൃപയാൽ ഈ കുഞ്ഞിന് ജന്മം നല്കുവാനും എല്ലാ മനുഷ്യരാശിയുടേയും മാതാവായി തീരുവാനും സാധിച്ചു. ■

# ആദ് ലിമിനാ വേളയിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ നടത്തിയ പ്രസംഗത്തിന്റെ ഹ്രസ്വരൂപം

എന്തെല്ലാം പ്രതിസന്ധികളിലൂടെ കടന്നു പോയാലും ഐക്യത്തിന്റെ സംഭാഷണവും, യേശു ലോകത്തിനു നൽകിയ കരുണയുടെ ശുശ്രൂഷകളും തുടരുകതന്നെ വേണമെന്ന് ഫ്രാൻസിസ് മാർപാപ്പ മലങ്കര സുറിയാനി കത്തോലിക്കാസഭാ മെത്രാൻസംഘത്തെ ഓർമിപ്പിച്ചു. സഭാ സുന്നഹദോസിലെ മെത്രാന്മാർ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ റോമിൽ നടത്തിയ ആദ് ലിമിന സന്ദർശനത്തോടനുബന്ധിച്ച് നടത്തിയ കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു മാർപ്പാപ്പാ. കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചു സുവിശേഷത്തിന്റെ പ്രഘോഷണം ധൈര്യപൂർവ്വം നടത്തുവാൻ മാർപാപ്പ ആഹ്വാനം ചെയ്തു. ഇന്ത്യക്കുവേണ്ടി പ്രാർത്ഥിക്കുന്നതായും മാർപാപ്പ പറഞ്ഞു. കൂടിക്കാഴ്ചവേളയിൽ കാതോലിക്കാബാവാ മാർപാപ്പായ്ക്ക് ഔദ്യോഗികമായി നന്ദി പറഞ്ഞു. സാർവത്രിക സഭാകൂട്ടായ്മയിലുള്ള അഭിമാനവും സന്തോഷവും ബാവാതിരുമേനി പ്രത്യേകം എടുത്തു പറഞ്ഞു. മലങ്കരയിലെ സുറിയാനിപൈതൃകമുള്ള സഭ, പത്രോസിന്റെ പിൻഗാമിയോട് പുലർത്തുന്ന ബന്ധവും വിധേയത്വവും ബാവാ തിരുമേനി പരാമർശിച്ചു. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിക്ക് ഒരുക്കമായിട്ടുള്ള, വരുന്ന പത്തു വർഷങ്ങളിലെ സഭാത്മകമായ മുന്നൊരുക്കങ്ങൾ കാതോലിക്കാബാവാ വിശദീകരിച്ചു. രണ്ടു മണിക്കൂർ നേരം നീണ്ടുനിന്ന കൂടിക്കാഴ്ചയിൽ മാർപാപ്പ മെത്രാന്മാരോട് തങ്ങളുടെ ഭദ്രാസനത്തിന്റെ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ വിശദമായ ചർച്ച നടത്തി. തുടർന്ന് ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായുടെ നേതൃത്വത്തിൽ മെത്രാന്മാർ വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി, സഭൈക്യത്തിനും മതാന്തര സംവാദത്തിനും വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലുകൾ, സുവിശേഷപ്രഘോഷണത്തിനുവേണ്ടിയുള്ള തിരുസംഘം, വിശുദ്ധരുടെ നാമകരണ നടപടികൾക്കുവേണ്ടിയുള്ള തിരുസംഘം എന്നിവ സന്ദർശിച്ചു. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വി. പത്രോസിന്റെ കബറിടത്തോട് ചേർന്നുള്ള ബലിപീഠത്തിൽ കാതോലിക്കാബാവായുടെ നേതൃത്വത്തിൽ മെത്രാന്മാർ വിശുദ്ധ കുർബാന അർപ്പിച്ചു. മാർപാപ്പയുടെ ഔദ്യോഗിക വസതിയായ വി. മാർത്തയുടെ ഭവനത്തിലെ ചാപ്പലിൽ ഫ്രാൻസിസ് മാർപാപ്പയോടൊപ്പം മെത്രാന്മാർ ബലിയർപ്പിച്ചു. മാതാവിന്റെ നാമത്തിലുള്ള മേജർ ബസിലിക്കയിലും ബലിയർപ്പിച്ചു. പൗരസ്ത്യ തിരുസംഘ കാര്യാലയവും, വി. പൗലോസിന്റെ കബറിടം സ്ഥിതി ചെയ്യുന്ന സെന്റ് പോൾ ബസിലിക്കയും സന്ദർശിച്ചു. കുരിശോടുകൂടിയ വലിയ നിലവിളക്ക് കാതോലിക്കാബാവാ മാർപാപ്പായ്ക്ക് സമ്മാനമായി നൽകി.







## ആദരാഞ്ജലികൾ....



### റവ. ഫാ. ജോർജ് തുണ്ടിയിൽ

തിരുവല്ല അതിഭദ്രാസനാംഗമായ ഫാ. ജോർജ് തുണ്ടിയിൽ (79) ഒക്ടോബർ 14-ാം തീയതി നിര്യാതനായി. മൃതസംസ്കാരം ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ പുളിക്കീഴ് സെന്റ് ജോർജ് മലങ്കര കത്തോലിക്കാപള്ളിയിൽ നടത്തി. തുണ്ടിയിൽ പരേതരായ ടി.ഐ. ഐപ്പ്-സാറാമ്മ ദമ്പതികളുടെ മകനാണ്. അമ്പാട്ടുഭാഗം, തച്ചമം, മുക്കൂർ, മുണ്ടുകുഴി, കുമളി, പാമ്പാടി, കാനം, ശാന്തിപുരം, പ്ലാങ്കമൺ, തേക്കുങ്കൽ, എരുമേലി, പീച്ചി, മാന്നാമംഗലം, കീച്ചാൽ, മാലം, ഇടത്തിക്കാവ്, മുക്കൂട്ടുതറ, വെളിയനാട്, കളമ്പൂർ, ആനിക്കാട്, നൂറോമ്മാവ്, കളമ്പാല, അമയന്നൂർ, തിരുവഞ്ചൂർ, അഞ്ചേരി, മീനടം, കറുകച്ചാൽ, മാന്നാർ ഈസ്റ്റ്, നെടുമ്പുറം, പെരിങ്ങര തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം ചെയ്ത തുണ്ടിയിലച്ചൻ അതിഭദ്രാസനത്തിലെ എം.സി.വൈ.എം., ലീജിയൻ ഓഫ് മേരി, വിൻസന്റ് ഡി പോൾ തുടങ്ങിയ സംഘടനകളുടെ ഡയറക്ടറായും പ്രവർത്തിച്ചിട്ടുണ്ട്.


## ആവശ്യമുണ്ട്

കമ്പ്യൂട്ടർ പരിജ്ഞാനമുള്ള വ്യക്തിയെ (Male) തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ ഓഫീസിലേക്ക് (Excel, Ms Office, Designing......) ആവശ്യമുണ്ട്.

**CONTACT : 9447968087**


## വചനവായനഗ്രന്ഥം (Lectionary)

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കാൻ, പരിഷ്ക്കരിച്ച് പുറത്തിറക്കിയ വചനവായനഗ്രന്ഥത്തിന്റെ (Lectionary) കോപ്പികൾ തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിലും, വിവിധ ഭദ്രാസനകേന്ദ്രങ്ങളിലും ലഭ്യമാണ്. മൂന്നു വാല്യങ്ങളായി (സുവിശേഷം, ലേഖനം, പഴയനിയമം) പുറത്തിറക്കിയിരിക്കുന്ന ഗ്രന്ഥത്തിൽ ആരാധനക്രമവത്സരത്തിലെ 7 കാലങ്ങളിലുള്ള ഞായറാഴ്ചകൾ, പെരുനാളുകൾ, ഹാശാ ആഴ്ച, വിശേഷദിവസങ്ങൾ എന്നിവയ്ക്കുള്ള വായനകളാണ് ചേർത്തിരിക്കുന്നത്.




## വിവാഹ ഒരുക്ക സെമിനാർ 2019

സ്ഥലം : ശാന്തിനിലയം, തിരുവല്ല
ഫോൺ : 0469 2603968, 9497462813, 9446270259

| | | | |
|---|---|---|---|
| നവംബർ | : | 5, 6, 7 | – 19, 20, 21 |
| ഡിസംബർ | : | 3, 4, 5 | – 17, 18, 19 |
| 2020 ജനുവരി | : | 7, 8, 9 | – 21, 22, 23 |
| 2020 ഫെബ്രുവരി | : | 4, 5, 6 | – 18, 19, 20 |

### നിർദ്ദേശങ്ങൾ

സെമിനാറിൽ പങ്കെടുക്കുന്നവർ 3 ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം. സെമിനാർ ചൊവ്വാഴ്ച രാവിലെ 8.30 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും സെമിനാറിൽ പൂർണമായി പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം. സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ 25-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള അനുസ്മരണസമ്മേളനം, കോട്ടൂരിലുള്ള എ.എം.ജി. സ്കൂളിൽ, മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ, ഡോ. അലക്സാണ്ടർ കാരയ്ക്കൽ, തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ, യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലിത്താ, ഫിലിപ്പോസ് മാർ സ്തേഫാനോസ് മെത്രാപ്പോലിത്താ, ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലിത്താ, ചെറിയാൻ രാമനാലിൽ കോർഎപ്പിസ്ക്കോപ്പാ, മദർ ലിറ്റിൽ ഫ്ളവർ എന്നിവർ സമീപം.



തിരുവല്ല കരിസ്മാറ്റിക് കൺവൻഷന്റെ ഉദ്ഘാടനം തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രൽ അങ്കണത്തിൽ ചങ്ങനാശ്ശേരി അതിഭദ്രാസന സഹായമെത്രാൻ മാർ തോമസ് തറയിൽ നിർവഹിക്കുന്നു. ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത, മോൺ. ചെറിയാൻ താഴമൺ, റൈറ്റ് റവ. ചെറിയാൻ രാമനാലിൽ കോർഎപ്പിസ്കോപ്പ, ഫാ. ഡോ. ഐസക് പറപ്പള്ളിൽ, ഫാ. മാത്യു പുനക്കുളം എന്നിവർ സമീപം.



## Matrimonial

### M - 297

മലങ്കര കത്തോലിക്ക യുവാവ്, തിരുവല്ല അതിഭദ്രാസനം, 31/164 cm, GNM Nurse (ഡയാലിസിസ് സ്പെഷ്യലിസ്റ്റ്), ഗോവ മണിപ്പാൽ ആശുപത്രിയിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact: 9961561265

### M - 298

മലങ്കര കത്തോലിക്ക യുവാവ്, വയസ്സ് 27, ബാംഗ്ലൂരിൽ ഐ.റ്റി. ഫീൽഡിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.

Contact: 9747059842

### M - 299

മലങ്കര കത്തോലിക്ക യുവാവ്, തിരുവല്ല അതിഭദ്രാസനം. 33 വയസ്സ്, മാത്തമാറ്റിക്സിൽ ബിരുദവും അന്തരീക്ഷ ശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും. തിരുവനന്തപുരത്ത് സർക്കാർ ആരോഗ്യ വകുപ്പിൽ (DHS) ക്ലർക്കായി ജോലി ചെയ്യുന്നു. താത്പര്യമുള്ള യുവതികളുടെ മാതാപിതാക്കളിൽനിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു.

ഫോൺ : 9605943379

### M - 300

30 വയസ്സ് പ്രായം, തിരുവല്ല അതിഭദ്രാസനത്തിലെ കട്ടപ്പന-മേരിഗിരി ഇടവകാംഗം, 5 അടി 10 ഇഞ്ച് പൊക്കം, സ്വന്തമായി ബിസിനസ് നടത്തുന്ന യുവാവിന് വധുവിനെ ആവശ്യമുണ്ട്.

ബന്ധപ്പെടേണ്ട നമ്പർ :
8589930269, 9961440837

## 2019 നവംബർ – പ്രധാനപ്പെട്ട ദിവസങ്ങൾ

01 - സകല വിശുദ്ധന്മാരുടെയും ഓർമ്മ

03 - കൂദോശ് ഈത്തോ ഞായർ (സഭയുടെ വിശുദ്ധീകരണം)
അഭി. പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ ഓർമ്മ (1998)
ആരാധനക്രമ വത്സരാരംഭം

10 - ഹൂദോസ് ഈത്തോ ഞായർ (സഭയുടെ നവീകരണം)

13 - അഭി. യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനിയുടെ നാമഹേതുക തിരുന്നാൾ

17 - സാമൂഹ്യ സമ്പർക്ക മാധ്യമദിനം

21 - വി. ദൈവമാതാവിന്റെ ദൈവാലയ പ്രവേശനം

**നവംബർ 03**

**ഓർമ്മ തിരുന്നാൾ (1998)**



**അഭി. പൗലോസ് മാർ പീലക്സിനോസ് തിരുമേനി**

**നവംബർ 13**

**നാമഹേതുക തിരുന്നാൾ**



**അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ**

# REMEMBRANCE - NOVEMBER



**Fr. K.M. Pathrose Karamel Koickel**
03 November 1992



**Fr. Thomas Kalekattil**
05 November 1947



**Msgr John Kachiramattam**
05 November 1958



**Fr. Paulose Thykattil**
06 November 1959



**Fr Alex Payyampallil**
12 November 1997



**Fr. Abraham Madathirampil**
14 November 1997



**Fr. George Purackal**
15 November 1975

**Fr. Mathew Vazhappally**
15 November 1975



**Fr. Thomas Angadiyil**
15 November 2017



**Fr. Koshy Elavatta**
20 November 1973



**Fr. Jacob Cheriamadom**
24 November 1989



**Fr. Thomas Neriamparampil**
28 November 1981



ഈ വർഷത്തെ ജലപ്രളയത്തിൽ ബത്തേരി ഭദ്രാസനത്തിന് തിരുവല്ല അതിഭദ്രാസനം എം.സി.എ. സമിതിയുടെ നേതൃത്വത്തിൽ സമാഹരിച്ച തുക (ഒരുലക്ഷം രൂപ) തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് പിതാവിന് എം.സി.എ. അതിഭദ്രാസന ജനറൽ സെക്രട്ടറി അനീഷ് വി. ചെറിയാൻ കൈമാറുന്നു. പ്രസിഡന്റ് ജോജി വി. വിഴലിൽ സമീപം.

## ഒന്നാം ചരമവാർഷികം



# സി.റ്റി. ബെർസിലി

**മാളിയേക്കൽ മണ്ണിൽ**

**തോട്ടഭാഗം, തിരുവല്ല**

ജനനം : 20.06.1927
മരണം : 06.10.2018



പ്രാർത്ഥനയോടെ
കുടുംബാംഗങ്ങൾ...

## 51-ാം വിവാഹ വാർഷികം



**ഏലമ്മ ഏബ്രഹാം**

**കെ.പി. ഏബ്രഹാം**
JUNIOR WARRANT OFFICER
INDIAN AIRFORCE (Rt)
HOD, Physical Education (Rt)
Sree. Rajahamsashrama Vidhya
Peedam H.S., Chambakara

കാരുവേലിൽ, ആനിക്കാട്

## 25th Wedding Anniversary



**GEORGE & SHERLY**
ANCHUPANACKAL, PARUMALA

# മാതാപിതാക്കളും മക്കളും അറിയാൻ

**ഗ്രന്ഥകർത്താവ് : ഫാ. ഡോ. തോമസ് കുഴിനാപ്പുറത്ത്**

**പുസ്തക അവലോകനം : സെബാസ്റ്റ്യൻ തൈശ്ശേരി (നോവലിസ്റ്റ്)**

എന്റെ ജന്മം സഫലമായി എന്നു പറയുവാൻ ഒരു വ്യക്തിക്ക് എപ്പോഴാണ് കഴിയുക? ഘടികാരനിർമ്മാതാവ് താൻ ചമച്ചെടുത്ത ഘടികാരം കൃത്യമായ് സമയം കാണിക്കുന്നു. തന്റെ നിർമ്മാണത്തിൽ പാളിച്ചകൾ പറ്റിയിട്ടില്ല എന്ന് ആ നിർമ്മാതാവിന് തോന്നുമ്പോൾ അയാൾ സ്വയം പറയുന്നു എന്റെ ജന്മം സഫലമായി. പിയെത്താ എന്ന ശില്പം വിശ്വപ്രസിദ്ധി കൈവരിച്ചപ്പോൾ അതിന്റെ ശില്പിയായ മൈക്കിൾ ആഞ്ചലോ സ്വയം ആശ്വസിച്ചു എന്റെ ജന്മം സഫലമായി. മനുഷ്യന് ഒരിക്കലും സ്വപ്നത്തിൽപ്പോലും വിചാരിക്കാൻ കഴിയാത്ത ഒരു കാര്യമായിരുന്നു മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങുമെന്നുള്ളത്. പക്ഷെ 1961 മെയ് മാസത്തിൽ അന്നത്തെ അമേരിക്കൻ പ്രസിഡണ്ട് ജോൺ എഫ്. കെന്നടി പ്രഖ്യാപിച്ചു മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങുമെന്ന്. ഇന്നേക്ക് അമ്പതു വർഷം മുമ്പ് 1969 ജൂലൈ 21 ന് മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തി. അങ്ങനെ പ്രസിഡണ്ട് ജോൺ എഫ്. കെന്നടിയുടെ ജന്മം സഫലമായി. ദൈവം മനുഷ്യന് ജന്മം കൊടുക്കുന്നത് ഓരോ ദൗത്യ നിർവഹണത്തിനായിട്ടാണ്. അത് ഓരോ മനുഷ്യനിലും വ്യത്യസ്ഥമായിരിക്കും. ദൗത്യം എന്തു തന്നെയായാലും അതു പൂർത്തീകരിച്ചാൽ മാത്രമേ ജന്മം സഫലമാകൂ. ഈ പരമസത്യം ഉൾക്കൊണ്ടുവേണം ഡോ. കുഴിനാപ്പുറത്തച്ചൻ എഴുതിയ 'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന ഗ്രന്ഥം വായനയ്ക്കായി കയ്യിലെടുക്കുവാൻ. സാഹിത്യനിപുണനായ ബഹുമാനപ്പെട്ട ഡോ. കുഴിനാപ്പുറത്തച്ചന്റെ കൃതികൾ ഇതിനു മുമ്പും ഞാൻ വായിച്ചിട്ടുണ്ട്. അവയെല്ലാം തന്നെ ചിന്താമേദുരങ്ങളും വിജ്ഞാനപ്രദവുമായിരുന്നു. അതിനേക്കാളേറെ ഉന്നതനിലവാരം പുലർത്തുന്നതാണ് 'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന ഈ പുസ്തകം എന്നു പറയുവാൻ എനിക്ക് ഒട്ടുംതന്നെ ആശങ്കയില്ല.

സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ഘടകമാണ് കുടുംബം. കുടുംബം മൂല്യബോധമുള്ളതാകുമ്പോൾ സമൂഹം ഐശ്വര്യപൂർണ്ണമാകും. ഇങ്ങനെ ഐശ്വര്യസമ്പൂർണ്ണമായ സമൂഹങ്ങളടങ്ങിയ ഘടകങ്ങളാണ് സമാധാനവും ശാന്തിയും നിറഞ്ഞ ലോകത്തിന്റെ സംവിധായകർ. അതുകൊണ്ടാണ് കുടുംബം ഒരു ദൈവികസ്ഥാപനമാണെന്ന് കണക്കാക്കപ്പെടുന്നത്. ഒരു കുടുംബം സന്തുഷ്ടമാക്കുന്നതിൽ മാതാപിതാക്കൾക്കുള്ള പങ്ക് വളരെ വലുതാണ്. കുടുംബത്തിലെ അംഗങ്ങൾ എന്നു പറയുന്നത് മാതാ



പിതാക്കളും മക്കളും, മരുമക്കളും, കൊച്ചുമക്കളും ചിലപ്പോൾ കൊച്ചുമക്കളുടെ മക്കളുമാണല്ലോ. അത് മനോഹരമായ ഒരു കൂട്ടായ്മയാണ്. മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിന് ഈ കുടുംബസംവിധാനം അത്യന്താപേക്ഷിതമാണ്. വിശ്വാസരാഹിത്യവും ഭൗതിക താല്പര്യങ്ങളും വർദ്ധിച്ചുവരുന്ന ഈ ആധുനിക ലോകത്തിൽ കുടുംബപരിപാലനം ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ നേരിടാൻ പ്രാപ്തമാക്കുന്ന ഒരു കൈത്താങ്ങാണ് ബഹുമാനപ്പെട്ട ഡോ. കുഴിനാപ്പുറത്തച്ചന്റെ 'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന ഈ പുസ്തകം.

മോറാൻ മോർ ബസ്സേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ അനുഗ്രഹാശംസ, ജസ്റ്റിസ് ജെ.ബി. കോശി അവർകളുടെ അവതാരിക, ഡോ. ജെയിംസ് വടക്കുംചേരിയുടെ ആമുഖപഠനം എന്നിവ കൂടാതെ പതിനേഴ് പ്രൗഢ ലേഖനങ്ങളും അടങ്ങുന്നതാണ് 'മാതാപിതാക്കളും മക്കളും അറിയാൻ' എന്ന പുസ്തകം. ലേഖനകർത്താക്കൾ എല്ലാവരുംതന്നെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മഹാരഥന്മാരാണ്. അതുകൊണ്ട് ലേഖനങ്ങളെ വിലയിരുത്തുക എന്ന മൂഢശ്രമത്തിന് ഞാൻ തുനിയുന്നില്ല. ലോകത്തിൽ സുവിശേഷദൗത്യം നിർവഹിക്കാൻ ഉത്തരവാദപ്പെട്ട ആദ്യ ഘടകം കുടുംബമാണ്. അഭിവന്ദ്യ തിരുമേനി അർദ്ധശങ്കക്കിടയില്ലാത്തവിധം തന്റെ അനുഗ്രഹാശംസയിൽ അത് പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യജീവന്റെ മൂല്യം, ശൈശവം, ബാല്യം, കൗമാരം, യൗവനം എന്നീ ജീവിതദശകളിലൂടെ ഓരോരുത്തരും അതിജീവിക്കേണ്ട വെല്ലുവിളികൾ എന്നിവയെക്കുറിച്ച് ആധികാരികമായി പഠിപ്പിക്കാൻ ഉതകുന്നതാകും ഈ പുസ്തകം എന്ന് കർദ്ദിനാൾ തിരുമേനി അഭിപ്രായപ്പെട്ടത് ഒരു തികഞ്ഞ സത്യമാണ്. ഈ പുസ്തകത്തിന്റെ അവതാരികയിൽ ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി ഏതാനും വിലപ്പെട്ട അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഹൈക്കോടതി ജഡ്ജിയായും, കേരളസംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് ചെയർമാനായും, മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായും സ്തുത്യർഹമായവിധം സേവനം ചെയ്തിട്ടുള്ള ഒരു മാന്യ വ്യക്തിയാണ്. കുട്ടികൾ മുഖേന നട

ത്തുന്ന കുറ്റകൃത്യങ്ങളും, മയക്കുമരുന്നിന് അടിമകളായ കുട്ടികളുടെ നടപടികളും കൈകാര്യം ചെയ്തിട്ടുണ്ട്. അപ്പോൾ അദ്ദേഹത്തിന് ഒരു കാര്യം മനസ്സിലായി. ഇവരുടെ മാതാപിതാക്കൾ നല്ല കുടുംബജീവിതം നയിക്കാത്തവരാണ്. അവരുടെ മാതാപിതാക്കൾ തമ്മിൽ കലഹമാണ്. സമാധാനമില്ല. പരസ്പരം സ്നേഹമില്ല. വീട്ടിൽ പ്രാർത്ഥനയുടെ അന്തരീക്ഷം ഒട്ടും തന്നെയില്ല. ബഹുമാനപ്പെട്ട കുഴിനാപ്പുറത്തച്ചൻ ഈ പുസ്തകം വളരെക്കാലം മുമ്പേ എഴുതേണ്ടതായിരുന്നു. എങ്കിൽ തനിക്കും കേസ്സുകൾ നിർണ്ണയിക്കുന്ന കാര്യത്തിൽ യുക്തമായ തീരുമാനമെടുക്കാൻ ഉപകരിക്കുമായിരുന്നു എന്ന് ജസ്റ്റിസ് ജെ.ബി. കോശി അവർകൾ വിഷമപൂർവ്വം അഭിപ്രായപ്പെട്ടിരിക്കുന്നതിലൂടെ വിലപ്പെട്ട ഒരു സത്യം തുറന്നുകാട്ടുകയാണ് ചെയ്തിരിക്കുന്നത്.

അറിവുകൊണ്ടും അനുഭവജ്ഞാനംകൊണ്ടും ജനങ്ങൾക്കിടയിൽ ഉന്നതസ്ഥാനം കണ്ടെത്തിയിട്ടുള്ള അതികായന്മാരാണ് ഈ ഗ്രന്ഥത്തിലെ ലേഖനകർത്താക്കൾ എല്ലാവരുംതന്നെ. ആമുഖപഠനമെന്ന ശീർഷകത്തിൽ ഡോ. ജെയിംസ് വടക്കുംചേരി എഴുതിയിരിക്കുന്ന ലേഖനം ഈ പുസ്തകത്തിന്റെ തിലകക്കുറിയാണെന്ന് വിശേഷിപ്പിക്കാനാണ് എനിക്കു തോന്നുന്നത്. പുസ്തകത്തിലെ ഓരോ ലേഖനങ്ങളും അദ്ദേഹം വിലയിരുത്തിയിട്ടുണ്ട്. ആത്മവിശ്വാസത്തിന്റെ ഉറവിടം നാംതന്നെ. ആത്മവിശ്വാസത്തിന്റെ ആരംഭവും നമ്മിൽനിന്നുതന്നെ എന്ന വിശ്വാസ സത്യത്തിലേക്കാണ് ഇതിലെ ലേഖനങ്ങൾ നമ്മെ കൊണ്ടെത്തിക്കുന്നത്. കുടുംബം – യാഥാർത്ഥ്യങ്ങളും വെല്ലുവിളികളും; മനുഷ്യനു വേണ്ടി ഒരു ധർമ്മസമരം; പാളം തെറ്റുന്ന കൗമാരം; മൂല്യാധിഷ്ഠിത വിദ്യാഭ്യാസം–സ്വഭാവവും പ്രസക്തിയും; ആത്മവിശ്വാസം, കഠിനാധ്വാനം കുട്ടികളിൽ എന്നിങ്ങനെ പ്രൗഢമായ അഞ്ചുലേഖനങ്ങളാണ് ബഹുമാനപ്പെട്ട കുഴിനാപ്പുറത്തച്ചൻ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തീയഭവനം, ഒരു ആദ്ധ്യാത്മിക വിചിന്തനം എന്ന ഡോ. മാത്യു പഴമാലിയുടെ ലേഖനം ഇഴയടുപ്പമുള്ള ഒരു മാതൃകാകുടുംബത്തിന്റെ സാക്ഷ്യപത്രമായി പരിഗണിക്കാവുന്നതാണ്. കുട്ടികളുടെ വളർച്ചയും ശിക്ഷണവും; മാതാപിതാക്കളുടെ പങ്ക്; കൗമാരവും യുവത്വവും – വെല്ലുവിളികളും സാധ്യതകളും; വായന കുടുംബങ്ങളിൽ; എന്നിങ്ങനെ മൂന്നു ലേഖനങ്ങളാണ് ഡോ. എം. വി. തോമസ് ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നത്. ദൈവികദാനങ്ങളായ കുഞ്ഞുങ്ങളെ ദൈവോന്മുഖമായി വളർത്താനുള്ള രക്ഷാകർത്താക്കളുടെ ബാധ്യത സമൂഹത്തിന്റെ വാതിൽപ്പുറങ്ങളിൽ നിസ്സംഗതയോടെ കഴിഞ്ഞു കൂടുന്ന ചില മാതാപിതാക്കൾക്കെങ്കിലും ചൂണ്ടുപലകയാകാം. അതാണ് ഡോ. എം. വി. തോമസ്സിന്റെ ലേഖനങ്ങളുടെ പിഴിഞ്ഞെടുത്ത സത്ത. 'കുട്ടികളെ കലാലയങ്ങളിലേക്ക് അയയ്ക്കുമ്പോൾ'– എന്ന ശ്രീമതി ഓമന സതീഷിന്റെ ലേഖനം, വായനയിൽക്കൂടി മാത്രമേ ഭാവന വികസിക്കുകയുള്ളൂ എന്നും പ്രതിഭ ഉണരുകയുള്ളൂ എന്നുമുള്ള സത്യത്തെ അരക്കിട്ടുറപ്പിക്കുകയാണ് ചെയ്യുന്നത്. പ്രത്യാശയുടെ ഒരു ചെറുകിരണം ഈ ലേഖനത്തിൽ നിവേശിപ്പിച്ചിരിക്കുന്നത് അത്യന്തം സന്തോഷപ്രദമാണ്. വിദ്യാഭ്യാസം – ഇന്നത്തെ കുടുംബ–കലാലയ പശ്ചാത്തലങ്ങളിൽ എന്ന ഡോ. ആൻസി ജയരാജന്റെയും; കുടുംബാരോഗ്യം – ഡോ. എ. ജോസഫ് ജിനുജിൻസ്, അഞ്ജലി അനിൽകുമാർ എന്നിവരുടെയും ലേഖനങ്ങൾ തികച്ചും കാര്യമാത്രപ്രസക്തവും വിജ്ഞാനപ്രദവുമാണ്. കൃഷിയും കുടുംബവും – എന്ന ഡോ. രഞ്ജൻ ബി. യുടെ ലേഖനം മനുഷ്യസമൂഹത്തിന്റെ വികസന താളങ്ങളോട് കൃഷിയും കൃഷിയിടങ്ങളും എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്ന സത്യം വിളിച്ചോതുന്നവയാണ്.

'കുടുംബങ്ങളിൽ വളരേണ്ട മാധ്യമസംസ്കാരം' – എന്ന ഡോ. ജിബി ഗീവർഗീസ് തോക്കാട്ടിലിന്റെ പ്രബന്ധം സാങ്കേതികവിദ്യയുടെയും, വാർത്താവിനിമയത്തിന്റെയും മേഖലകളിൽ വന്ന മാറ്റത്തെ പ്രതിപാദിക്കുന്നു. ദൈവവിളി ക്രിസ്തീയഭവനങ്ങളിൽ എന്ന ഫാദർ ജോസ് കുന്നിൽ അവർകളുടെ ലേഖനം നല്ല മാതാപിതാക്കളിൽനിന്നും നല്ല കുടുംബങ്ങൾ രൂപപ്പെടുന്നു എന്ന സത്യത്തെ വെളിപ്പെടുത്തുന്നതാണ്. കുടുംബമനഃശാസ്ത്രം – എന്ന ശീർഷകത്തിൽ ശ്രീമതി എസ്.എൻ. കസ്തൂരി എഴുതിയ ലേഖനം ഫാമിലി സൈക്കോളജി എന്ന സങ്കീർണ്ണമായ ശാസ്ത്രത്തെ പ്രതിപാദിക്കുന്നു. വ്യക്തിഗത കൗൺസിലിങ്ങും, ഫാമിലി കൗൺസിലിങ്ങും പ്രൊഫ. പി.കെ.എ. റഷീദിന്റെ ലേഖനമാണ്. കുടുംബാന്തരീക്ഷത്തിൽ ശാന്തിയും സമാധാനവും നിലനിർത്തുന്നതിന് മാനസികവും ശാരീരികവുമായ ആരോഗ്യം അനിവാര്യമാണ്. ആ വസ്തുതയാണ് ലേഖകൻ ഈ പുറങ്ങളിൽ വിദഗ്ധമായി അവതരിപ്പിച്ചിരിക്കുന്നത്. പ്രായോഗിക പരിജ്ഞാനവും പ്രേഷിതാനുഭവങ്ങളുംകൊണ്ട് ബഹുമാനപ്പെട്ട കുഴിനാപ്പുറത്തച്ചനും പ്രഗത്ഭരായ മറ്റെഴുത്തുകാരും ചേർന്ന് തയ്യാറാക്കിയ ഈ ഗ്രന്ഥം എല്ലാംകൊണ്ടും ഈടുറ്റതാണ്, ചിന്താമേദുരമാണ്, വിജ്ഞാനപ്രദമാണ്. ഇനിയും ധാരാളം ഗ്രന്ഥങ്ങൾ ബഹുമാനപ്പെട്ട കുഴിനാപ്പുറത്തച്ചന്റെ തൂലികത്തുമ്പിൽനിന്നും പിറവിയെടുക്കട്ടെയെന്നും അവയെല്ലാം കൈരളിയ്ക്ക് കണ്ഠാഭരണമായിത്തീരട്ടെയെന്നും ആശംസിക്കുന്നു. ■

## ഒക്ടോബർ 8, 9 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന
## മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
## ദ്വിതീയ അസംബ്ലിയുടെ ദൃശ്യങ്ങൾ









Date of Publication : 01.11.2019
Prince : ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I 35982/80
November 2019




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parapallil